Printed by the Superintendent of Government Presses
at the Government Press, Mannanthala
Thiruvananthapuram-2024


THE CONSTITUTION OF INDIA

PREAMBLE

WE, THE PEOPLE OF INDIA,
having solemnly resolved to constitute India into a
SOVEREIGN SOCIALIST
SECULAR DEMOCRATIC REPUBLIC
and to secure to all its citizens:
JUSTICE, social, economic and political;
LIBERTY of thought, expression,
belief, faith and worship;
EQUALITY of status and of opportunity;
and to promote among them all
FRATERNITY assuring the dignity of the
individual and the unity and
integrity of the Nation;
IN OUR CONSTITUENT ASSEMBLY
this twenty-sixth day of November, 1949, do
HEREBY ADOPT, ENACT AND GIVE TO
OURSELVES THIS CONSTITUTION.

കേരളസർക്കാർ

# ബജറ്റ് പ്രസംഗം 2024-2025

**കെ. എൻ. ബാലഗോപാൽ**
ധനകാര്യമന്ത്രി



2024 ഫെബ്രുവരി 5

# കേരള സർക്കാർ

## ബജറ്റ് പ്രസംഗം

## 2024-25

കെ.എൻ.ബാലഗോപാൽ

ധനകാര്യ മന്ത്രി

2024 ഫെബ്രുവരി 5

| | | പേജ് നമ്പർ |
|---|---|---|
| **ഭാഗം I** | - | 1 |
| ആമുഖം | - | 1 |
| വിഴിഞ്ഞം തുറമുഖം : ഭാവിയുടെ വികസന കവാടം | - | 9 |
| **ഭാഗം II** | | 28 |
| സ്വകാര്യ വ്യവസായ പാർക്കുകൾ | - | 32 |
| കേരള സ്റ്റാർട്ടപ്പ് മിഷൻ | - | 33 |
| വികസന സൗകര്യങ്ങൾക്കായി തദ്ദേശ ഗവൺമെന്റുകൾക്ക് പ്രത്യേക പദ്ധതി | - | 37 |
| കെയർ എക്കണോമി | - | 38 |
| ഉന്നതവിദ്യാഭ്യാസ മേഖല | - | 39 |
| ചെറുകിട വ്യാപാര മേഖല | - | 43 |
| കായിക സമ്പദ് വ്യവസ്ഥ | - | 44 |
| **ഭാഗം III** | - | 44 |
| കൃഷി | - | 44 |
| മത്സ്യബന്ധനം | - | 49 |
| ഗ്രാമവികസനം | - | 57 |
| സഹകരണം | - | 66 |

| | | |
|---|---|---|
| വൻകിട ഇടത്തര ജലസേചനം | - | 68 |
| വ്യവസായവും ധാതുക്കളും | - | 74 |
| വിവരസാങ്കേതികം | - | 84 |
| ഗതാഗതവും വാർത്താവിനിമയവും | - | 88 |
| വിനോദ സഞ്ചാരം | - | 95 |
| ശാസ്ത്ര സേവനങ്ങളും ഗവേഷണവും | - | 98 |
| പൊതു വിദ്യാഭ്യാസം | - | 99 |
| വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും | - | 110 |
| ശുദ്ധജല വിതരണവും മലിനജല നിവാരണവും | - | 118 |
| തൊഴിലും തൊഴിലാളി ക്ഷേമവും | - | 121 |
| നോർക്ക | - | 123 |
| പട്ടികജാതി വികസനം | - | 124 |
| പട്ടികവർഗ്ഗ വികസനം | - | 128 |
| സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | - | 135 |
| ധനകാര്യ വകുപ്പ് | - | 143 |
| നവകേരള സദസ്സ് | - | 158 |

ഭാഗം IV

| | | |
|---|---|---|
| വിഭവസമാഹരണം | - | 159 |
| ഉപസംഹാരം | - | 176 |

# ഭാഗം – I

# ആമുഖം

1. **സർ, കേരളത്തിന്റെ സമ്പദ്ഘടന ഒരു സൂര്യോദയ (Sunrise) സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നു എന്ന ഏറെ പ്രസക്തമായ നിരീക്ഷണം പങ്കുവച്ചുകൊണ്ടാണ് 2024-25ലേക്കുള്ള ബജറ്റ് പ്രസംഗം ആരംഭിക്കുന്നത്.** ശാസ്ത്ര സാങ്കേതിക പുരോഗതിയുടെയും ഡിമാന്റിന്റെ ചലനാത്മകതയുടെയും ഉൽപ്പാദന വളർച്ചയുടെയും മുൻനിരയിൽ നിൽക്കുന്ന വികസനത്തുറകളെയാണ് സൂര്യോദയ (Sunrise) മേഖലകൾ എന്ന് വിശേഷിപ്പിക്കാറുള്ളത്. സൂര്യാസ്തമയ മേഖലകളാകട്ടെ (Sunset) ഡിമാന്റ് കുറയുന്നതും കാലഹരണപ്പെട്ട സാങ്കേതികവിദ്യകൾ അടയാളപ്പെടുത്തുന്നതുമായ മേഖലകളാണ്. സൂര്യാസ്തമയ രംഗങ്ങളിൽ നിന്നും സൂര്യോദയ മേഖലകളിലേക്കുള്ള മാറ്റത്തെ നിതാന്ത ജാഗ്രതയോടെ പ്രോത്സാഹിപ്പിച്ചുകൊണ്ടല്ലാതെ ഇന്നത്തെ കാലത്ത് ഒരു സമൂഹത്തിനും മുന്നോട്ടുപോകാനാകില്ല. നിരന്തര സ്വയം നവീകരണ ത്തിന്റെ ഈ പ്രക്രിയയിൽ കേരളത്തിന്റെ സ്ഥാനം ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ മുൻനിരയിലാണ്. കേരളത്തെ മുടിഞ്ഞുപോയ നാടെന്ന് ചിത്രീകരിക്കുന്ന കേരള വിരുദ്ധരെ അഗാധമായി നിരാശപ്പെടുത്തുന്ന നേട്ടങ്ങളാണ് ഈ നാട് കൈവരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേക്ക് വരാം. സർക്കാരിന്റെ

വികസന ധനകാര്യ സമീപനം വ്യക്തമാക്കാൻ ചില കാര്യങ്ങൾ ആമുഖമായി സൂചിപ്പിക്കേണ്ടതുണ്ട്.

2. കേരള വികസന മാതൃക അറിയപ്പെടുന്നത് മതനിരപേക്ഷതയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സാമൂഹ്യ നീതിയുടെയും ജനങ്ങളുടെ ഉയർന്ന ജീവിത ഗുണനിലവാരത്തിന്റെയും പേരിലാണ്. എന്നാൽ കേരള മാതൃകയുടെ തുടർച്ചാ സാധ്യതയെക്കുറിച്ച് തുടക്കം മുതൽ തന്നെ സംശയം ഉയർന്നിരുന്നു. ആഭ്യന്തര ഉത്പാദന ഘടനയുടെ പിന്നാക്കാവസ്ഥയും താഴ്ന്ന വളർച്ചാനിരക്കുമായിരുന്നു ഈ ആശങ്കയ്ക്ക് കാരണം. എന്നാൽ 1980-കളുടെ അവസാനത്തോടെ ആഭ്യന്തര ഉൽപ്പാദന വളർച്ച മെച്ചപ്പെട്ടതോടെ കേരള വികസന മാതൃകയുടെ തുടർച്ചാ സാധ്യത സംബന്ധിച്ച സന്ദേഹം അവസാനിച്ചു. പിന്നീടുള്ള കാലത്ത് കേരള മാതൃകയുടെ വിഖ്യാതമായ നേട്ടങ്ങളെ കൂടുതൽ ബലപ്പെടുത്താൻ നമുക്ക് കഴിഞ്ഞു. മാനവ വികസന സൂചിക (HDI), സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG), ദാരിദ്ര്യ നിർമ്മാർജ്ജനം, ആളോഹരി വരുമാനം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ കേരളം മുന്നിലാണ്. ലീഡ് നിലനിർത്തിയും ഉയർത്തിയും കേരളം മുന്നേറുകയാണ് എന്ന് പറയാം. എല്ലാ കേരളീയർക്കും അഭിമാനിക്കാവുന്ന ഈ നേട്ടങ്ങൾ തുടരുമ്പോഴും സംസ്ഥാനത്തിന്റെ സമ്പദ് ഘടനയുടെ ബലഹീനതകളെക്കുറിച്ചുള്ള ആശങ്ക പിന്നെയും തുടർന്നിരുന്നു. ആഭ്യന്തര ഉൽപ്പാദന ഘടനയുടെ പിന്നാക്കാവസ്ഥയും പശ്ചാത്തല സൗകര്യങ്ങളുടെ

വികസനത്തിലെ മെല്ലെപ്പോക്കുമായിരുന്നു ആശങ്കയുടെ അടിസ്ഥാനം. പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിന്റെ കാര്യത്തിൽ നാം പിറകിലായിപ്പോയി. വ്യവസായത്തിലും കൃഷിയിലും വേണ്ടത്ര നവീകരണമുണ്ടായില്ല. വിജ്ഞാനോൽപ്പാദനത്തിലും വ്യാപനത്തിലും വേണ്ടത്ര ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.

3. ഈ പോരായ്മകൾ കൂടി പരിഹരിക്കാൻ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തുടങ്ങിയതും ഇപ്പോഴും തുടരുന്നതുമായ ഭഗീരഥ പ്രയത്നം ഫലം തന്നു തുടങ്ങിയിരിക്കുന്നു എന്നതാണ് എടുത്തുപറയേണ്ട കാര്യം. പശ്ചാത്തല സൗകര്യങ്ങളുടെ മേഖലയിൽ വിപ്ലവകരമായ മുന്നേറ്റം സംഭവിക്കുന്നു എന്നത് മാത്രമല്ല കാണേണ്ടത്. വിജ്ഞാന സമ്പദ്ഘടനയ്ക്കും പശ്ചാത്തല മേഖലയ്ക്കും നൽകിയ ഊന്നൽ സൂര്യോദയ മേഖലകളുടെ അഭൂതപൂർവ്വമായ വികസനത്തിനും സമ്പദ് ഘടനയുടെ വേഗത്തിലുള്ള നവീകരണത്തിനും വഴിവെയ്ക്കുന്നു എന്നതാണ് പ്രതീക്ഷ നൽകുന്ന കാര്യം.

4. **സർ, 8 വർഷം മുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളം. നമ്മുടെ സംസ്ഥാനം അതിവേഗം നവീകരിക്കപ്പെടുകയാണ്. അതിനായുള്ള ബഹുമുഖ ബൃഹദ് പരിപാടികളാണ് ഈ ബജറ്റിലൂടെ മുന്നോട്ടുവെയ്ക്കുന്നത്.**

5. കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉപരോധത്തിലേക്ക് സംസ്ഥാനത്തെ തള്ളിവിടുകയാണ്. കേന്ദ്രത്തിന്റെ സമീപനത്തിൽ

പരിതപിച്ച് കയ്യുംകെട്ടി നോക്കിനിൽക്കാനല്ല കേരളം തയ്യാറാവേണ്ടത്. പകരം 'തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാവില്ല കേരളത്തെ' എന്ന ശക്തമായ വികാരത്തോട് കൂടി നമുക്ക് മുന്നേറാൻ കഴിയണം. നമ്മുടെ നേട്ടങ്ങളെയും പുരോഗതികളെയും മുന്നോട്ട് കൊണ്ടുപോകാനും നവകേരളം സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങളിൽ കേരളീയരെയാകെ ഒറ്റ മനസ്സോടെ അണിനിരത്തുന്നതിന് സർക്കാർ നേതൃത്വം നൽകും. നിയമപരമായും ഭരണഘടനാപരമായും അർഹമായ മുഴുവൻ അവകാശങ്ങളും സഹകരണ ഫെഡറലിസ ത്തിലൂന്നി നിന്നുകൊണ്ടുള്ള ശക്തമായ പ്രവർത്തന ത്തിലൂടെ നമുക്ക് നേടിയെടുക്കേണ്ടതുണ്ട്.

6. കേന്ദ്ര സർക്കാരിൽ നിന്നും ന്യായം ലഭിക്കുന്നതുവരെ കാത്തിരിക്കാനല്ല, മറിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിച്ച് പൊതു-സ്വകാര്യ മൂലധന നിക്ഷേപം ശക്തിപ്പെടുത്തി, പദ്ധതികൾ അതിവേഗം നടപ്പിലാക്കാനാണ് സർക്കാർ പരിശ്രമി ക്കുക. ഇതുവരെ ചെയ്തുവന്നിരുന്ന മാതൃകകളും രീതികളും ശക്തിപ്പെടുത്തുന്നതോടൊപ്പം വ്യത്യസ്തമായതും വേഗത യേറിയതുമായ Out of the Box പദ്ധതി മാതൃകകൾ സ്വീകരിക്കും. ചുരുങ്ങിയ കാലത്തിനുള്ളിൽ പൂർത്തി യാക്കാവുന്നതും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നതു മായ മേഖലകൾ, ഇടക്കാല- ദീർഘകാല പദ്ധതികൾ എന്നിങ്ങനെയുള്ളവ രൂപപ്പെടുത്തി പ്രവർത്തനം നടപ്പിലാക്കാനാണ് ആലോചിക്കുന്നത്.

7. അടുത്ത മൂന്ന് വർഷക്കാലയളവിനുള്ളിൽ കുറഞ്ഞത് 3 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിനുള്ള പ്രവർത്തന പരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്. വേഗത്തിൽ പൂർത്തിയാക്കാൻ കഴിയുന്ന ടൂറിസം മേഖലയിലെ പദ്ധതികൾ, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട അനുബന്ധ വികസന പരിപാടികൾ, കൊച്ചി തുറമുഖവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ, കൊച്ചിയിലും പാലക്കാടും കണ്ണൂരും സ്ഥലമേറ്റെടുത്തിട്ടുള്ള വ്യവസായ ഇടനാഴികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഐ.ടി -ഐ.ടി അധിഷ്ഠിത മേഖല (ITES) യുടെ വികസനം എന്നിവയ്ക്ക് പ്രോത്സാഹനം നൽകും. വിദ്യാഭ്യാസ രംഗത്ത് മൂലധന നിക്ഷേപം ആകർഷിക്കുന്ന പദ്ധതികൾ ആരംഭിക്കും. സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ഉൾപ്പെടെ ചേർന്ന് പഠിക്കാവുന്ന നിയമ പരിഷ്കാരങ്ങൾ വരുത്തും.

8. ആരോഗ്യ രംഗത്ത് വിദേശത്തുനിന്നുൾപ്പടെയുള്ള രോഗികൾക്ക് വന്ന് ചികിത്സിക്കാൻ കഴിയുന്ന പ്രത്യേക സൗകര്യം സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉൾപ്പടെ ഏർപ്പെടുത്തും. മെഡിക്കൽ ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിനുള്ള പദ്ധതികൾ വേഗത്തിൽ വികസിപ്പിക്കും. കാർഷിക മേഖലയിലെ തുണ്ട് ഭൂമികൾ ഒരുമിച്ച് ചേർത്ത് ലാഭകരമായി കൃഷി ചെയ്യാൻ പറ്റുന്ന വിളകളും പദ്ധതികളും പ്രോത്സാഹിപ്പിക്കും. ഇതിന് നിയമപരവും നയപരവുമായ പിന്തുണ ഉറപ്പുവരുത്തും.

9. കേരളത്തിലെ ചെറു പട്ടണങ്ങളിലൂൾപ്പെടെ വ്യാപിച്ചു വളരുന്ന പുതുതലമുറ വ്യവസായങ്ങളെയും സ്റ്റാർട്ടപ്പു കളെയും വർക്ക് നിയർ ഹോം സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് മൂലധന സബ്സിഡിയും പലിശ സബ്സിഡിയും ഉൾപ്പടെയുള്ള പദ്ധതികൾ നടപ്പിലാക്കും.

10. പൊതുമേഖലാ നിക്ഷേപം, മൂലധന പങ്കാളിത്തം, സബ്സിഡി സ്കീമുകൾ, സംയുക്ത പദ്ധതികൾ, സിയാൽ മോഡൽ കമ്പനികൾ, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (InvIT), റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (REIT), ഹൈബ്രിഡ് ആന്വറ്റി മോഡൽ (HAM) തുടങ്ങിയ പുതുതലമുറ നിക്ഷേപ മാതൃകകൾ സ്വീകരിക്കും. ഇതിനാവശ്യമായ നിയമപരവും നയപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളും. വ്യവസായ ആവശ്യ ത്തിന് ഭൂനിയമങ്ങൾ പ്രകാരം ലഭ്യമാക്കേണ്ട അനുമതികൾക്ക് വേഗതകുറവാണെന്ന പ്രശ്നമുണ്ട്. ദീർഘകാല പാട്ടങ്ങൾ, ഭൂനിയമ അനുമതികൾ തുടങ്ങിയവ അനുവദിക്കുന്നത് വേഗത്തിലാക്കും. സ്വകാര്യ വ്യക്തികൾക്ക് മെച്ചമായ ഭൂമി വിലയും തുടർന്ന് പദ്ധതി ലാഭവും ഉറപ്പാക്കുന്ന ലാൻഡ് പൂളിംഗ് സമ്പ്രദായം വിപുലമാക്കും. ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കാൻ കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിച്ചുകൊണ്ടുള്ള അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ ഉണ്ടാകണം. ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഒരു വിദഗ്ധ

സമിതി പ്രഖ്യാപിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കും.

11. സർ, വിഴിഞ്ഞം അന്തർദേശീയ തുറമുഖം മെയ് മാസത്തിൽ പ്രവർത്തനമാരംഭിക്കും. ദക്ഷിണേന്ത്യയുടെ വ്യാപാര ഭൂപടത്തെ മാറ്റിവരയ്ക്കും എന്ന് പ്രതീക്ഷിക്കപ്പെടുന്ന വിഴിഞ്ഞത്തിന്റെ കാര്യത്തിൽ ചുരുങ്ങിയത് 2 പതിറ്റാണ്ടിന്റെയെങ്കിലും കാലതാമസ മുണ്ടായി എന്നത് നാം വിസ്മരിക്കരുത്. ഇനി സമയനഷ്ടം സംഭവിക്കരുത് എന്ന ദൃഢനിശ്ചയ ത്തോടെയാണ് സർക്കാർ കാര്യങ്ങൾ ഏകോപി പ്പിക്കുന്നത്.

12. മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങളാണ് വിഴിഞ്ഞത്ത് പുരോഗമിക്കുന്നത്. ആദ്യത്തേത് – തുറമുഖ നിർമ്മാണവു മായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ബ്രേക്ക് വാട്ടർ, യാർഡ്, ബെർത്ത്, ഓഫീസ് കെട്ടിടങ്ങൾ തുടങ്ങിയവയുടെയെല്ലാം നിർമ്മാണം വളരെ വേഗത്തിൽ പുരോഗമിക്കുകയാണ്.

13. രണ്ടാമത്തേത് - അനുബന്ധ പശ്ചാത്തല സൗകര്യ ങ്ങളുടെ വികസനമാണ്. റോഡ് -റെയിൽ കണക്ടിവിറ്റി, വൈദ്യുതി, കുടിവെള്ളം തുടങ്ങി എല്ലാ സൗകര്യങ്ങളും ഉറപ്പാക്കണം. തുറമുഖ നിർമ്മാണത്തിന് കരാറാകുന്ന തിന് ഏറെ മുമ്പുതന്നെ തയ്യാറെടുപ്പുകൾ തുടങ്ങി യിരുന്നതുകൊണ്ട് അസാധാരണമായ വേഗത്തിൽ എല്ലാ പ്രവൃത്തികളും പുരോഗമിക്കുകയാണ്. റെയിൽവേ ലൈനിന്റെ കാര്യത്തിലും പുരോഗതിയുണ്ട്.

പോർട്ടിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണ പുരോഗതി മാധ്യമങ്ങൾ മത്സരിച്ച് റിപ്പോർട്ട് ചെയ്യുകയാണ്. നല്ല വാർത്തകൾ കേൾക്കാനും കാണാനും ഇവിടെ ആളുണ്ട് എന്ന് മാധ്യമങ്ങൾ തിരിച്ചറിയുന്നത് സ്വാഗതാർഹമാണ്. വൈകാതെ തന്നെ കേരളത്തിന്റെയും ഇന്ത്യയുടെ ആകെയും സ്വപ്നം യാഥാർത്ഥ്യമാകും. ലോകത്തെ ഏറ്റവും വലിയ മാതൃയാനങ്ങൾ (മദർ ഷിപ്പുകൾ) നമ്മുടെ തുറമുഖത്തടുക്കും. ട്രാൻസ്ഷിപ്പ്മെന്റ് പ്രവർത്തനങ്ങൾ ആരംഭിക്കും. റിക്കോർഡ് വേഗത്തിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സ്ഥാപിത ശേഷിയിലേക്ക് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വളരും.

14. മൂന്നാമതായി – അന്തർദേശീയ തുറമുഖം തുറന്നുതരുന്ന വലിയ അവസരങ്ങൾ ഇരു കൈയ്യും നീട്ടി സ്വീകരിക്കാനും ഉപയോഗിക്കാനും കേരളം തയ്യാറാവേണ്ടതുണ്ട്. സർ, ഭാവി കേരളത്തിന്റെ വികസന കവാടമാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ഇന്ത്യയിലെ തന്നെ ആദ്യത്തെ ഡീപ് വാട്ടർ ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബും രണ്ടാമത്തെ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ടുമാണ്. വിഴിഞ്ഞം തുറമുഖം പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോട് കൂടി വികസനത്തിന്റെ അനന്തമായ സാധ്യതകളാണ് സംസ്ഥാനത്ത് തുറക്കപ്പെടുന്നത്.

15. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള തിരുവനന്തപുരത്തിന്റെ നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡിന്റെയും വികസന ഇടനാഴിയുടെയും സമയ

ബന്ധിതമായ നിർമ്മാണം ഉറപ്പാക്കും. ആവശ്യമായ സ്ഥലം ലഭ്യമാക്കും. ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും പ്രദേശത്തെ ജനങ്ങളുടെയും സംരംഭകരുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കും.

16. സർ, 1970-കളുടെ അവസാനത്തിൽ ചൈനയിൽ രൂപം കൊടുത്ത ഡെവലപ്മെന്റ് സോൺ എന്ന ആശയം കേരളത്തിന് സ്വീകരിക്കാവുന്നതാണ്. വിഴിഞ്ഞത്തിന്റെ വികസന സാധ്യതകളെ പ്രയോജനപ്പെടുത്താൻ ഇതേ മാതൃകയിലുള്ള പ്രത്യേക ഡെവലപ്മെന്റ് സോണുകൾ (SDZ) സൃഷ്ടിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പ്രവാസി മലയാളികൾ ഉൾപ്പടെയുള്ള സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും സഹകരിപ്പിച്ചു കൊണ്ടും സ്വകാര്യ നിക്ഷേപം ആകർഷിച്ചു കൊണ്ടുമാകും സ്പെഷ്യൽ ഡെവലപ്മെന്റ് സോണുകൾ സൃഷ്ടിക്കുക.

17. തുറമുഖത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കാൻ സാധ്യതയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിന് അന്തർദേശീയ നിക്ഷേപക സംഗമം 2024-25ൽ തന്നെ സംഘടിപ്പിക്കും. മാരിടൈം ഉച്ചകോടിയും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും.

**വിഴിഞ്ഞം തുറമുഖം : ഭാവിയുടെ വികസന കവാടം**

18. വിഴിഞ്ഞം കേന്ദ്രീകരിച്ച് വലിയൊരു വ്യവസായ മേഖല ചലനാത്മകമാവുകയാണ്. ലോകത്തിലെ എണ്ണപ്പെട്ട തുറമുഖങ്ങളോട് കിടപിടിക്കുന്ന നിലയിൽ വിഴിഞ്ഞത്തെ മാറ്റിയെടുക്കാൻ വലിയ നിക്ഷേപം അവിടെ

നടത്തേണ്ടതുണ്ട്. സർക്കാരും സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെയും സ്വകാര്യമേഖല മാത്രമായും വികസനം സാധ്യമാക്കേണ്ടതുണ്ട്. ഇതിനുവേണ്ട നിയമനിർമ്മാണങ്ങൾ നടത്തുകയും വേണം. ടൗൺഷിപ്പുകൾ, റസിഡൻഷ്യൽ ഏരിയകൾ, വ്യവസായ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ, വിനോദ കേന്ദ്രങ്ങൾ തുടങ്ങി വിപുലവും സമഗ്രവുമായ ഒരു ഹബ്ബാക്കി വിഴിഞ്ഞത്തെ മാറ്റുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ആയിരക്കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് പതിനായിരം ഏക്കർ ഭൂമി 50 കിലോമീറ്റർ പരിധിയ്ക്കുള്ളിൽ വിവിധ മാർഗ്ഗങ്ങളിൽ ലഭ്യമാക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്.

19. വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾ ഉൾപ്പടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്ക് കൂടി അർഹതപ്പെട്ടതാണ്. വിഴിഞ്ഞം മേഖലയിൽ അതിദരിദ്രരെന്ന് കണ്ടെത്തിയ കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി ദാരിദ്ര്യമുക്തരാക്കാനുള്ള നടപടികൾ സ്വീകരിക്കും. പ്രദേശവാസികളുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കും. മത്സ്യത്തൊഴിലാളികളുടെ വരുമാന പരാധീനതകൾ 5 വർഷം കൊണ്ട് നിർമ്മാർജ്ജനം ചെയ്യുന്ന തരത്തിൽ ഒരു പ്രവർത്തന പദ്ധതി നടപ്പിലാക്കും. മത്സ്യ മേഖലയിൽ ഉയർന്നുവരുന്ന ആധുനിക തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ പ്രാദേശിക ജനവിഭാഗങ്ങൾക്ക്

നൈപുണ്യ പരിശീലനം നൽകും. ഇതിനായി കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത ഫണ്ട് ഉപയോഗിക്കുകയും സർക്കാർ സഹായം ലഭ്യമാക്കുകയും ചെയ്യും.

20. വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യത ഗണ്യമായി ഉയർത്തും. കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ തരണം ചെയ്യാൻ ഈ അവസരം ഉപയോഗപ്പെടുത്തും. കാർഷിക മേഖലയിൽ ലോകബാങ്ക് പിന്തുണയോടെ നടപ്പിലാക്കുന്ന KERA പദ്ധതി ഉപയോഗപ്പെടുത്തി കാർഷികോൽപ്പന്നങ്ങളുടെ സപ്ലൈ ചെയിനുകൾ ആസൂത്രണം ചെയ്യും. 2365 കോടി രൂപയുടെ പദ്ധതിയാണ് KERA. അതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ നിർമ്മിക്കും. സപ്ലൈ ചെയിൻ പങ്കാളികളുടെ കോൺഫറൻസുകൾ സംഘടിപ്പിക്കും.

21. ജനുവരി ആദ്യം ബഹു. പ്രധാനമന്ത്രി കൊച്ചിയിൽ ഉദ്ഘാടനം ചെയ്ത 4000 കോടി രൂപ അടങ്കലുള്ള മൂന്ന് പദ്ധതികളെക്കുറിച്ച് കൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. കൊച്ചിൻ ഷിപ് യാർഡിലെ പുതിയ ഡ്രൈഡോക്ക്, അന്തർ ദേശീയ ഷിപ്പ് റിപ്പയർ ഫെസിലിറ്റി, പുതുവൈപ്പിനിലെ എൽ.പി.ജി ഇറക്കുമതി ടെർമിനൽ എന്നിവയാണവ. വിഴിഞ്ഞത്തിന്റെ കാര്യത്തിലെന്നതു പോലെ കൊച്ചിയിലെ പുതിയ പദ്ധതികൾക്കും മുൻ പിൻ (Backward and Forward Linkages) ബന്ധങ്ങളുടെ സാധ്യതയുണ്ട്. ഈ അവസരങ്ങൾ ഉപയോഗ പ്പെടുത്താനുള്ള ശ്രമവും നടക്കണം.

22. ഇവിടെ സൂചിപ്പിച്ച വിവിധയിനം പ്രവൃത്തികൾക്കായി അടുത്ത മൂന്ന് വർഷം കൊണ്ട് സംസ്ഥാന സർക്കാർ മാത്രമായി 3000 കോടി രൂപ ചെലവഴിക്കും. 2024-25 ധനകാര്യ വർഷത്തേക്ക് 500 കോടി രൂപ മാറ്റിവെയ്ക്കുന്നു. ഇത് മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രൊജക്ടുകൾക്ക് നീക്കിവെച്ചിട്ടുള്ള തുകയ്ക്ക് പുറമേയാണ്.

23. ഇതിനുപുറമേ കേന്ദ്രം പ്രഖ്യാപിച്ച മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക വായ്പാ പദ്ധതിയിൽ നിന്നും കേരളത്തിന് ന്യായമായി ലഭിക്കേണ്ട 5000 കോടി രൂപ കൂടി ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് അനിവാര്യമായ തുകയാണ്.

24. അന്തർദേശീയ തുറമുഖം പ്രവർത്തനസജ്ജമാകുന്നതിന് സമാന്തരമായി ദേശീയ പാത 66-ന്റെ നിർമ്മാണവും പൂർത്തിയാവുകയാണ്. എട്ട് മണിക്കൂർ കൊണ്ട് കേരളത്തിന്റ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ യാത്ര ചെയ്ത് എത്താവുന്ന നിലയിൽ കാര്യങ്ങൾ പുരോഗമിച്ചിരിക്കുന്നു. പത്ത് വർഷം മുമ്പ് നമുക്ക് സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന കാര്യങ്ങളാണ് പിണറായി സർക്കാർ അധികാരത്തിലെത്തിയ തിനുശേഷം സംഭവിച്ചുകൊണ്ടിരിക്കുന്നത്. ദേശീയ പാത 66 നോടൊപ്പം മറ്റ് ദേശീയ പാതകളുടെയും തീരദേശ പാതയുടെയും മലയോര പാതയുടെയും പണി അതിവേഗം പുരോഗമിക്കുകയാണ്. ഈ ഘട്ടത്തിൽ ഈ പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ

നേരിടേണ്ടി വന്ന വലിയ എതിർപ്പുകളെക്കുറിച്ച് ഓർക്കുന്നത് നന്നാകും. മുഖ്യമന്ത്രിയ്ക്ക് നേരേയുണ്ടായ വിമർശനത്തിനും അസഭ്യവർഷത്തിനും വല്ല കയ്യും കണക്കുമുണ്ടായിരുന്നോ? തിരുവനന്തപുരം മുതൽ അങ്കമാലി വരെ എം.സി റോഡിന് സമാന്തരമായി ഒരു ഗ്രീൻഫീൽഡ് പാത കൂടി ദേശീയ പാത അതോറിറ്റിയുടെ പരിഗണനയിലുണ്ട്.

25. സർ, കൊച്ചി മെട്രോയുടെയും വാട്ടർ മെട്രോയുടെയും കാര്യത്തിൽ നമ്മൾ മുൻകൂട്ടി ആസൂത്രണം ചെയ്ത രീതിയിൽ കാര്യങ്ങൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം, കോഴിക്കോട് മെട്രോ പ്രോജക്ടുകളുമായി മുന്നോട്ടു പോകാനാണ് സർക്കാർ തീരുമാനം. തിരുവനന്തപുരം മെട്രോയുടെ കാര്യത്തിൽ ആവശ്യമായ കേന്ദ്ര അനുമതികൾ വൈകാതെ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. മേജർ ഇൻഫ്രാസ്ട്രക്ചർ പ്രൊജക്ടുകൾക്ക് പ്രത്യേകമായി നീക്കിവെച്ചിട്ടുള്ള തുകയിൽ നിന്നും മേൽപ്പറഞ്ഞ പദ്ധതികളുടെ ചെലവിലേക്ക് പണം അനുവദിക്കും.

26. പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിൽ വന്നുപോയ വലിയ വീഴ്ച പരിഹരിക്കുന്നതിനായി വൈദ്യുതി ഉൽപ്പാദനം, വിതരണം, വിവര സാങ്കേതിക അടിത്തറ, ഗ്യാസ് പൈപ്പ് ലൈൻ തുടങ്ങിയ കാര്യങ്ങളിൽ സ്വീകരിച്ച നടപടികളും അതിന്റെ വിജയവും എല്ലാവർക്കും അറിയാവുന്നതാണ്. അവയുടെ തുടർ നടപടികളിലേക്ക് പിന്നീട് വരാം. പശ്ചാത്തല

മേഖലയിൽ അനിവാര്യമായ പുരോഗതി സംഭവിക്കാത്ത ഒരു മേഖലയുടെ കാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. റെയിൽവേ വികസനത്തിന്റെ കാര്യമാണത്. വന്ദേഭാരത് എക്സ്പ്രസ്സുകൾ വന്നതോട് കൂടി സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാടിലെ ശരി ജനങ്ങൾക്ക് മാത്രമല്ല, മുഖ്യധാരാ മാധ്യമങ്ങൾക്കും ബോധ്യപ്പെട്ടി ട്ടുണ്ട്. ഇത്തവണത്തെ കേന്ദ്ര ബജറ്റിലും കേരളത്തിന്റെ റെയിൽ വികസനം അവഗണിക്കപ്പെട്ടു. ട്രെയിൻ യാത്രക്കാർ വലിയ ദുരിതത്തിലാണ്. റെയിൽവേ വഴിയുള്ള ചരക്കുനീക്കവും വലിയ പ്രതിസന്ധിയിലാണ്. കേരളത്തിന്റെ വളർച്ചയ്ക്കൊപ്പം റെയിൽവേക്ക് ഓടിയെത്താനാകുന്നില്ല. നിലവിലുള്ള റെയിൽപ്പാള ങ്ങളുടെ നവീകരണവും വളവ് നിവർക്കലും ഡബിൾ ലെയിനിംഗും പൂർത്തിയാകുന്നതോടൊപ്പം പുതിയ ഹൈ സ്പീഡ് പാത കൂടി വരേണ്ടത് മുന്നോട്ടുള്ള പോക്കിന് അനിവാര്യമാണ്. അതിവേഗ റെയിൽ യാത്രക്കായി നിർദ്ദേശിച്ച കെ-റെയിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള ശ്രമം സർക്കാർ തുടരുന്നതാണ്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായുള്ള കൂടിയാലോചനകൾ തുടരുകയാണ്.

27. ഇനി ഞാൻ തുടക്കത്തിൽ നടത്തിയ കേരളം സൂര്യോദയമാകുന്ന എന്ന പ്രസ്താവനയിലേക്ക് മടങ്ങിവരാം. പശ്ചാത്തല മേഖലയിലും വിജ്ഞാന മേഖലയിലും വന്നുപോയ പോരായ്മ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച ധീരവും ലക്ഷ്യവേധിയുമായ നടപടികൾ സംസ്ഥാനത്തിന്റെ സമ്പദ് ഘടനയിൽ

ഘടനാപരമായ (Structural) ഒരു പരിവർത്തനത്തിന് കാരണമായിരിക്കുന്നു എന്നതിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയായിരുന്നു ലക്ഷ്യം. 1970-ന് ശേഷം കേരളത്തിലുണ്ടായ സാമ്പത്തിക വളർച്ച പ്രധാനമായും സേവന മേഖല കേന്ദ്രീകരിച്ചുള്ളതായിരുന്നു. കഴിഞ്ഞ പത്ത് വർഷം കൊണ്ട് കാര്യങ്ങൾ മാറിയിരിക്കുന്നു. മാനുഫാക്ചറിംഗ് മേഖല സമ്പദ് ഘടനയേക്കാൾ വേഗത്തിലാണ് വളരുന്നത്. മൊത്തം മൂല്യ വർദ്ധനവിൽ മാനുഫാക്ചറിംഗിന്റെ വളർച്ചാനിരക്ക് ഇപ്പോൾ 15 ശതമാനത്തിന് അടുത്തെത്തിയിരിക്കുന്നു. സൂര്യോദയ മേഖലകളാണ് ഈ മാറ്റത്തിന്റെ മുൻനിരയിൽ നിൽക്കുന്നത്. ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ, സസ്യാധിഷ്ഠിത ഔഷധങ്ങൾ, സംസ്കരിച്ച പെട്രോളിയം ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, രാസ വ്യവസായം തുടങ്ങിയവയാണ് മാറ്റത്തിന് കാരണമാകുന്നത്.

28. സർ, കേരളം ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിലാണ് അറിയപ്പെടുന്നത്. തൊഴിലിനും വരുമാനത്തിനും നാം പുറം നാടുകളെ ആശ്രയിക്കുന്നു. ആവശ്യമായ ഉപഭോക്തൃ സാധനങ്ങളുടെ സിംഹഭാഗവും പുറത്തുനിന്നും കൊണ്ടുവരുന്നു. ഈ അവസ്ഥ മാറുന്നു എന്നത് ശുഭോദർക്കമാണ്. സൂര്യോദയ മേഖല കളിലേക്ക് സംരംഭകർ എത്തുന്നു, നിക്ഷേപം വളരുന്നു, ഉൽപ്പാദനം വർദ്ധിക്കുന്നു, തൊഴിലവസരങ്ങൾ കൂടുന്നു. അതാണ് ഉൽപ്പാദനവും തൊഴിലും സംബന്ധിക്കുന്ന കണക്കുകൾ തെളിയിക്കുന്നത്. ഈ ബജറ്റിനൊപ്പം

സഭയുടെ മേശപ്പുറത്ത് വെച്ചിട്ടുള്ള സാമ്പത്തിക അവലോകന റിപ്പോർട്ടിൽ ഈ മാറ്റത്തിന്റെ വിശദമായ ചിത്രം നൽകിയിട്ടുണ്ട്. ഒരു ദശാബ്ദത്തിനുള്ളിൽ ഇലക്ട്രോണിക്സ്, മെഡിക്കൽ ആന്റ് ഡെന്റൽ ഇൻസ്ട്രുമെന്റ്സ്, ജലയാനങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളുടെ എണ്ണം ഇരട്ടി യിലധികം വർദ്ധിച്ചിരിക്കുന്നു.

29. ഇതിനോടൊപ്പം ടൂറിസം, വിവര സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവ കൊണ്ടുവരുന്ന തൊഴിലവസരങ്ങളെയും നിക്ഷേപത്തെയും ഉൽപ്പാദന ത്തെയും ചേർത്ത് കാണണം. വിനോദ സഞ്ചാരം, ഐ.ടി, ഐ.ടി അധിഷ്ഠിത സേവനങ്ങൾ, സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം എന്നിവ അക്ഷരാർത്ഥത്തിൽ നവകേരളത്തിന്റെ പതാകവാഹകരാണ്. കോവിഡ് പ്രതിസന്ധിയിൽ നിന്നും കരകയറിയ ടൂറിസം മേഖല വലിയ കുതിപ്പിലാണ്. ആഭ്യന്തര വിദേശ ടൂറിസ്റ്റുകളുടെ പ്രവാഹത്തെ ഉൾക്കൊള്ളാനുള്ള ശേഷി നിലവിലുള്ള ഭൗതികസൗകര്യങ്ങൾക്കില്ല. വലിയ വികസന ത്തിനുള്ള സാധ്യതയാണ് ഈ രംഗത്തുള്ളത്. ഇതുതന്നെയാണ് വിവരസാങ്കേതിക വിദ്യയുടെ കാര്യത്തിലും കാണുന്നത്. സർക്കാർ നേരിട്ടും അല്ലാതെയും വലിയ തോതിൽ മുതൽമുടക്കി സ്ഥലവും നിർമ്മിത ഇടവും വികസിപ്പിക്കുന്നുണ്ടെങ്കിലും എല്ലാ സംരംഭകരെയും ഉൾക്കൊള്ളാൻ കഴിയാത്ത നിലയാണുള്ളത്. ഈ രംഗത്തും നമുക്ക് ഏറെ മുന്നോട്ട് പോകാൻ കഴിയുമെന്നർത്ഥം.

30. ഈ മാറ്റങ്ങളുണ്ടാകുന്നത് കേവലം യാദൃശ്ചികമായല്ല. അവയുടെ പിറകിൽ മുൻവർഷങ്ങളിലെ ബജറ്റ് പ്രഖ്യാപനങ്ങളുണ്ട്. കൃത്യമായ ആസൂത്രണമുണ്ട്. സർക്കാരിന്റെ നേതൃത്വവും രാഷ്ട്രീയ ഇച്ഛാശക്തിയുമുണ്ട്. സംസ്ഥാനത്തിന്റെ ലക്ഷ്യം നവകേരള സൃഷ്ടിയാണ്.

31. സർ, 2024-25 ലേക്കുള്ള ബജറ്റ് തയ്യാറാക്കുമ്പോൾ രണ്ട് തരത്തിലുള്ള അനിശ്ചിതത്വങ്ങൾ പരിഗണിക്കണം. ഒന്നാമത്തേത് അന്താരാഷ്ട്ര തലത്തിൽ നിലനിൽക്കുന്ന യുദ്ധത്തിന്റെയും ആഗോള സാമ്പത്തിക മാന്ദ്യ ത്തിന്റെയും അന്തരീക്ഷമാണ്. യുക്രൈനിലും പാലസ്തീനിലും നടക്കുന്ന യുദ്ധങ്ങൾ തീരുന്നില്ല എന്ന് മാത്രമല്ല, മറ്റു പ്രദേശങ്ങളിലേക്ക് പടരാനുള്ള ലക്ഷണം കാണിക്കുകയും ചെയ്യുന്നു. ഒപ്പം ലോകരാജ്യ ങ്ങൾക്കിടയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ ഭീഷണിയുമുണ്ട്. ഈ രണ്ട് ലോകസാഹചര്യങ്ങളും കൂടുതൽ രൂക്ഷമാകില്ല എന്ന പ്രതീക്ഷയിലാണ് ബജറ്റ് തയ്യാറാക്കുന്നത്.

32. യുദ്ധവും മാന്ദ്യവും വർഷം പുരോഗമിക്കുന്ന മുറയ്ക്ക് വഷളായാൽ അത് കേരളത്തേയും ബാധിക്കും. നമ്മുടെ കയറ്റുമതിയെയും കേരളത്തിൽ നിന്നുള്ള പ്രവാസി കളെയും തീർച്ചയായും ബാധിക്കും. ആഗോള രംഗത്തെ അനിശ്ചിതത്വത്തെ നേരിടാൻ നമുക്ക് ആഭ്യന്തര ഉൽപ്പാദനത്തെയും ആഭ്യന്തര കമ്പോളത്തെയും കൂടുതലായി ആശ്രയിക്കേണ്ടിവരും. പ്രളയത്തെയും കോവിഡിനെയും നേരിട്ട അനുഭവത്തിന്റെ

അടിസ്ഥാനത്തിൽ സമഗ്ര പരിപാടി തയ്യാറാക്കി കേരളം പ്രതിസന്ധികളെ അതിജീവിക്കും.

33. രണ്ടാമത്തെ അനിശ്ചിതത്വം സംസ്ഥാനങ്ങളോട് പൊതുവെയും കേരളത്തോട് പ്രത്യേകിച്ചുമുള്ള കേന്ദ്രത്തിന്റെ അവഗണനയിൽ നിന്നുമുണ്ടാകുന്നതാണ്. നടപ്പുവർഷമാണ് (2023-24) കേരളത്തോടുള്ള അവഗണന അതിന്റെ പാരമ്യതയിലെത്തിയത്. സുപ്രീംകോടതിയിലെ നിയമ പോരാട്ടവും കോടതിയ്ക്ക് പുറത്ത് നടത്തുന്ന രാഷ്ട്രീയ സമരവും കാര്യങ്ങൾ മെച്ചപ്പെടുത്തും എന്നാണ് പ്രതീക്ഷിക്കുന്നത്. ലോക് സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ കേന്ദ്രത്തിന്റെ നിലപാടിൽ അയവ് വരും എന്ന് പ്രവചിക്കുന്ന വിദഗ്ധന്മാരുമുണ്ട്. കാര്യങ്ങൾ മെച്ചപ്പെടുമെന്ന പ്രതീക്ഷയിലാണ് ബജറ്റ് തയ്യാറാക്കുന്നത്. അതല്ല, ധനവ്യവസ്ഥയെ കൂടുതൽ കേന്ദ്രീകരിക്കുന്ന നടപടി യാണ് കേന്ദ്രം സ്വീകരിക്കുന്നതെങ്കിലോ? കേരളത്തോടുള്ള അവഗണന തുടരുകയാണെങ്കിലോ? തീർച്ചയായും നമുക്ക് ഒരു പ്ലാൻ ബി യെക്കുറിച്ച് ആ ഘട്ടത്തിൽ ആലോചിക്കേണ്ടി വരും. സംസ്ഥാനം ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഒരു വെട്ടിക്കുറവും വരുത്താൻ നമ്മൾ തയ്യാറല്ല. വികസന പ്രവർത്തനങ്ങളിലും ഈ ഘട്ടത്തിൽ പുറകോട്ട് പോകാനാകില്ല.

34. എന്ത് വിലകൊടുത്തും വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടരണം, തുടരും. പ്ലാൻ ബി-യെക്കുറിച്ചുള്ള

നിർദ്ദേശങ്ങളും ആലോചനകളും ഉണ്ടാകുന്നുണ്ട്. എന്തായാലും കേരള വികസന മാതൃകയുടെ നന്മകൾ നിലനിർത്തി മുന്നോട്ടുപോകാനുള്ള വഴി കണ്ടെത്തുക തന്നെ ചെയ്യും.

സർ,

35. വിശദമായ പ്രഖ്യാപനങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് പൊതുവായ ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്. ഭരണഘടനയുടെ ഫെഡറൽ തത്വങ്ങൾ ലംഘിച്ചു കൊണ്ട് കേന്ദ്രം നടത്തുന്ന അമിതമായ വിഭവ കേന്ദ്രീകരണവും കേരളത്തോട് കാണിക്കുന്ന വിവേചനവും ധനഞെരുക്കത്തിന് കാരണമാകുന്നു എന്ന് ഈ സഭയിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനമന്ത്രി എന്ന നിലയിൽ ഞാനും ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര അവഗണനയുടെ യാഥാർത്ഥ്യം പ്രതിപക്ഷത്തിനും ചില മാധ്യമങ്ങൾക്കും ബോധ്യമാകാത്ത സാഹചര്യത്തിലാണ് നവകേരള സദസ്സിൽ ജനങ്ങളോട് കാര്യങ്ങൾ തുറന്ന് പറയാൻ സർക്കാർ തയ്യാറായത്. ഇപ്പോൾ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും ന്യായീകരിക്കാനാകാത്ത അവഗണന യുണ്ട് എന്ന് എല്ലാവരും അംഗീകരിക്കുന്ന നിലയുണ്ട്. സംസ്ഥാന സർക്കാരിനെ വിമർശിക്കുന്ന സാമ്പത്തിക വിദഗ്ധർ പോലും കേന്ദ്ര അവഗണനയുണ്ട് എന്ന് അംഗീകരിക്കുന്നു. കേന്ദ്രത്തിനെതിരായ സമരത്തിൽ ഞങ്ങളോടൊപ്പം ചേരാൻ തയ്യാറല്ലെങ്കിലും ഇപ്പോൾ

പ്രതിപക്ഷവും അവഗണനയുണ്ട് എന്ന് സമ്മതിക്കുന്നുണ്ട്. ഇത് സ്വാഗതാർഹമാണ്. വൈകിയാണെങ്കിലും കേരളത്തോടുള്ള അവഗണന പാർലമെന്റിൽ ഉന്നയിക്കുമെന്നും പ്രതിപക്ഷം പറയുന്നുണ്ട്. ഇത് ജനങ്ങളെയാകെ ബാധിക്കുന്ന പ്രശ്നമാണ് എന്ന് കണ്ട് കേന്ദ്ര അവഗണനയ്ക്കെതിരെ സമരം ചെയ്യാൻ സ്വന്തം നിലയ്ക്കാണെങ്കിലും പ്രതിപക്ഷവും തയ്യാറാവണം എന്നഭ്യർത്ഥിക്കുകയാണ്.

36. സാമ്പത്തികബുദ്ധിമുട്ടുണ്ട് എന്ന സർക്കാരിന്റെ പ്രസ്താവനയുടെ മറവിൽ കേരളത്തിലൊന്നും നടക്കുന്നില്ല, സംസ്ഥാനം പാപ്പരായിപ്പോയി, ട്രഷറിയിൽ പൂച്ച പെറ്റുകിടക്കുന്നു എന്നൊക്കെയുള്ള പ്രചരണം ദുരുപദിഷ്ടമാണ് എന്നത് ആവർത്തിച്ച് പറയേണ്ടതുണ്ട്.

37. സർ, ട്രഷറി മുഴുവൻ സമയവും പ്രവർത്തനസജ്ജമാണ്; സജീവവുമാണ്. ട്രഷറിയുടെ പ്രവർത്തനനിരതയുടെ അളവുകോലെന്താണ് ? വരവും ചെലവും നല്ല നിലയിൽ വർദ്ധിക്കുന്നുണ്ടോ എന്നല്ലേ നോക്കേണ്ടത് ? വരവിലും ചെലവിലും എല്ലാ പൂർവ്വകാല റിക്കോർഡുകളേയും തകർത്തുകൊണ്ടാണ് ട്രഷറി പ്രവർത്തിക്കുന്നത്. 2020-21 ൽ സംസ്ഥാനത്തിന്റെ മൊത്തം ചെലവ് 1,38,884 കോടി രൂപ ആയിരുന്നു. 2022-23 ൽ അത് 1,58,738 കോടി രൂപയായി ഉയർന്നു. ഈ വർഷാവസാനമാകുമ്പോഴേക്കും അത് 1,68,407 കോടി രൂപയായി ഉയരുമെന്ന് കണക്കാക്കുന്നു. ഏകദേശം 30,000 കോടി രൂപയുടെ വർദ്ധനവാണ്

3 വർഷത്തിനിടെ ഉണ്ടായിരിക്കുന്നത്. ന്യായമായ ഒരു ചെലവും വെട്ടിക്കുറയ്ക്കാൻ സർക്കാർ തയ്യാറായിട്ടില്ല. വികസന ക്ഷേമ ചെലവുകൾ നടത്താതിരുന്നാൽ ഒരു ധനപ്രതിസന്ധിയും ഉണ്ടാകില്ല. അങ്ങനെയാണ് പല സംസ്ഥാനങ്ങളും ചെയ്യുന്നത്. കേരള സർക്കാരിന്റെ സമീപനം ചെലവുത്തരവാദിത്വങ്ങളിൽ നിന്നും ഒളിച്ചോടലല്ല.

38. ഇത് പറയുമ്പോൾ സർക്കാർ പണം ധൂർത്തടിക്കുകയാണെന്ന വിമർശനം ഉന്നയിക്കുവാൻ പ്രതിപക്ഷം തയ്യാറായേക്കും. ഞങ്ങൾ ഇക്കാര്യത്തിൽ ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാണ്. മന്ത്രിമാരുടെ എണ്ണം, ചെലവ്, വിദേശ യാത്ര എന്നിവയെല്ലാം യു.ഡി.എഫ് കാലവുമായോ, മറ്റ് സംസ്ഥാനങ്ങളുമായോ താരതമ്യം ചെയ്ത് പരിശോധിക്കാം. അത്തരം ആരോപണങ്ങൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല എന്ന് മാത്രമേ പറയുന്നുള്ളൂ. റിസർവ്വ് ബാങ്ക് റിപ്പോർട്ടുകൾ തന്നെ കേരളം ധനദൃഢീകരണത്തിന്റെ പാതയിലാണെന്നും റവന്യൂ കമ്മിയും ധനക്കമ്മിയും കടവും കുറച്ചുകൊണ്ടുവരുന്നതിൽ വിജയിച്ചു എന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളും ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

39. ഇനി നികുതി, നികുതിയേതര വരവിലേക്ക് വന്നാലോ, മുൻകാല റിക്കോർഡുകളെ ഭേദിക്കുന്ന തനത് വരുമാന വളർച്ചയാണ് സംസ്ഥാനത്തുണ്ടാകുന്നത്. 2020-21 ൽ നമ്മുടെ തനത് നികുതി വരുമാനം 47,661 കോടി

രൂപയാണ്. 2021-22 ൽ 58,341 ആയും 2022-23 ൽ 71,968 ആയും അത് ഉയർന്നു. നടപ്പുവർഷം അവസാനത്തിൽ ഇത് 78,000 കോടിരൂപയി ലധികമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത ധനകാര്യ വർഷം അവസാനിക്കുമ്പോഴേക്കും 2020-21 ലേതിനെ അപേക്ഷിച്ച് തനത് നികുതി വരുമാനം ഏകദേശം ഇരട്ടിയാകുമെന്നത് നിസ്തർക്ക മാണ്. കേവലം നാല് വർഷക്കാലം കൊണ്ട് നികുതി വരുമാനം ഇരട്ടിയാക്കുക എന്ന് പറഞ്ഞാൽ അത് സ്വപ്നതുല്യമായ നേട്ടമാണ് എന്നല്ലേ കാണേണ്ടത്. നികുതി വകുപ്പിലെ ഉദ്യോഗസ്ഥരെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. എന്നാൽ നികുതി വരുമാനം ഇനിയും ഉയർത്താൻ കഴിയുമെന്നാണ് സർക്കാരിന്റെ അഭിപ്രായം. ഐ.ജി.എസ്.ടി സെറ്റിൽമെന്റിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാർ തലത്തിലെ സാങ്കേതിക പിഴവുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്ന തടക്കമുള്ള കാര്യങ്ങൾ ചെയ്താൽ നികുതി വരുമാനം ഇനിയും വർദ്ധിപ്പിക്കാനാകും.

40. സർ, തനത് നികുതി പിരിവിൽ ഇത്രയധികം വർദ്ധനയുണ്ടായെങ്കിൽ പിന്നെ എന്തുകൊണ്ട് ധനപ്രതിസന്ധി? കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയിൽ നിന്നും കേരളത്തിനവകാശപ്പെട്ട നികുതി വിഹിതം കൂടി ഉൾപ്പെടുന്നതാണ് നമ്മുടെ ആകെ നികുതി വരുമാനം. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഫിനാൻസസ് റിപ്പോർട്ടിൽ അതിന്റെ കണക്കുകൾ കൊടുത്തിട്ടുണ്ട്. 2021 – 2023 ലെ കണക്കനുസരിച്ച് 65 രൂപ സംസ്ഥാനം

പിരിച്ചെടുത്താൽ 35 രൂപ കേന്ദ്രം തരും എന്നതാണ് ദേശീയ ശരാശരി. പക്ഷേ കേരളം 79 രൂപ തനത് നികുതി വരുമാനം പിരിച്ചെടുക്കുമ്പോൾ കേന്ദ്രം തരുന്നത് 21 രൂപയാണ്. അതായത് 100-ൽ 21 രൂപ മാത്രമാണ് കേന്ദ്രത്തിന്റെ സംഭാവന. ഉത്തർപ്രദേശിന് 100-ൽ 46 രൂപ കേന്ദ്രം നൽകുന്നു. ബീഹാറിന് 100-ൽ 70 രൂപ കേന്ദ്രം നൽകുന്നു. കേരളീയരോടുള്ള കേന്ദ്ര അവഗണനയ്ക്ക് ആർ.ബി.ഐ കണക്കുകളേക്കാൾ മെച്ചപ്പെട്ട തെളിവ് വേണോ ?

41. കേന്ദ്രം പിരിച്ചെടുത്ത് സംസ്ഥാനങ്ങൾക്ക് വീതംവെച്ച് നൽകുന്ന നികുതിയുടെ ഡിവിസിബിൾ പൂളിലെ കേരളത്തിന്റെ ഓഹരി പത്താം ധനകാര്യ കമ്മീഷൻ കാലത്ത് 3.87 ശതമാനമായിരുന്നു. ഇത് 14-ാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനമായും 15-ാം കമ്മീഷന്റെ ശിപാർശയിൽ 1.925 ശതമാനമായും കുറഞ്ഞു. ഇതിന്റെ ഫലമായി പതിനായിരക്കണക്കിന് കോടി രൂപ കേരളത്തിന് നഷ്ടമായ കാര്യം ഇപ്പോൾ നാട്ടിലെല്ലാവർക്കുമറിയാം. ഞങ്ങൾ അത് ജനങ്ങളോട് പറഞ്ഞു. കേരളം വികസന നേട്ടങ്ങളുടെ പേരിലാണ് ശിക്ഷിക്കപ്പെടുന്നത് എന്നും സർവ്വർക്കുമറിയാം. ഉയർന്ന പ്രതിശീർഷ വരുമാനത്തിന്റെ പേരിലും ജനസംഖ്യാ വളർച്ച നിയന്ത്രിച്ചതിന്റെ പേരിലും കേരള ജനത ശിക്ഷിക്കപ്പെടുകയാണ്. എന്നാൽ സാമ്പത്തിക വളർച്ചയുടെ ഫലമായി ഉണ്ടായ ഗൗരവമായ രണ്ടാം തലമുറ വികസന പ്രശ്നങ്ങളെ കേന്ദ്രം കണ്ടില്ലെന്നു നടിക്കുകയാണ്. ജീവിതശൈലീ രോഗങ്ങൾ കൂടുന്നതും

പ്രായമായവരുടെ അനുപാതം കൂടുന്നതുമൊന്നും കണക്കിലെടുക്കുന്നില്ല.

42. സംസ്ഥാനത്തോടുള്ള അവഗണന ഡൽഹിയിലെ സമരത്തിലും സുപ്രീം കോടതിയിലും എത്തിയിരിക്കുന്ന നിലയ്ക്ക് അതിനെക്കുറിച്ച് ബജറ്റ് പ്രസംഗത്തിൽ പരാമർശിക്കാതെ പോകാൻ കഴിയില്ല. നികുതിയിൽ മാത്രമല്ല കേരളത്തിന് നീതി നിഷേധിക്കപ്പെടുന്നത്. കേന്ദ്രത്തിന്റെ തന്നെ മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പുവർഷം കേരളത്തിന് അനുവദിക്കേണ്ട വായ്പ, എടുക്കാത്ത പബ്ലിക് അക്കൗണ്ടിന്റെയും മറ്റും പേരിൽ ധനകാര്യ വർഷത്തിന്റെ മധ്യേ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്.

43. സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ 57,400 കോടി രൂപയുടെ വെട്ടിക്കുറവ് വരുത്തിയത് സംബന്ധിച്ച് മുൻപ് തന്നെ പറഞ്ഞിട്ടുള്ളതാണ്. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയതിനെ തുടർന്ന് 12,000 കോടി രൂപ, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ ഈ വർഷം കുറയുന്ന 8,400 കോടി രൂപ, കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും വായ്പകളെ പൊതു കടമായി കണക്കാക്കിയതിലൂടെ കടപരിധിയിൽ വെട്ടിക്കുറവ് വരുത്തിയ 7,000 കോടി രൂപ, പബ്ലിക് അക്കൗണ്ടിലുള്ള പണം പൊതു കടത്തിൽ ഉൾപ്പെടുത്തിയതിലൂടെ കുറവ് വന്ന 12,000 കോടി രൂപ പത്താം ധനകാര്യ കമ്മീഷനിൽ നിന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനിലേക്ക് എത്തിയപ്പോൾ

സംസ്ഥാനത്തിന് ഡിവിസിബിൾ പൂളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ശതമാനം 3.87 ൽ നിന്നും 1.925 ആക്കി വെട്ടിക്കുറച്ചതിന്റെ ഭാഗമായി കുറവ് വന്ന 18,000 കോടി രൂപ. ഈ വെട്ടിക്കുറവ് വീണ്ടും വർദ്ധിച്ച് വരുകയാണ്. ഇത്തരം പ്രശ്നങ്ങൾ കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളും ചൂണ്ടിക്കാട്ടുക യുണ്ടായല്ലോ.

44. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിലധിഷ്ഠിതമായ കേരള വികസന മാതൃകയെ തകർക്കാനുള്ള ഗൂഢാലോചന യാണ് യഥാർത്ഥത്തിൽ നടക്കുന്നത്. കേരളം കൃഷിക്കാർക്കും തൊഴിലാളികൾക്കും മറ്റ് സാധാരണ ജനങ്ങൾക്കും നൽകുന്ന നാനാവിധ ആനുകൂല്യങ്ങളും വിവിധങ്ങളായ ക്ഷേമ പ്രവർത്തനങ്ങളും മുടക്കണം. ക്ഷേമ പെൻഷൻ വാങ്ങുന്നവരെയും റേഷൻ കടകളെയും സർക്കാർ ആശുപത്രികളെയും സപ്ലൈകോ ഔട്ട്ലെറ്റുകളെ ആശ്രയിക്കുന്നവരെയും സംസ്ഥാന സർക്കാരിനെതിരെ തിരിച്ചുവിടണം. എന്ന് വെച്ചാൽ ഞങ്ങളെത്തന്നെ ഞങ്ങൾക്കെതിരെ തിരിച്ചുവിടുക എന്ന കുടില ബുദ്ധിയാണ് പ്രവർത്തിക്കുന്നത്. ഈ ആനുകൂല്യ ങ്ങൾക്ക് അർഹരാകുന്നത് പൊതുവിൽ തൊഴിലാളികളും ദരിദ്ര കൃഷിക്കാരും മറ്റ് അവശ ജനവിഭാഗങ്ങളുമാണ്. അവരിലേറെയും ഇടതുപക്ഷത്തെ സ്നേഹിക്കുന്നവരും നിലനിർത്തുന്നവരുമാണ്. അവരെത്തന്നെ അവരുടെ സർക്കാരിനെതിരെ ഇളക്കിവിടാനാണ് ശ്രമിച്ചത്.

45. സർ, ഇവിടെ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുക യാണ്. ഈ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാനല്ല, കാലോചിതമായി ഉയർത്താനാണ് ഞങ്ങൾ നിലകൊള്ളുന്നത്. അതാണ് ഞങ്ങളുടെ രാഷ്ട്രീയ ത്തിന്റെ അന്തസത്ത. അതിനുവേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തിക്കുന്നതും അധികാര ത്തിലെത്തിയതും. ഈ ആനുകൂല്യങ്ങൾ നില നിർത്താനും വർദ്ധിപ്പിക്കാനും സംസ്ഥാന സർക്കാരിന്റെ ഭരണഘടനാപരമായ അധികാരങ്ങളും അവകാശങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. അതിനുവേണ്ടിയാണ് ഡൽഹി യിൽ സമരം സംഘടിപ്പിക്കുന്നതും സുപ്രീം കോടതിയിൽ നിയമ പോരാട്ടം നടത്തുന്നതും. ഇവ രണ്ടിലും മുഴുവൻ കേരളീയരുടെയും പിന്തുണ അഭ്യർത്ഥിക്കുകയാണ്.

46. സംസ്ഥാന സർക്കാരിനെതിരെ ക്ഷേമ പെൻഷൻ വാങ്ങുന്നവരെയും ലൈഫ് ഗുണഭോക്താക്കളെയും നെൽക്കൃഷിക്കാരെയും പി.എസ്.സി റാങ്ക് ഹോൾഡേഴ്സി നെയും കെ.എസ്.ആർ.ടി.സി പെൻഷൻകാരെയും ഇളക്കിവിടാൻ ശ്രമിച്ചവർ കാട് കാണാതെ മരം മാത്രം കാണുന്നവരാണ്, ഇരിക്കുന്ന കൊമ്പ് മുറിക്കുന്നവരാണ്. ഈ ഓരോ ആനുകൂല്യവും കേരളത്തിന്റെ നിർമ്മിതി കളാണ്. ഇടതുപക്ഷത്തിന്റെ സംഭാവനയാണ്. തത്തുല്യമായ ഒന്നും മറ്റ് സംസ്ഥാനങ്ങളിലില്ല. കേന്ദ്രത്തിനും അവകാശവാദമുന്നയിക്കാനാകില്ല. ക്ഷേമ പെൻഷൻകാരെ മുൻനിർത്തിയുള്ള മുതലെടുപ്പ് ഞങ്ങൾക്ക് ജനങ്ങളോട് കാര്യങ്ങൾ വിശദീകരി

ക്കാനുള്ള അവസരം നൽകുകയാണ് ചെയ്യുത്. കേരള മാതൃകയുടെ നല്ല വശങ്ങൾ വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലാത്തവർക്ക് കാര്യങ്ങൾ നന്നായി തിരിച്ചറിയാൻ ഈ സംവാദങ്ങൾ അവസരമൊരുക്കി.

47. കേരളത്തെ പറഞ്ഞും പറഞ്ഞും, എഴുതിയും തോൽപ്പിക്കരുത് എന്ന് പറയാൻ ഒരു കാരണമുണ്ട്. കേരളം അതിതീവ്ര തൊഴിലാളി സമരങ്ങളുടെ ഒരു നാടാണെന്ന പ്രചരണം ഒരു കാലത്ത് ശക്തമായിരുന്നു. തൊഴിൽ സമരങ്ങളെയും അതുമൂലമുണ്ടാകുന്ന തൊഴിൽദിന നഷ്ടങ്ങളെയും കുറിച്ച് നടത്തിയിട്ടുള്ള പഠനങ്ങൾ ഈ ദുഷ് പ്രചരണം തെറ്റാണെന്ന് തെളിയിച്ചിട്ടുണ്ട്. ഇപ്പോൾ കേരളം ഏറ്റവും മെച്ചപ്പെട്ട തൊഴിലന്തരീക്ഷം നിലനിൽക്കുന്ന നാടാണെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. സംരംഭകർ പൊതുവെ അതിന് അനുഭവ സാക്ഷ്യം പറയുന്നുമുണ്ട്. പക്ഷേ അന്നുണ്ടാക്കിയ പ്രതീതി ഇപ്പോഴും പുറത്തുനിന്നുള്ള സംരംഭകരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് വിപരീത ആഖ്യാനങ്ങൾ (നെഗറ്റീവ് നരേറ്റീവ്സ്) വലിയ ദോഷം ചെയ്യുമെന്ന് പറയുന്നത്. പുറത്തുള്ളവരുടെ മാത്രമല്ല, നമ്മുടെ യുവതയുടെ ആത്മവിശ്വാസത്തെയും അത് തകർക്കും.

48. കേരളപ്പിറവിയോടനുബന്ധിച്ച് വർഷം തോറും സംഘടിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന കേരളീയം ഒരു മറുമരുന്നാണ്. കേരളീയം നാടിന്റെ നന്മകളെ ആഘോഷിക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ

നേട്ടങ്ങൾ സത്യസന്ധമായി അവതരിപ്പിക്കുകയാണ് ലക്ഷ്യം. ഒപ്പം പോരായ്മകൾ പരിഹരിച്ച് മുന്നോട്ടു പോകാനുള്ള വഴികളെക്കുറിച്ചും കേരളീയം ചർച്ച ചെയ്യും. ന്യൂഡൽഹി പ്രഗതി മൈതാനിയിലെ അന്താരാഷ്ട്ര വ്യാപാര മേളയുടെ മാതൃകയിൽ വ്യവസായ വാണിജ്യ പ്രദർശനങ്ങൾ കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കും. **2024-25 ലെ കേരളീയം പരിപാടിയ്ക്കായി 10 കോടി രൂപ നീക്കിവെയ്ക്കുന്നു.**

49. ഒപ്പം കേരളത്തിന്റെ നേട്ടങ്ങളെയും നന്മകളെയും പറ്റി വസ്തുനിഷ്ഠമായ പഠനങ്ങളും ഫീച്ചറുകളും വീഡിയോകളും ചെയ്യുന്നവർക്ക് പ്രോത്സാഹന സമ്മാനം നൽകാൻ ഉദ്ദേശിക്കുന്നു. **ഇതിനായി 10 ലക്ഷംരൂപ വകയിരുത്തുന്നു.**

## ഭാഗം -II

50. സർ, പ്രതിസന്ധികളും വെല്ലുവിളികളും പൂർണ്ണമായും ഒഴിഞ്ഞുപോയതിനു ശേഷം കേരളത്തിന്റെ വികസന സാധ്യതകളെ ഉപയോഗപ്പെടുത്താം എന്ന് നമുക്ക് തീരുമാനിക്കാനാകില്ല. അതുകൊണ്ട് തന്നെ സ്വകാര്യ മേഖലയുടെ സഹായത്തോടുകൂടി പുതിയ വികസന മാതൃകകൾ നമുക്ക് സൃഷ്ടിക്കേണ്ടതുണ്ട്.

51. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഏഷ്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക്, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ സംസ്ഥാനത്ത് സ്ഥാപിച്ചത് സംബന്ധിച്ച വിവരങ്ങൾ കഴിഞ്ഞ ബജറ്റിൽ വിശദമായി പറഞ്ഞതാണ്. **ഗ്രാഫീൻ**

**മേഖലയിലെ ഗവേഷണങ്ങൾക്കും പരീക്ഷണങ്ങൾക്കുമായി ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, മൈക്രോ ബയോം മികവിന്റെ കേന്ദ്രം, ന്യൂട്രാസ്യൂട്ടിക്കൽസ് മികവിന്റെ കേന്ദ്രം, മെഡിക്കൽ ടെക്നോളജി കൺസോർഷ്യം തുടങ്ങിയവയിൽ ചിലത് ആരംഭിക്കുകയും മറ്റുള്ളവ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയു മാണ്.** ഡിജിറ്റൽ സർവ്വകലാശാലയിലും എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിലും നടത്തുന്ന പ്രവർത്തനങ്ങൾ ശാസ്ത്ര ലോകത്തിന്റെ ശ്രദ്ധയാകർഷിക്കുന്നവയാണ്.

52. ഡിജിറ്റൽ സർവ്വകലാശാല കൈരളി എന്ന പേരിട്ട നിർമ്മിതബുദ്ധി പ്രോസസ്സർ വികസിപ്പിച്ചതിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് കേരളത്തിലെ ഒരു പ്രമുഖ ദിനപ്പത്രം എഴുതിയ എഡിറ്റോറിയലിലെ വാചകങ്ങൾ ഇവിടെ ചേർക്കുന്നു. **"നമ്മുടെ സർവ്വകലാശാലകളിലും ക്യാമ്പസ്സുകളിലും രാഷ്ട്രീയത്തിന്റെ അതിപ്രസരം മാത്രമാണെന്ന കുറ്റപ്പെടുത്തലുകൾ വരുമ്പോൾ ഇത്തരം വാർത്തകൾ പച്ചത്തുരുത്തായി മാറുകയാണ്. തിരുവനന്തപുരം സി.ഇ.ടി, കേരള സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, കുസാറ്റ് തുടങ്ങിയ ഇടങ്ങളിൽ ഇത്തരത്തിലുള്ള നിശബ്ദ വിപ്ലവങ്ങൾ നടക്കുന്നു എന്നത് നാം കാണാതെ പോകരുത്."** കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇത്തര ത്തിലുള്ള ഒരു മാറ്റം പൊതുവെ നടക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അധ്യയനം, അധ്യാപനം, അറിവുൽപ്പാദനം എന്നിവയ്ക്കപ്പുറം അറിവിന്റെ

പ്രയോഗത്തിനുകൂടി മുൻഗണനന കൊടുക്കുന്ന തരത്തിലേക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറുകയാണ്. ഈ മാറ്റം കേരളത്തിന്റെ ഉൽപ്പാദന ഘടനകളിൽ നവീകരണത്തിന് കാരണമാകും എന്ന കാര്യമാണ് ഈ പ്രസംഗത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചത്. കേരളത്തിലെ ക്യാമ്പസ്സുകൾ പുതിയ ഉൽപ്പന്നങ്ങളും ഉൽപ്പാദന പ്രക്രിയകളും വികസിപ്പിച്ചെടുക്കുക മാത്രമല്ല, സംരംഭങ്ങളെയും സംരംഭകരെയും വളർത്തിയെടുക്കുന്ന നിലയിലേക്ക് മാറുകയാണ്. ഈ മാറ്റത്തിന് സർക്കാർ നൽകുന്ന പിന്തുണയെയും മേൽപ്പറഞ്ഞ എഡിറ്റോറിയൽ പ്രശംസിച്ചിട്ടുണ്ട്. സർക്കാരിന്റെ പിന്തുണ കൂടുതൽ ശക്തമാക്കാനാണ് ശ്രമിക്കുന്നത്.

53. സർ, **എ.ഐ. പ്രോസസ്സർ വികസിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സർവ്വകലാശാലയാണ് ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള.** ഇതിനകം 16 പേറ്റന്റുകൾ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് ലഭിച്ചുകഴിഞ്ഞു. ന്യൂറോ സയൻസിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്ന തിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ ബ്രെയിൻ കമ്പ്യൂട്ടിംഗ് ലാബ് സ്ഥാപിച്ചു. നോബൽ സമ്മാന ജേതാവും ഗ്രാഫീന്റെ ഉപജ്ഞാതാവുമായ സർ ആന്ദ്രേ ഗീം ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയിൽ വിസിറ്റിംഗ് പ്രൊഫസറായി ചേർന്നത് വലിയ നേട്ടമാണ്.

54. സ്ഥാപിതമായി 3 വർഷത്തിനകം 200 കോടി രൂപയുടെ സഹായം ദേശീയ അന്തർദേശീയ ഏജൻസികളിൽ

നിന്നും സമാഹരിക്കാൻ ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 80-ലധികം സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകുന്നത് വഴി ഹാർഡ് വെയർ ഉൽപ്പന്നങ്ങളുടെ രാജ്യത്തെ ഏറ്റവും വലിയ ഇൻക്യുബേറ്ററായി ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് മാറാൻ കഴിഞ്ഞിരിക്കുന്നു.

55. **250 കോടി രൂപയുടെ വികസന പദ്ധതികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കും.** പ്രവർത്തനം തുടങ്ങി ആദ്യ വർഷം മുതൽ വരുമാനമുണ്ടാക്കുകയും സ്വയംപര്യാപ്തവുമായിക്കൊണ്ടിരിക്കുന്ന സ്ഥാപനം എന്ന നിലയിൽ വായ്പകൾ എടുക്കാൻ സർവ്വകലാ ശാലയ്ക്ക് അനുമതി നൽകും. വായ്പകൾക്ക് പലിശയിളവ് സഹായം സർക്കാർ നൽകുന്നതാണ്.

56. ഓക്സ്ഫോർഡ് സർവ്വകലാശാലയുമായി അക്കാദമിക് സഹകരണത്തിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് അവിടെ ഗവേഷണം നടത്തുന്നതിനായി കേരള സ്പെസിഫിക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കുന്നവർക്ക് ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പി.എച്ച്.ഡിയ്ക്ക് ചേരാൻ കഴിയും. പി.എച്ച്.ഡി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ അടുത്ത മൂന്ന് വർഷം കേരളത്തിൽ മടങ്ങിയെത്തി നാടിന്റെ വികസനത്തിന് സംഭാവനകൾ നൽകണം എന്ന

വ്യവസ്ഥ കൂടി ഇതിന്റെ ഭാഗമായുണ്ടാകും. **സ്ഥിരം സ്കോളർഷിപ്പ് ഫണ്ടിലേക്ക് 10 കോടി രൂപ വകയിരുത്തുന്നു.**

57. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മൂന്ന് പ്രാദേശിക കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വടക്ക്, കിഴക്ക്, മധ്യ മേഖലകളിലായി ആരംഭിക്കും.

58. **എ.പി.ജെ അബ്ദുൾകലാം സർവ്വകലാശാലയുടെ കീഴിൽ മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.** സർവ്വകലാശാലയ്ക്കായി ഏറ്റെടുത്ത സ്ഥലത്ത് 71 കോടി രൂപ മുടക്കി ആസ്ഥാന മന്ദിരം നിർമ്മിക്കും.

59. സംസ്ഥാനത്ത് ഏറ്റവും വ്യവസായ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്ര തലത്തിലുള്ള വൻകിട കമ്പനികൾ കേരളത്തിൽ അവരുടെ നിർമ്മാണശാലകൾ ആരംഭിക്കാൻ കടന്നുവരുന്നു. കേരളത്തിന്റെ വ്യവസായ അന്തരീക്ഷം മികച്ചതല്ല എന്ന കുപ്രചരണങ്ങളെ ഇത്തരം കമ്പനികളുടെ തലപ്പത്തിരിക്കുന്നവർ തന്നെ തള്ളിക്കളയുന്നു.

## സ്വകാര്യ വ്യവസായ പാർക്കുകൾ

60. സർ, സംസ്ഥാനത്ത് 16 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ ഡെവലപ്മെന്റ് പെർമിറ്റ് അനുവദിച്ചുകഴിഞ്ഞു. 8 എണ്ണം നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്. 10 ഏക്കർ വരെയുള്ള ഭൂമിയിൽ കുടിവെള്ളം, റോഡ്, വൈദ്യുതി എന്നീ അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുവാൻ വേണ്ടി 3 കോടി രൂപ വരെ സർക്കാർ സബ്സിഡി നൽകുന്ന എന്നതാണ് സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രത്യേകത. മികച്ച പ്രതികരണമാണ് സംരംഭകരിൽ നിന്നും വ്യവസായി കളിൽ നിന്നും ഈ പദ്ധതിയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. വരും വർഷം 25 ഓളം പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ കഴിയും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

61. സർ, 2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ സംരംഭക വർഷമായി ആചരിച്ചിരുന്നു. 1,39,840 സംരംഭങ്ങൾ അന്ന് ആരംഭിച്ചതിൽ 21,528 സംരംഭങ്ങൾ (15 ശതമാനം) ഭക്ഷ്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ടവയായിരുന്നു. ഈ രംഗത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.

**കേരള സ്റ്റാർട്ടപ് മിഷൻ**

62. **കേരളത്തിലെ സ്റ്റാർട്ടപ് അന്തരീക്ഷം രാജ്യത്തെ തന്നെ ഏറ്റവും മികച്ചതാണ്.** കേന്ദ്ര വാണിജ്യ മന്ത്രാലയവും സ്റ്റാർട്ടപ്പ് ഇന്ത്യയും സംയുക്തമായി ഏർപ്പെടുത്തിയ ദേശീയ സ്റ്റാർട്ടപ്പ് റാങ്കിംഗിനെ അടിസ്ഥാന പ്പെടുത്തിയുള്ള 2022-ലെ ബെസ്റ്റ് പെർഫോമർ പുരസ്കാരം ലഭിച്ചത് കേരളത്തിനാണ്. കഴിഞ്ഞ 3 വർഷവും കേരളത്തിന് ടോപ്പ് പെർഫോമർ പുരസ്കാരവും ലഭിച്ചിരുന്നു. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിംഗ് വഴി 5500 കോടി രൂപ സ്റ്റാർട്ടപ്പുകളിലേക്കുള്ള നിക്ഷേപമായി സമാഹരിക്കാനും സംസ്ഥാനത്ത്

50,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സ്റ്റാർട്ടപ്പ് മിഷന് കഴിഞ്ഞു. സംസ്ഥാനത്ത് ഇതിനകം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 5000 കടന്നിരിക്കുന്നു.

63. 100 മുതൽ 150 വരെ ആളുകൾക്ക് ഒരുമിച്ചിരുന്ന് തൊഴിലെടുക്കാൻ കഴിയുന്ന വർക്ക് നിയർ ഹോം കേന്ദ്രങ്ങൾ കേരളത്തിലെ ചില ചെറു പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, കൊട്ടാരക്കര, കണ്ണൂർ, കൊച്ചി, കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ഇത്തരം ലീപ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ, മഞ്ചേരി, സുൽത്താൻബത്തേരി, ചാലക്കുടി തുടങ്ങിയ പ്രദേശങ്ങളിലും 100 മുതൽ 200 പേർ വരെ പ്രവർത്തിക്കുന്ന സ്വകാര്യ ഐ.ടി കേന്ദ്രങ്ങളുണ്ട്. മുൻ ബജറ്റിൽ സർക്കാർ പ്രഖ്യാപിച്ച ചെറുനഗരങ്ങളിലെ വർക്ക് നിയർ ഹോം പദ്ധതിയുടെ സാധ്യതകളെയാണ് ഇത് കാണിക്കുന്നത്. ആഗോള കമ്പനിയായ സോഹോ കോർപ്പറേഷന്റെ രാജ്യത്തെ രണ്ടാമത്തെ റസിഡൻഷ്യൽ കാമ്പസ് കൊട്ടാരക്കരയിൽ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. നൂറ് കണക്കിന് പേർക്ക് ഇതു വഴി തൊഴിൽ ലഭ്യമാകുന്നതാണ്. സംസ്ഥാനമൊട്ടാകെ ലീപ് സെന്ററുകൾ വ്യാപിപ്പിക്കുന്ന പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.

64. ആഗോള തലത്തിൽ സംരംഭക ആശയങ്ങൾ കൈമുതലായിട്ടുള്ള ആളുകൾക്ക് കേരളത്തിലെ പ്രകൃതി രമണീയമായ സ്ഥലങ്ങളിൽ വന്ന് താമസിച്ച് തൊഴിൽ

ചെയ്യുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ വർക്ക് പോഡുകൾ സ്ഥാപിക്കും.

**വിനോദസഞ്ചാരം**

65. സർ, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്ന മേഖലയാണ് ടൂറിസം. കോവിഡിന് ശേഷം ലോകമാകെ ജനങ്ങളുടെ ജീവിതത്തോടുള്ള കാഴ്ചപ്പാടിലും പണം ചെലവഴിക്കുന്ന രീതിയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. യാത്ര കൂടുതൽ ചെയ്യുന്നതിനും പ്രകൃതി മനോഹരവും സമാധാന പൂർണ്ണവുമായ ഇടങ്ങളിൽ അവധിക്കാലം ചെലവഴി ക്കുന്നതിനും തൽപരരായ ആളുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കോവിഡാനന്തരം ലോകത്ത് വികാസമുണ്ടായ മേഖലകളിലൊന്ന് ടൂറിസമാണ്. മുൻപ് ചെറുപ്പക്കാരായിരുന്ന ടൂറിസ്റ്റുകളിൽ ഭൂരിഭാഗമെങ്കിൽ ഇന്ന് റിട്ടയർ ചെയ്തവരും മുതിർന്ന പൗരന്മാരും കുടുംബമൊന്നാകെയും സ്ഥിരമായി യാത്രകളിലേർപ്പെടുന്നു. മികച്ച കാലാവസ്ഥയുള്ളതും വൃത്തിയുള്ളതും അടിസ്ഥാന സൗകര്യങ്ങൾ നല്ലനിലയിലുള്ളതുമായ സ്ഥലങ്ങളാണ് ടൂറിസ്റ്റുകൾ യാത്രപോകാനായി തെരഞ്ഞെടുക്കുന്നത്. നാടിന്റെ ക്രമസമാധാന നിലയും തദ്ദേശീയരായ ആളുകളുടെ പെരുമാറ്റവും രുചികരമായ ഭക്ഷണവുമെല്ലാം സഞ്ചാരികൾ കണക്കിലെടുക്കുന്നുണ്ട്. ഇക്കാരണങ്ങൾ കൊണ്ട് തന്നെ ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനാകാൻ കേരളത്തിന് കഴിയും. **ലോകത്ത്**

**കണ്ടിരിക്കേണ്ട 50 മനോഹര സ്ഥലങ്ങളിലൊന്നായി ടൈം മാഗസിൻ കേരളത്തെ തെരഞ്ഞെടുക്കുകയുണ്ടായി.** ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരും സംസ്ഥാനത്തിനുള്ളിലുള്ളവരുമായ നിരവധിയാളുകൾ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് എത്തുന്നുണ്ട്. കടലും കായലും മലയും കാടും കാലാവസ്ഥയും കേരളത്തിന്റെ അനന്യമായ സമ്പാദ്യമാണ്. ഇത് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയണം.

66. കേരളത്തിൽ ഇക്കോ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ കഴിയുന്ന നിരവധി കേന്ദ്രങ്ങളുണ്ട്. വനം -ടൂറിസം - സാംസ്കാരിക വകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനത്തോടെ ഇവയെ മികച്ച ടൂറിസം മേഖലകളായി വികസിപ്പിക്കാൻ കഴിയും. സ്വകാര്യ പങ്കാളിത്തത്തോടെ ഇത്തരം **പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാൻ സർക്കാർ മുൻകൈയെടുക്കുന്നതാണ്.**

67. ദേശീയ-അന്തർദേശീയ തലത്തിലുള്ള വലിയ ഇവന്റുകൾക്ക് വേദിയാകാൻ കഴിയുംവിധം വിപുലമായ കൺവെൻഷൻ സെന്ററുകൾ വികസിപ്പിക്കാൻ പ്രോത്സാഹനം നൽകും. വലിയ മുതൽമുടക്കുള്ള ബൃഹത്തായ കൺവെൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും അന്തർദേശീയ ടൂറിസ്റ്റുകൾക്ക് വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ആവശ്യമായ നയം രൂപീകരിക്കും. അടുത്ത മൂന്ന് വർഷം കൊണ്ട് 10000 ഹോട്ടൽ മുറികൾ അധികമായി വേണ്ടിവരുന്ന

നിലയിൽ ഇവിടെ ആവശ്യകതയുണ്ടാകും എന്നാണ് പഠനങ്ങൾ. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, ബാങ്കുകൾ എന്നിവയെ സഹകരിപ്പിച്ചുകൊണ്ട് മൂലധനം കേരളത്തിൽ നിക്ഷേപിക്കാൻ തയ്യാറാവുന്നവർക്കായി പലിശ കുറഞ്ഞ വായ്പാ പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ട്. 5000 കോടി രൂപയുടെ നിക്ഷേപം ഈ മേഖലയിൽ ഒരു വർഷത്തിനകം പ്രതീക്ഷിക്കുന്നു. തെരെഞ്ഞെടുത്ത 20 ഡെസ്റ്റിനേഷനുകളിലെങ്കിലും 500-ന് മുകളിൽ ആളുകൾക്ക് ഒരുമിച്ച് വരാനും കൂടിച്ചേരാനുമുള്ള സൗകര്യങ്ങൾ സജ്ജമാക്കാൻ സർക്കാരിനെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സ്വകാര്യ മേഖലയെയും കൂട്ടി യോജിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതി തയ്യാറാക്കും. ആദ്യ ഘട്ടമായി വർക്കല, കൊല്ലം, മൺറോതുരുത്ത്, ആലപ്പുഴ, മൂന്നാർ, ഫോർട്ട് കൊച്ചി, പൊന്നാനി, ബേപ്പൂർ, കോഴിക്കോട്, കണ്ണൂർ, ബേക്കൽ എന്നിവടങ്ങളിൽ ഈ സൗകര്യമൊരുക്കും. 50 കോടി രൂപ ഇതിനായി വകയിരുത്തുന്നു.

**വികസന സൗകര്യങ്ങൾക്കായി തദ്ദേശ ഗവൺമെന്റുകൾക്ക് പ്രത്യേക പദ്ധതി**

68. തദ്ദേശ സ്ഥാപനങ്ങൾക്ക് ലളിതമായ നടപടിക്രമം പാലിച്ച് റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വില പ്രകാരം ഭൂമി വാങ്ങി വിവിധ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന അവസരമുണ്ട്. അത് വാണിജ്യാടിസ്ഥാനത്തിൽ തൊഴിലവസരം ഉണ്ടാക്കാനും വരുമാനം ഉണ്ടാക്കാനും പറ്റുന്ന പദ്ധതികൾക്ക് സഹായകരമാകും.

ഭൂമിയേറ്റെടുക്കുന്നതിന്റെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കാൻ ഇതിലൂടെ കഴിയും. ഓരോ വർഷവും ലഭിക്കുന്ന തുച്ഛമായ ഫണ്ട് ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യുന്നതിന് പകരം ഒരുമിച്ച് ഫണ്ട് പൂൾ ചെയ്ത് വേഗത്തിൽ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ, മുൻസിപ്പൽ ബോണ്ടുകൾ എന്നിവ ഉപയോഗിച്ച് ഫണ്ട് ശേഖരിക്കാനാകും. വ്യവസായ പാർക്കുകൾ, പൊതു സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ തുടങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് നടത്തുന്ന പദ്ധതികൾക്ക് ഒരു ഭാഗം സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കും. **ഈ വർഷത്തെ ഇത്തരം പദ്ധതികളെ സഹായിക്കാനായി 100 കോടി രൂപ വകയിരുത്തുന്നു.**

**കെയർ എക്കണോമി**

69. തൊഴിൽ തേടിയും വിദ്യാഭ്യാസത്തിനുമായി യുവാക്കൾ വിദേശത്തേക്ക് കുടിയേറുന്നതുമൂലമുണ്ടാകുന്ന ഒരു പ്രധാന സ്ഥിതിവിശേഷം പ്രായമായവരെ സംരക്ഷിക്കുന്നതിനുള്ള പ്രൊഡക്ടീവ് ഏജ് ഗ്രൂപ്പിൽപ്പെട്ട ആളുകളുടെ എണ്ണം കുറയുന്നു എന്നതാണ്. അതിവേഗം കേരള ജനസംഖ്യയുടെ 20 ശതമാനം 60 വയസ്സിനുമുകളിൽ പ്രായമുള്ളവരായി മാറും. അവർക്ക് തുണയാകാൻ വലിയൊരു ശതമാനം വീടുകളിലും മക്കൾ ഉൾപ്പടെയുള്ളവരില്ല എന്നതാണ് യാഥാർത്ഥ്യം. ഈ സാഹചര്യത്തിൽ മുതിർന്ന

പൗരന്മാർക്കും മറ്റുള്ളവരുടെ തുണ വേണ്ടവർക്കും സന്തോഷത്തോടെയും ആരോഗ്യത്തോടെയും ജീവിക്കാൻ കഴിയുന്നതിനുവേണ്ട പിന്തുണ നൽകേണ്ട തുണ്ട്. വിദഗ്ധരായ ആരോഗ്യ പ്രവർത്തകരും നഴ്സുമാരും ഏറ്റവുമധികമുള്ള നാടാണ് കേരളം. സമാധാനപൂർണ്ണവും പ്രകൃതി സുന്ദരവും നല്ല കാലാവസ്ഥയുള്ളതുമായ നിരവധി പ്രദേശങ്ങൾ കേരളത്തിലുണ്ട്. ഇവിടങ്ങളിൽ 'കെയർ സെന്ററുകൾ' സ്ഥാപിച്ച് ആരോഗ്യ പരിചരണവും സംരക്ഷണവും നൽകുന്ന പദ്ധതി ആവിഷ്കരിക്കും. കേരളത്തിന് പുറത്തുനിന്നുള്ള ആളുകൾക്കും വിദേശികൾക്കും ഇത്തരം കേന്ദ്രങ്ങളിൽ പരിചരണം നൽകും. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ അന്തർദേശീയ നിലവാരത്തിൽ വികസിപ്പിക്കാൻ കഴിയുന്ന ഈ സംരംഭം സംസ്ഥാനത്തിന്റെ സവിശേഷമായ ഒരു പദ്ധതിയായി മാറും. ലോകത്തിന്റെ പല ഭാഗത്തുനിന്നും വിശ്രമ ജീവിതത്തിനും പരിചരണത്തിനുമായി വന്നെത്തുന്ന ഒരു കെയർ ഹബ്ബായി കേരളം മാറുകയാണെങ്കിൽ സമ്പദ് വ്യവസ്ഥയ്ക്ക് അതൊരു വലിയ മുതൽക്കൂട്ടാകും. ലോക കേരള സഭയുടെ സമ്മേളനങ്ങളിൽ ആവർത്തിച്ച് ഉന്നയിക്കപ്പെട്ട ആവശ്യമാണിത്.

**ഉന്നതവിദ്യാഭ്യാസ മേഖല**

70. സർ, കഴിഞ്ഞ രണ്ട് ബജറ്റ് പ്രസംഗങ്ങളിൽ, ഉന്നത വിദ്യാഭ്യാസം, ശാസ്ത്രം, സാങ്കേതികം എന്നീ മേഖലകളിലെ വികസനങ്ങൾക്ക് ഊന്നൽ നൽകി

യിരുന്നു. ഈ മേഖലകളിൽ നിരവധി പുതിയ സുപ്രധാന സ്ഥാപനങ്ങൾ തുടങ്ങും എന്ന് പ്രഖ്യാപിച്ചിരുന്നു. സെന്റർ ഓഫ് എക്സലൻസ് ഫോർ മൈക്രോബയോം, സെന്റർ ഓഫ് എക്സലൻസ് ഫോർ ന്യൂട്രാസ്യൂട്ടിക്കൽസ്, സർവ്വകലാശാലകളിലെ ട്രാൻസ്‌ലേഷണൽ ഗവേഷണ കേന്ദ്രങ്ങൾ, മൂന്ന് സർവ്വകലാശാലകളിലെ സയൻസ് പാർക്കുകൾ, സർവ്വകലാശാലകൾക്കുള്ള പുതിയ കെട്ടിടങ്ങൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഇവയിൽ ചിലത് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മറ്റുള്ളവ വിവിധ ഘട്ടങ്ങളിലാണെന്നും അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

71. രാജ്യത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബായി കേരളത്തെ മാറ്റുക എന്നത് ഒരു പ്രഖ്യാപിത ലക്ഷ്യമായിരിക്കും. നമ്മുടെ രാജ്യത്ത് നിന്നും പഠനത്തിനായി വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2022-ൽ ഈ സംഖ്യ 13.2 ലക്ഷമായി ഉയർന്നു. വിദേശത്തേക്ക് പോകുന്ന മൊത്തം വിദ്യാർത്ഥികളിൽ 4 ശതമാനം കേരളത്തിൽ നിന്നുള്ളവരാണെന്നാണ് കണക്കാക്കപ്പെടുന്നത്. ലോകോത്തര നിലവാരമുള്ള സ്ഥാപനങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി നേതൃത്വം നൽകിയ നവകേരള സദസ്സുകളിൽ നിരവധി ആളുകളിൽ നിന്ന്

ലഭിച്ച നിർദ്ദേശങ്ങളിൽ ഇത് വ്യക്തമായി പ്രതിധ്വനിക്കുന്നു.

72. കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പടെ സമഗ്രമായ നയപരിപാടികൾ ഈ വർഷം സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. 2022-ലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കാരങ്ങൾക്കായുള്ള ഈ സർക്കാർ സ്ഥാപിച്ച കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം മികവിന്റെ ഏറ്റവും ഉയർന്ന നിലവാരം കൈവരിക്കുന്ന തിനുള്ള പാത പിന്തുടരുക എന്നതായിരിക്കും ലക്ഷ്യം.

73. പ്രവാസികളായ അക്കാദമിക് വിദഗ്ധരെ സംയോജി പ്പിക്കുകയും അവരുടെ വൈദഗ്ധ്യം പ്രയോജന പ്പെടുത്തുകയും ചെയ്യും. അക്കാദമിക് വിദഗ്ധരുടെ ഒരു ടാസ്ക് ഫോഴ്സ് ഇതിനായി രൂപീകരിക്കും. യൂറോപ്പ്, യു.എസ്.എ, ഗൾഫ് നാടുകൾ, സിംഗപ്പൂർ എന്നിവിടങ്ങളിൽ 2024 മെയ് – ജൂൺ മാസങ്ങളിൽ നാല് പ്രാദേശിക കോൺക്ലേവുകൾ നടത്താൻ ഉദ്ദേശിക്കുന്നു. ഇതിന്റെ തുടർച്ചയായിട്ട് 2024 ഓഗസ്റ്റ് മാസത്തിൽ ഹയർ എഡ്യൂക്കേഷൻ ട്രാൻസ്ഫോർമേഷൻ ഇനിഷ്യേറ്റീവ് – ഗ്ലോബൽ കോൺക്ലേവ് സംസ്ഥാനത്ത് നടത്തും. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനായിരിക്കും ഇതിനുള്ള ചുമതല. ഒരു ഉന്നതവിദ്യാഭ്യാസ നിക്ഷേപ നയം രൂപീകരിക്കുക എന്നത് ഈ സംരംഭത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടും. ദേശീയ അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപന

ങ്ങളുമായി സഹകരിച്ച് കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുതിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നിക്ഷേപം ആകർഷിക്കുന്നതിനുള്ള പ്രത്യേക പ്രോത്സാഹനങ്ങളും പാക്കേജുകളും നയത്തിൽ ഉൾപ്പെടും.

74. തുല്യതയുടെയും സുതാര്യതയുടെയും തത്വങ്ങൾ അടിത്തറയാക്കിക്കൊണ്ട് പുതിയ യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരളത്തിൽ വിദേശ സർവ്വകലാശാല ക്യാമ്പസ്സുകൾ സ്ഥാപിക്കുന്നതിനുള്ള അവസരങ്ങളും പരിശോധിക്കും. ആവശ്യമായ എല്ലാ അംഗീകാരങ്ങൾക്കുമുള്ള ഏകജാലക ക്ലിയറൻസ്, സ്റ്റാമ്പ് ഡ്യൂട്ടി അല്ലെങ്കിൽ ട്രാൻസ്ഫർ ഡ്യൂട്ടി അല്ലെങ്കിൽ രജിസ്ട്രേഷൻ ചാർജ്ജുകളിൽ ഇളവുകൾ, വൈദ്യുതിയ്ക്കും വെള്ളത്തിനുമുള്ള സബ്സിഡി നിരക്കുകൾ, നികുതി ഇളവുകൾ, മൂലധനത്തിന് മേലുള്ള നിക്ഷേപ സബ്സിഡി എന്നിങ്ങനെയുള്ള ഘടകങ്ങൾ ഈ നിക്ഷേപക പോളിസിയുടെ ഭാഗമായിരിക്കും.

75. ധാരാളം വിദേശ വിദ്യാർത്ഥികൾ ഇന്ന് ഉന്നതവിദ്യാഭ്യാസത്തിനായി കേരളത്തിലെ വിവിധ സർവ്വകലാശാലകളിലേക്കെത്തുന്നുണ്ട്. മേൽ സൂചിപ്പിച്ച നടപടികളിലൂടെ കൂടുതൽ വിദേശ വിദ്യാർത്ഥികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിയും. സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

## ചെറുകിട വ്യാപാര മേഖല

76. സർ, ചെറുകിട വ്യാപാര മേഖല ലോകമെമ്പാടും വലിയ പ്രതിസന്ധി നേരിടുകയാണ്. കേരളത്തിലെ വ്യാപാരി സമൂഹവും വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. റീട്ടെയിൽ ചെയിനുകളുടെയും വലിയ ഷോപ്പിംഗ് മാളുകളുടെയും ഓൺലൈൻ വ്യാപാരത്തിന്റെയും കടന്നുവരവാണ് പ്രതിസന്ധിയ്ക്ക് കാരണം. നവകേരള സദസ്സുകളിലും മുഖ്യമന്ത്രിയെ നേരിട്ട് കണ്ടും വ്യാപാര സമൂഹം ഈ പ്രശ്നം ഉന്നയിച്ചിരുന്നു. പരമ്പരാഗത രീതിയിൽ കച്ചവടം നടത്തുന്ന ബ്രിക് ആന്റ് മോർട്ടാർ കടകൾ നേരിടുന്ന പ്രശ്നത്തിന്റെ കാരണം വൻകിടക്കാർക്ക് ലഭ്യമാകുന്ന 'വലുപ്പനേട്ട'ങ്ങളും (സ്കെയിൽ ഇക്കണോമി) പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗവുമാണ്. ഈ പ്രശ്നത്തിന്റെ പരിഹാരം വലുപ്പനേട്ടങ്ങളും ആധുനിക സങ്കേതങ്ങളുടെ സൗകര്യവും നമ്മുടെ വ്യാപാര സമൂഹത്തിന് ലഭ്യമാക്കുകയാണ്. വ്യാപാരികൾ കൂട്ടായ്മകൾ ഉണ്ടാക്കി ഒരുമിച്ച് നിന്നാൽ വലുപ്പ നേട്ടങ്ങൾ ലഭ്യമാക്കാൻ കഴിയും. ഉൽപ്പാദകരിൽ നിന്ന് വലിയ അളവിൽ സാധനങ്ങൾ ഒരുമിച്ച് വാങ്ങുകയും ചരക്കുനീക്കം, ഇൻവെന്ററി മാനേജ്മെന്റ്, കടകളിലേക്കുള്ള വിതരണത്തിന്റെ ലോജിസ്റ്റിക്സ് തുടങ്ങിയ കാര്യങ്ങൾ ഒരുമിച്ച് ഏറ്റെടുക്കുകയും വേണം. അതിന് സഹായ കരമായ നിലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ, ആധുനിക മാനേജ്മെന്റ് സങ്കേതങ്ങൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ ഉപയോഗപ്പെടുത്തുകയും വേണം.

സാങ്കേതിക സംവിധാനം രൂപപ്പെടുത്താൻ നമ്മുടെ സർവ്വകലാശാലകൾക്കും മാനേജ്മെന്റ് സ്ഥാപനങ്ങൾക്കും കഴിയും. **പ്രാരംഭ ചെലവുകൾക്ക് 300 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.** ചെറുകിട വ്യാപാര മേഖല സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ സമിതിയെ ചുമതലപ്പെടുത്തും.

**കായിക സമ്പദ് വ്യവസ്ഥ**

77. കായിക മേഖലയിലെ സുസ്ഥിരമായ വികസനത്തിനൊപ്പം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് സംഭാവന ചെയ്യുന്ന ഒന്നാക്കി കായിക രംഗത്തെ മാറ്റുവാൻ ലക്ഷ്യമിടുന്നതാണ് പുതിയ കായിക നയം. രാജ്യത്ത് ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടിയിലൂടെ 5000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചത് മികച്ച നേട്ടമാണ്. അടിസ്ഥാന സൗകര്യങ്ങൾ, കായിക അനുബന്ധ വ്യവസായങ്ങൾ, പുതിയ ലീഗുകൾ, കായിക സ്റ്റാർട്ടപ്പുകൾ, അക്കാദമികൾ തുടങ്ങിയ രംഗങ്ങളിലാണ് നിക്ഷേപങ്ങൾ ഉണ്ടാകുക. പതിനായിരത്തിലധികം തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടും.

# ഭാഗം III

**കൃഷി**

78. സർ, കൃഷി വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് മികച്ച വരുമാനം ഉറപ്പുവരുത്തുന്നതിനും വേണ്ട നിരവധി

പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരികയാണ്. **ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം 2,36,344 തൊഴിലവസരങ്ങളാണ് കാർഷിക മേഖലയിൽ സൃഷ്ടിച്ചത്. കാർഷിക മേഖലയ്ക്ക് 2024-25 വാർഷിക പദ്ധതിയിൽ ആകെ 1698.30 കോടി രൂപ വകയിരുത്തുന്നു.**

## Kerala Climate Resilient Agri Value Chain Modernisation Project (KERA)

79. കാർഷിക മേഖലയിൽ കേരളാ കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യ ശൃംഖല ആധുനിക വൽക്കരണം എന്ന പുതിയ പദ്ധതി 2024-25 -ൽ ലോക ബാങ്ക് വായ്പയോടെ ആരംഭിക്കുന്നതാണ്. ചെറുകിട കർഷകർ, കാർഷികാധിഷ്ഠിത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന തരത്തിൽ കേരളത്തിലെ ഭക്ഷ്യകാർഷിക മേഖലയുടെ വാണിജ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും, അതുവഴി പ്രാദേശിക സാമ്പത്തിക വികസനം ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. **അടുത്ത അഞ്ച് വർഷം കൊണ്ട് 2365 കോടി രൂപ ഈ പദ്ധതി വഴി ചെലവിടും.** കാർഷിക മേഖലയിലെ കാലാവസ്ഥ പ്രതിരോധവും ലഘൂകരണവും, ചെറുകിട വാണിജ്യ വൽക്കരണം, കണ്ടിൻജൻസി എമർജൻസി റസ്പോൺസ്, പൊട്ടൻഷ്യൽ ക്ലൈമറ്റ് ഫിനാൻസിങ്ങ് എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മൂല്യ

വർദ്ധനയുമായി ബന്ധപ്പെട്ട പ്രോജക്ട് ഘടകങ്ങൾ വ്യവസായ വകുപ്പിന്റെ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതാണ്. **സംസ്ഥാന വിഹിതം ഉൾപ്പെടെ 2024-25 ൽ 100 കോടി രൂപ പദ്ധതിക്കായി വകയിരുത്തുന്നു.**

80. **വിള പരിപാലന മേഖലയ്ക്കായി ആകെ 535.90 കോടി രൂപ മാറ്റി വയ്ക്കുന്നു.**

81. സംസ്ഥാനത്തെ ഏഴ് നെല്ലുൽപ്പാദക കാർഷിക ആവാസ യൂണിറ്റുകൾ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതാണ്. **പദ്ധതി നടത്തിപ്പിനായി 93.60 കോടി രൂപ വകയിരുത്തുന്നു.**

82. **സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറി കൃഷി വികസന പദ്ധതിക്കായി 78.45 കോടി രൂപ വകയിരുത്തുന്നു.**

83. നാളികേര കൃഷിയുടെ വികസനത്തിന് പ്രത്യേക പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. കഴിഞ്ഞ ബജറ്റിൽ നാളികേരത്തിന് നിലവിലുണ്ടായിരുന്ന താങ്ങുവില കിലോഗ്രാമിന് 32 രൂപയിൽ നിന്ന് 34 രൂപയായി ഉയർത്തിയിരുന്നു. **നാളികേര വികസന പദ്ധതിക്കായി 65 കോടി രൂപ വകയിരുത്തുന്നു.**

84. സംസ്ഥാനത്ത് സുഗന്ധവ്യഞ്ജന കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന് 4.60 കോടി രൂപ വകയിരുത്തുന്നു.

85. **ഫലവർഗ്ഗ കൃഷിയുടെ വിസ്തൃതി വിപുലീകരിക്കുന്നതിനായി ആകെ 18.92 കോടി രൂപ വകയിരുത്തുന്നു. 25% ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും.**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ് ബ്രീഡിംഗ്**

86. സംസ്ഥാനത്ത് വിളകളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കേണ്ടത് അടിയന്തിര ആവശ്യമാണ്. കാലാവസ്ഥാ മാറ്റങ്ങളോടും കീടബാധയോടുമെല്ലാം പ്രതിരോധിക്കാൻ കഴിയുന്നതും ഉൽപ്പാദന ശേഷി യുള്ളതുമാക്കി വിളകളെ മാറ്റേണ്ടത് അത്യാവശ്യമാണ്. ഈ മേഖലയിലെ **പുതിയ വിജ്ഞാനങ്ങൾ ഉപയോഗ പ്പെടുത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ് ബ്രീഡിംഗ് സ്ഥാപിക്കും. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

87. **വിള ആരോഗ്യ പരിപാലന പരിപാടികൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.**

88. **ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായ പദ്ധതിയ്ക്കായി 16.95 കോടി രൂപ വകയിരുത്തുന്നു.**

89. **കുട്ടനാട്ടിലെ പരമ്പരാഗത "പെട്ടിയും പറയും" സമ്പ്രദായത്തിന് പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പും മോട്ടോർ തറയും സ്ഥാപിക്കുന്നതിനും**

പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള പദ്ധതിക്കായി 36 കോടി രൂപ വകയിരുത്തുന്നു.

90. കൃഷി ഉന്നതി യോജനക്ക് കീഴിലുള്ള വിവിധ സ്കീമുകളുടെ സംസ്ഥാന വിഹിതമായി 77 കോടി രൂപ വകയിരുത്തുന്നു.

91. വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനും മൂല്യവർദ്ധനവിനുമായി ആകെ 8 കോടി രൂപ വകയിരുത്തുന്നു.

92. കാർഷികോല്പന്നങ്ങളുടെ കാര്യക്ഷമമായ വിപണനം ഉറപ്പു വരുത്തുന്ന പദ്ധതിക്ക് 43.90 കോടി രൂപ വകയിരുത്തുന്നു.

93. ഗവേഷണ പ്രവർത്തനങ്ങൾക്കായി 42 കോടി രൂപ ഉൾപ്പെടെ കാർഷിക സർവ്വകലാശാലയ്ക്ക് 75 കോടി രൂപ വകയിരുത്തുന്നു.

മണ്ണ് – ജല സംരക്ഷണം

94. മണ്ണ് – ജല സംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 83.99 കോടി രൂപ വകയിരുത്തുന്നു.

മൃഗസംരക്ഷണം

95. 2024–25 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ മേഖലയ്ക്ക് 277.14 കോടി രൂപ വകയിരുത്തുന്നു. മൃഗസംരക്ഷണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 82.50 കോടി രൂപയും കേരളാ വെറ്ററിനറി ആന്റ്

**അനിമൽ സയൻസ് സർവ്വകലാശാലയ്ക്ക് 57 കോടി രൂപയും വകയിരുത്തുന്നു.**

96. **മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്താൻ 32.18 കോടി രൂപയും പ്രത്യേക കന്നുകാലി പരിപാലന പരിപാടിക്കായി 42.50 കോടി രൂപയും വകയിരുത്തുന്നു.**

97. **കേരള ഫീഡ്സ് -നുള്ള ധന സഹായമായി 16.20 കോടി രൂപ വകയിരുത്തുന്നു.**

98. **"മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിയ്ക്കൽ" എന്ന പദ്ധതിക്ക് 17 കോടി രൂപ വകയിരുത്തുന്നു.**

99. **മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്-ന് 17.14 കോടി രൂപ സഹായമായി അനുവദിക്കുന്നു. ഇത് മുൻവർഷത്തെക്കാൾ 3.64 കോടി രൂപ അധികമാണ്.**

**ക്ഷീരവികസനം**

100. **ക്ഷീരവികസന മേഖലയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 109.25 കോടി രൂപ വകയിരുത്തുന്നു. ഇതിൽ റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് ഫാം അഡ്വൈസറി സർവ്വീസ് എന്ന പദ്ധതിക്ക് 11.40 കോടി രൂപയും ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായമായി 22.55 കോടി രൂപയും വകയിരുത്തുന്നു.**

**മത്സ്യബന്ധനം**

101. സർ, തീരദേശവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പഠിക്കാനും പരിഹാരനടപടികൾ സ്വീകരിക്കാനുമായി സംസ്ഥാനത്തെ തീരദേശ മണ്ഡലങ്ങളിൽ സംഘടിപ്പിച്ച

തീരസദസ്സിലൂടെ ലഭിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് സർക്കാർ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയാണ്. **സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. മത്സ്യബന്ധന മേഖലയ്ക്ക് ആകെ 227.12 കോടി രൂപ വകയിരുത്തുന്നു.**

102. **പട്രോളിംഗിനായി 20 ബോട്ടുകൾ വാടകയ്ക്ക് എടുക്കുന്നത് ഉൾപ്പെടെ മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക എന്ന പദ്ധതിക്കായി 9 കോടി രൂപ നീക്കി വയ്ക്കുന്നു.**

103. **പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പദ്ധതിയാണ് സേവിംഗ്-കം-റിലീഫ് സ്കീം. ഈ സ്കീമിൽ കേന്ദ്ര സർക്കാർ ആനുപാതിക വിഹിതം നൽകാത്ത സാഹചര്യത്തിൽ സംസ്ഥാനം അതുകൂടി നൽകേണ്ടുന്ന പ്രത്യേക സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത്. ഈ സ്കീമിന്റെ സംസ്ഥാന വിഹിതമായി 22 കോടി രൂപ നീക്കി വയ്ക്കുന്നു.**

104. **ഉൾനാടൻ മത്സ്യബന്ധന മേഖലയ്ക്ക് 7 പദ്ധതികളിലായി ആകെ 80.91 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 67.50 കോടി രൂപ 'അക്വാകൾച്ചർ വികസനം' എന്ന പദ്ധതിക്കായി നീക്കി വയ്ക്കുന്നു.**

105. **'മത്സ്യഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ' എന്ന പദ്ധതിക്ക് 18 കോടി രൂപ നീക്കി വയ്ക്കുന്നു.**

106. അരൂർ – ചന്തിരൂർ പ്രദേശത്തെ മത്സ്യ വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് പൊതു മലിനജല സംസ്കരണശാല സ്ഥാപിക്കേണ്ടതുണ്ട്. കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

തീരദേശ വികസനം

107. തീരദേശ വികസനത്തിനായി 2024-25-ൽ 136.98 കോടി രൂപ വകയിരുത്തുന്നു.

108. മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും, അവരുടെ മാനവശേഷി വികസനവും ഉറപ്പാക്കുന്ന പദ്ധതിക്കായി 60 കോടി രൂപ വകയിരുത്തുന്നു. ഇതിൽ വിദ്യാഭ്യാസ/പരിശീലന പരിപാടിക്കുള്ള 15 കോടി രൂപയും സോഷ്യൽ മൊബിലൈസേഷൻ പരിപാടികൾക്കുള്ള 5 കോടി രൂപയും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഇതര ഉപജീവനമാർഗ്ഗങ്ങൾക്കുള്ള 17 കോടി രൂപയും ഉൾപ്പെടുന്നു.

109. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾക്ക് 3 കോടി രൂപ വകയിരുത്തുന്നു. മത്സ്യഫെഡിന്റെ നീണ്ടകരയിലെ പുതിയ വല ഫാക്ടറിക്കായി 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

110. മത്സ്യതൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകുന്ന പദ്ധതിക്കായി 10 കോടി രൂപയും തീരദേശ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 10 കോടി രൂപയും നീക്കിവയ്ക്കുന്നു.

111. നിരന്തരമായ തീരശോഷണ ഭീഷണി നേരിടുന്ന മേഖലയിൽ തീരത്തു നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന എല്ലാ കുടുംബങ്ങളെയും സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന **പുനർഗേഹം പദ്ധതിയുടെ 2024-25 വർഷത്തെ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തിന്റെ ഇരട്ടിയാണ്. 2021-22 സാമ്പത്തിക വർഷത്തിനു ശേഷം ഇതുവരെ പുനർഗേഹം പദ്ധതിക്ക് 226.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.**

112. **മത്സ്യ തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും മണ്ണ് നീക്കം ചെയ്യുന്നതിനുമായി 9.50 കോടി രൂപ വകയിരുത്തുന്നു.**

113. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അപകടമരണം, കാണാതാകൽ, സ്ഥിരവൈകല്യം എന്നിവയ്ക്ക് 10 ലക്ഷം രൂപയുടെയും, ഭാഗിക വൈകല്യത്തിന് 5 ലക്ഷം രൂപയുടെയും **അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിക്കായി 11.18 കോടി രൂപ വകയിരുത്തുന്നു. രണ്ടര ലക്ഷത്തോളം മത്സ്യത്തൊഴിലാളികളും എൺപതിനായിരത്തോളം അനുബന്ധതൊഴിലാളികളും ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരുമെന്ന് കണക്കാക്കുന്നു.**

114. **മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം ഉൾപ്പെടെ വിവിധ പ്രവൃത്തികൾക്ക് സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നു. ഇതുൾപ്പെടെ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി 13.31 കോടി രൂപ വകയിരുത്തുന്നു.**

115. **പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഉയർന്ന് വന്നിട്ടുണ്ട്. ഇതിലേക്ക് പ്രാഥമികമായി 5 കോടി രൂപ അനുവദിക്കുന്നു.**

വനവും വന്യജീവി സംരക്ഷണവും

116. **മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുക, വന മേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങളുടെ ജീവനും ജീവനോപാധിക്കും സംരക്ഷണം നൽകുക, കാലാവസ്ഥാ വ്യതിയാനത്തിനെതിരായുള്ള ഒരു കവചമായി വന മേഖലയെ ഉപയോഗപ്പെടുത്തുക എന്നീ വിഷയങ്ങൾക്കാണ് 2024-25 ൽ ഊന്നൽ നൽകുന്നത്. സംസ്ഥാനത്തുടനീളം സംഘടിപ്പിച്ച വനസൗഹൃദ സദസ്സിലൂടെ ലഭിച്ച 4797 പരാതികളിൽ 4311 എണ്ണം പരിഹരിക്കുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്തു.** ബഹു. സുപ്രീം കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ച്, എക്കോ സെൻസിറ്റീവ് സോണുകളായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ നിന്നും വാസയോഗ്യമായ സ്ഥലങ്ങളെ ഒഴിവാക്കുകയുണ്ടായി. **നവകിരണം പദ്ധതിയുടെ കീഴിൽ 93.60 കോടി രൂപ നൽകി പട്ടികവർഗ്ഗക്കാരല്ലാത്ത 780 കുടുംബങ്ങളെ വനമേഖലയിൽ നിന്നും മാറ്റി പാർപ്പിച്ചു.**

**ഇതോടെ ഈ മേഖലയുമായി ബന്ധപ്പെട്ട് ദീർഘകാലമായി നിലനിന്നിരുന്ന ഒരു പ്രശ്നം വിജയകരമായി പരിഹരിക്കാൻ സാധിച്ചു.**

**ചന്ദന കൃഷിക്ക് പ്രോത്സാഹനം**

117. സംസ്ഥാനത്ത് ചന്ദന കൃഷി പ്രോത്സാഹിപ്പിക്കുകയും ചന്ദനം സംരക്ഷിക്കാൻ സർക്കാർ സഹായിക്കുകയും ചെയ്യും. ഇതിനായി ചന്ദനവുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തും. സ്വകാര്യ ഭൂമിയിൽ നിന്നും മുറിയ്ക്കുന്ന ചന്ദനം ശേഖരിക്കുന്നതിനായി സംസ്ഥാനത്തുടനീളം കൂടുതൽ വനം ഡിപ്പോകളെ ചന്ദനത്തിന്റെ കളക്ഷൻ സെന്ററുകളാക്കുക, ചന്ദനത്തടികൾക്ക് സർക്കാർ നിർണ്ണയിച്ച മൂല്യത്തിന്റെ 50 ശതമാനമെങ്കിലും മുൻകൂറായി ഉടമസ്ഥർക്ക് നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് സൃഷ്ടിക്കുക തുടങ്ങിയവയും വിഭാവനം ചെയ്യുന്നു.

**ഇക്കോ ടൂറിസം അതോറിറ്റി**

118. ഇക്കോ ടൂറിസത്തിന്റെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കും.

119. **വനവും വന്യജീവിയും മേഖലയിൽ 2024-25 സാമ്പത്തിക വർഷം 232.59 കോടി രൂപ വകയിരുത്തുന്നു.**

120. **സർ, ഇന്ത്യയിലാദ്യമായി, വനത്തെ പൂർണമായും ആശ്രയിച്ചു കഴിഞ്ഞിരുന്ന 500 ഗോത്ര വർഗ്ഗ യുവജനങ്ങളെ പി.എസ്.സി.-യുടെ സ്പെഷ്യൽ റിക്രൂട്ടമെന്റ് വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിച്ചു.**

121. **ജൈവവൈവിധ്യ സമ്പത്തിന്റെ സംരക്ഷണത്തിനായി 2024-25 സാമ്പത്തിക വർഷം 5.97 കോടി രൂപ വകയിരുത്തുന്നു.**

**വിഭവ ആസൂത്രണവും ഗവേഷണവും**

122. പാരിസ്ഥിതിക പുനരുദ്ധാരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി **അടിസ്ഥാന സൗകര്യ വികസന ഫണ്ടിനത്തിൽ 2024-25 സാമ്പത്തിക വർഷം 50.30 കോടി രൂപ വകയിരുത്തുന്നു.**

**മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ മാർഗ്ഗങ്ങൾ**

123. **മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കഴിഞ്ഞ വർഷവും പദ്ധതി വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 48.85 കോടി രൂപ വകയിരുത്തുന്നു.**

124. **തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ സ്ഥിതിചെയ്യുന്ന സുവോളജിക്കൽ പാർക്കിനെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഇതുവരെ കിഫ്ബിയിൽ നിന്നുൾപ്പടെ 204.25 കോടി രൂപ**

**ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷം സുവോളജിക്കൽ പാർക്കിന് 6 കോടി രൂപ വകയിരുത്തുന്നു.**

125. തളിപ്പറമ്പ് മണ്ഡലത്തിലെ നാടുകാണിയിൽ വിപുലമായ സഫാരി പാർക്ക് സജ്ജമാക്കും. മ്യൂസിയം, ജൈവ വൈവിദ്ധ്യ പാർക്ക്, മൃഗശാല എന്നിവ ചേർന്ന ഈ കേന്ദ്രത്തിനായി 300 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പൊതുമേഖല, സഹകരണ മേഖല, സ്വകാര്യമേഖല എന്നിവ ചേർന്നുള്ള സംയുക്തസംരംഭമായി ഇത് വികസിപ്പിക്കും. ഈ പദ്ധതിയ്ക്ക് 300 കോടി രൂപ നിക്ഷേപം വേണ്ടിവരുമെന്നാണ് പ്രാഥമികമായി വിലയിരുത്തുന്നത്. മലബാർ മേഖലയിലെ പ്രധാന ടൂറിസം കേന്ദ്രമായി പദ്ധതി മാറും. പ്രാഥമിക ചെലവിനായി 2 കോടി രൂപ വകയിരുത്തുന്നു.

**ടൈഗർ സഫാരി പാർക്ക്**

126. കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ചിലെ മുതുകാടുള്ള 120 ഹെക്ടർ ഭൂമിയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കും. ടൂറിസം രംഗത്ത് ഏറെ സാധ്യതകളുള്ള ഒന്നായി ഈ കേന്ദ്രത്തെ വികസിപ്പിക്കും.

**തദ്ദേശഭരണം**

127. **തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 28.09 ശതമാനമായി**

**ഉയർത്തുന്നു. പദ്ധതി വിഹിതമായി 8532 കോടി രൂപ വകയിരുത്തുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനു കളിലും നടപ്പാക്കുന്ന കേരള ഖരമാലിന്യ പരിപാലന പ്രോജക്ടിനുള്ള 180 കോടി രൂപയും ഇതിലുൾപ്പെടുന്നു. കൂടാതെ മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 4131.19 കോടി രൂപയും ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2542.27 കോടി രൂപയും നീക്കിവയ്ക്കുന്നു.**

**ഭരണഘടനാ സാക്ഷരത**

128. നമ്മുടെ രാജ്യം റിപ്പബ്ലിക്ക് ആയതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന 2025 ജനുവരി 26-നകം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭരണഘടനാ സാക്ഷരത കൈവരിക്കാനുള്ള പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കും.

129. **എറണാകുളം നഗരത്തിലെ ദീർഘകാല പ്രശ്നമായിരുന്ന വെള്ളപ്പൊക്കവും വെള്ളക്കെട്ടും 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിയിലൂടെ പരിഹരിക്കുന്നതിൽ കോർപ്പറേഷനും സർക്കാരും വിജയിച്ചിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തന ങ്ങൾക്കായി 10 കോടി രൂപ കൂടി നടപ്പുവർഷം വകയിരുത്തുന്നു.**

130. **തൃശ്ശൂർ ശക്തൻതമ്പുരാൻ ബസ് സ്റ്റാൻഡ് വികസനത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.**

**ഗ്രാമവികസനം**

131. **ഗ്രാമവികസന മേഖലക്ക് പദ്ധതി വിഹിതമായി ആകെ 1768.32 കോടി രൂപ വകയിരുത്തുന്നു.**

132. **കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികളിലെ സുപ്രധാനമായ ഒന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കഴിഞ്ഞ ഏതാനും വർഷങ്ങളായി പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിക്കുന്ന തിൽ നിന്നും കേന്ദ്ര ഗവൺമെന്റ് പിന്നാക്കം പോകുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കു കീഴിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേരള സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. 2022-23-ൽ ഈ പദ്ധതി പ്രകാരം ഒൻപത് കോടി അറുപത്തിഅഞ്ച് ലക്ഷത്തി എഴുപത്തി ആറായിരം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2024-25-ൽ 10.50 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിലൂടെ 3496.50 കോടി രൂപ വേതനമായി ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. നിയമപ്രകാരം ഈ പദ്ധതിയുടെ മൂന്നിലൊന്ന് ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണ മെന്നാണെങ്കിലും കേരളത്തിൽ ഇത് 90 ശതമാനത്തിന് മുകളിലാണ്.**

133. **ഈ പദ്ധതിയുടെ സംസ്ഥാനവിഹിതമായി 230.10 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 4459.71 കോടി രൂപ പ്രതീക്ഷിക്കുന്നു.**

134. **പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 84.68 കോടി രൂപ വകയിരുത്തുന്നു. 127.02 കോടി രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.**

135. അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. തദ്ദേശ

സ്വയംഭരണ വകുപ്പ് നടത്തിയിട്ടുള്ള സർവ്വേ പ്രകാരം 64,006 അതിദരിദ്ര കുടംബങ്ങളെയാണ് കണ്ടെത്തിയിരുന്നത്. **അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യ ഘട്ട നിർവ്വഹണത്തിലൂടെ ഇതിലെ 47.9 ശതമാനം കുടുംബങ്ങളും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 50 കോടി രൂപ വകയിരുത്തുന്നു. 2025 നവംബർ മാസത്തോടു കൂടി അതിദാരിദ്ര്യമുള്ള മുഴുവൻ കുടുംബങ്ങളെയും ഈ അവസ്ഥയിൽ നിന്നും മോചിപ്പിക്കും.**

136. **വിവിധ സാക്ഷരതാ പരിപാടികൾക്കായി 20 കോടി രൂപ വകയിരുത്തുന്നു.**

**കുടുംബശ്രീ**

137. സ്ത്രീശാക്തീകരണം ലക്ഷ്യം വച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച കുടുംബശ്രീ – സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ വിജയകരമായി 25 വർഷം പിന്നിട്ടിരിക്കുകയാണ്. കുടുംബശ്രീ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. **കുടുംബശ്രീ സംഘടനാ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ചലനാത്മകമാക്കുന്നതിനും വേണ്ടി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ 2023-24 സാമ്പത്തിക വർഷം 'തിരികെ സ്കൂളിൽ' എന്ന**

**ബൃഹത് ക്യാമ്പെയിൻ സംഘടിപ്പിക്കുകയും, 38.7 ലക്ഷം പേർ ഇതിൽ പങ്കാളികളാകുകയും ചെയ്തു.** ഇതിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് **ഒരു വർഷം കൊണ്ട് 3 ലക്ഷം സ്ത്രീകൾക്ക് ഉപജീവന മാർഗ്ഗം ഉറപ്പുവരുത്തി, അവരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി 2024-25 സാമ്പത്തിക വർഷം K-LIFT (Kudumbashree Livelihood Initiative for Transformation) എന്ന പേരിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക ഉപജീവന പദ്ധതി സംഘടിപ്പിക്കും.** സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സ്വകാര്യ-പൊതുമേഖല സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടുകൾ, വിവിധ വായ്പാ പദ്ധതികൾ ഉൾപ്പെടെ ഏകദേശം 430 കോടി രൂപയുടെ ഉപജീവന പരിപാടികളാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതി, കുടുംബശ്രീയെ പുതിയ ദിശയിലേയ്ക്ക് നയിക്കുന്നതിനും, കേരളത്തിന്റെ സ്ത്രീ ശാക്തീകരണ ത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കാനും ഉതകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

138. **കുടുംബശ്രീക്കായി 2024-25-ൽ 265 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 5 കോടി അധികമാണ്.**

139. **സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി 7.50 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമായി 11.25 കോടി രൂപ പ്രതീക്ഷിക്കുന്നു.**

140. ഖര-ദ്രവ മാലിന്യ നിർമ്മാർജനം ഉൾപ്പെടെയുള്ള സമ്പൂർണ ശുചിത്വം ഉറപ്പാക്കുന്നതിനായി ശുചിത്വ മിഷൻ പ്രവർത്തിച്ച് വരുന്നു. **ശുചിത്വമിഷന് 25 കോടി രൂപ വകയിരുത്തുന്നു.**

141. **ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (DAY-NRLM) പദ്ധതിക്ക് സംസ്ഥാന വിഹിതമായി 65 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമായി 97.50 കോടി രൂപ പ്രതീക്ഷിക്കുന്നു.**

142. **രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാനു (RGSA) സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തുന്നു.**

**സമ്പൂർണ ഭവന പദ്ധതി (LIFE)**

143. **സംസ്ഥാനത്തെ മുഴുവൻ ഭവന രഹിതർക്കും വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭവന പദ്ധതിയാണ് ലൈഫ്. ലൈഫ് മിഷൻ ഭവന പദ്ധതിയിൽ 2023-24 വർഷത്തിൽ നാളിതുവരെ 1,51,073 വീടുകളുടെ നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. അതിൽ 31,386 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,19,687 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ലൈഫ് പദ്ധതിയിൽ ഇതുവരെ 3,71,934 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 2024 മാർച്ച് 31-നകം 4,25,000 വീടുകളുടെ നിർമ്മാണം**

പൂർത്തീകരിക്കാനും 2025 മാർച്ച് 31-നകം ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ച കുടുംബങ്ങളുടെ എണ്ണം അഞ്ച് ലക്ഷത്തിലെത്തിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

144. സർ, ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതിക്കായി ആകെ 17,104.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 വർഷം ഇതുവരെ 1966.36 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് 2024-25 വർഷത്തേയ്ക്ക് 1132 കോടി രൂപ വകയിരുത്തുന്നു.

145. സർ, ലൈഫ് പദ്ധതിയുടെ ഭാഗമായി അടുത്ത 2 വർഷം കൊണ്ട് 10000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമേ സർക്കാരും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് ദീർഘകാല വായ്പാ പദ്ധതി ഉപയോഗിച്ച് വേഗത്തിൽ നിർമ്മാണം പൂർത്തീകരിക്കും.

146. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയായ PMAY ഗ്രാമീൺ -ന് കീഴിൽ വീടൊന്നിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 1.20 ലക്ഷം രൂപയാണ്. ഇതിന്റെ 60 ശതമാനമായ 72,000 രൂപയാണ് കേന്ദ്ര വിഹിതം. എന്നാൽ സംസ്ഥാന സർക്കാർ വീടൊന്നിന് 4 ലക്ഷം രൂപ നിശ്ചയിച്ച് ബാക്കി തുകയായ 3,28,000 രൂപ നൽകിവരുന്നു. ഈ പദ്ധതിക്കുള്ള 2024-25 ലെ സംസ്ഥാന വിഹിതമായി 207.92 കോടി രൂപ വകയിരുത്തുന്നു.

147. **പ്രധാനമന്ത്രി ആവാസ് യോജന-നഗരം (പി.എം.എ.വൈ-നഗരം) പദ്ധതിയിൽ വീടൊന്നിന് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത് 2.50 ലക്ഷം രൂപയാണ്. എന്നാൽ കേന്ദ്ര വിഹിതമായ 1.50 ലക്ഷം രൂപയുൾപ്പടെ കേരളത്തിൽ വീടൊന്നിന് 4 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ അനുവദിക്കുന്നത്. പദ്ധതിയുടെ കീഴിലുള്ള പാർപ്പിട യൂണിറ്റുകളുടെ എണ്ണം 1,31,757 ആണ്. ഇതിൽ 48,640 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.** പ്രധാനമന്ത്രി ആവാസ് യോജന-നഗരം (പി.എം.എ.വൈ.-നഗരം) **പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിഹിതമായി 133 കോടി രൂപ വകയിരുത്തുന്നു.** കേന്ദ്രവിഹിതമായി 399 കോടി രൂപ പ്രതീക്ഷിക്കുന്നു.

148. **PMAY ഗ്രാമീൺ, അർബൻ എന്നീ പദ്ധതികൾക്ക് ബ്രാൻഡിംഗ് നൽകണമെന്ന കേന്ദ്ര നിബന്ധന ഗുണഭോക്താക്കൾക്ക് അഭിമാനക്ഷതമുണ്ടാക്കുന്നതാകയാൽ സംസ്ഥാന സർക്കാർ ഇത് നിരാകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അർഹതപ്പെട്ട വിഹിതം അനുവദിക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്നോട്ട് പോകുകയാണ്. അതു കാരണം ഈ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ കണ്ടെത്തേണ്ട അവസ്ഥയാണുള്ളത്. വീട് ലഭിക്കുന്നവരുടെ വ്യക്തിത്വം അടിയറ വയ്ക്കുന്ന നയങ്ങൾ അംഗീകരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറല്ല.**

149. സർക്കാർ ഗ്യാരണ്ടിയിൽ ഹഡ്കോയിൽ നിന്നും വായ്പയെടുത്ത് കേരള നഗര ഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ ലൈഫ് മിഷൻ പദ്ധതിക്ക് ധനസഹായം നൽകി വരുന്നു. **ഹഡ്കോ വായ്പയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള സഹായമായി കെ.യു.ആർ.ഡി.എഫ്.സി.-യ്ക്ക് 305.68 കോടി രൂപ വകയിരുത്തുന്നു.**

**ഭവന നിർമ്മാണം**

150. **2024-25 -ൽ ഭവന നിർമ്മാണ മേഖലയ്ക്കായി 57.62 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനുള്ള 39.56 കോടി രൂപയും ഭവന വകുപ്പിനുള്ള 1.06 കോടി രൂപയും ഉൾപ്പെടുന്നു.

151. താഴ്ന്ന വരുമാനമുള്ളവർക്ക് വായ്പാ ബന്ധിത സബ്സിഡി അനുവദിക്കുന്ന ഇ.ഡബ്ല്യു.എസ്. / എൽ.ഐ.ജി. ഭവന പദ്ധതിക്കായി 6 കോടി രൂപ നീക്കിവക്കുന്നു.

152. **മുതിർന്ന പൗരന്മാർക്ക് വേണ്ടി 'വാർദ്ധക്യ സൗഹൃദ ഭവനം' എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി ഭവന നിർമ്മാണ ബോർഡിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് 2 കോടി രൂപ നീക്കിവയ്ക്കുന്നു.**

**എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി**

153. എം.എൻ. ലക്ഷം വീട് ഭവന പദ്ധതിയിൽ നിർമ്മിച്ച 9004 വീടുകൾ വാസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. **എം.എൻ ലക്ഷം വീട് പുനർ നിർമ്മാണത്തിനായി സുവർണ്ണ ഭവനം, നവയുഗ എന്നിങ്ങനെ രണ്ട് പുതിയ**

**പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.** ഈ രണ്ട് പദ്ധതികൾക്കുമായി 10 കോടി രൂപ വകയിരുത്തുന്നു.

154. **കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

155. ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (LaBISHas)-ന് 3 കോടി രൂപ അനുവദിക്കുന്നു.

### മറൈൻ ഡ്രൈവിൽ വാണിജ്യ-ഭവന സമുച്ചയം

156. കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡ് നാഷണൽ ബിൽഡിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡുമായി ചേർന്ന് 3,59,000 ചതുരശ്ര അടി വിസ്തീർണമുള്ള വാണിജ്യ സമുച്ചയവും 35,24,337 ചതുരശ്ര അടി വിസ്തീർണമുള്ള റസിഡൻഷ്യൽ കോംപ്ലക്സും, പരിസ്ഥിതി സൗഹൃദ പാർക്കുകളും, 19,42,000 ചതുരശ്ര അടി വിസ്തീർണമുള്ള പാർക്കിംഗ് സൗകര്യവും ഉൾപ്പെടുത്തി 2150 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര വാണിജ്യ-ഭവന സമുച്ചയം നിർമ്മിക്കും.

### പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി

157. **സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക വികസന പാക്കേജുകൾക്ക് 252.60 കോടി രൂപ വകയിരുത്തുന്നു.**

158. **കാസറഗോഡ്, ഇടുക്കി, വയനാട് വികസന പാക്കേജുകൾക്ക് 75 കോടി രൂപ വീതം നീക്കിവയ്ക്കുന്നു.** വലിയ തോതിലുള്ള വികസന പരിപാടികൾ ഈ

ജില്ലകളിൽ നടപ്പിലാക്കി വരുന്നതിനു പുറമേയാണ് ഈ തുക വകയിരുത്തുന്നത്.

159. **ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന ചെലവുകൾക്കായി 27.60 കോടി രൂപ വകയിരുത്തുന്നു.**

**സഹകരണം**

160. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക ജീവിതത്തിൽ നിർണ്ണായക സ്ഥാനമാണ് സഹകരണ മേഖലയ്ക്കുള്ളത്. ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായി പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സഹകരണ സ്ഥാപനങ്ങൾ കേരളത്തിന്റെ അഭിമാനമാണ്. എന്നാൽ സഹകരണ മേഖലയെ തകർക്കാനുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപെടലുകൾ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് നിരന്തരം ഉണ്ടാകുന്നുണ്ട്. ഈ മേഖല നിലനിൽക്കേണ്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്ക് അത്യാവശ്യമാണ്. കർഷകർ ഉൾപ്പെടുന്ന സാധാരണ ജനവിഭാഗത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്ന **സഹകരണ മേഖലയെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സഹകരണ മേഖലയ്ക്കായി ആകെ 134.42 കോടി രൂപ വകയിരുത്തുന്നു.**

161. **പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി 15 കോടി രൂപ നീക്കി വയ്ക്കുന്നു.**

162. **CAPE-നു കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 6.05 കോടി രൂപ വകയിരുത്തുന്നു.**

163. **തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പാക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നിവ നൽകുന്ന പദ്ധതിക്കായി 18 കോടി രൂപ വകയിരുത്തുന്നു.**

164. **പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വിവിധ വികസന പദ്ധതികൾക്കായി 7 കോടി രൂപ വകയിരുത്തുന്നു.**

165. വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള സഹായമായി 2.50 കോടി രൂപ വകയിരുത്തുന്നു.

166. കോ-ഓപ്പറേറ്റീവ്സ് ഇനിഷ്യേറ്റീവ് ഇൻ ടെക്നോളജി-ഡ്രിവൻ അഗ്രികൾച്ചർ (CITA) എന്ന പദ്ധതിക്ക് 30 കോടി രൂപ വകയിരുത്തുന്നു.

167. **കാർഷിക ഉൽപന്നങ്ങളുടെ ഉത്പാദനം, സംഭരണം, സംസ്കരണം, ഗ്രേഡിംഗ്, വിപണനം, എന്നീ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾക്കുള്ള സഹായമായി 7.25 കോടി രൂപ വകയിരുത്തുന്നു.**

168. **കേരള സഹകരണ സംരക്ഷണ നിധി പദ്ധതിക്കായി 11.15 കോടി രൂപ വകയിരുത്തുന്നു.**

169. **പ്രാഥമിക സംഘങ്ങൾ, കൺസ്യൂമർഫെഡ്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള എൻ.സി.ഡി.സി. സഹായമായി 28.10 കോടി രൂപ വകയിരുത്തുന്നു.**

## ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

170. ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും തീരദേശ പരിപാലനത്തിനുമായി 588.85 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 63.40 കോടി അധികമാണ്.

## വൻകിട-ഇടത്തര ജലസേചനം

171. ഇടമലയാർ ജലസേചന പദ്ധതിയുടെ വിഹിതം മുൻ വർഷത്തെ 10 കോടിയിൽ നിന്നും 35 കോടി രൂപയായി ഉയർത്തുന്നു.

172. RIDF വായ്പ ഉൾപ്പെടെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് 12 കോടി രൂപയും കാരാപ്പുഴ പദ്ധതിക്ക് 32 കോടി രൂപയും ബാണാസുരസാഗർ പദ്ധതിക്ക് 25 കോടി രൂപയും വകയിരുത്തുന്നു.

173. പാമ്പാർ തടത്തിലെ ചെങ്കളാർ പദ്ധതിയുടെ ഭാഗമായ പട്ടിശ്ശേരി ഡാമിന്റെയും കനാൽ സംവിധാനത്തിന്റെയും പുനർനിർമ്മാണത്തിനായി 14 കോടി രൂപ വകയിരുത്തുന്നു.

174. തലച്ചൂർ കടവിൽ തടയണയും ഫോർബേ ടാങ്കും നിർമ്മിക്കുന്നതിനും, തലച്ചൂർ കടവിൽ നിന്ന് പട്ടിശ്ശേരി ഡാമിലേയ്ക്ക് ചെങ്കളാർ പദ്ധതിയുടെ ഡൈവെർഷനും, പട്ടിശ്ശേരി ഡാമിൽ സുരക്ഷാ വേലി ഉൾപ്പെടെ റിംഗ്റോഡ് നിർമിക്കുന്നതിനുമായി പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

175. **ചിറ്റൂർപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി, കുറ്റ്യാടി, ഗായത്രി, വാളയാർ പദ്ധതികളിലെ കനാലുകളുടെ നവീകരണ പ്രവൃത്തികൾ ലക്ഷ്യമിട്ടുകൊണ്ടുള്ള 'കാഡാ കനാലുകളുടെയും ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണം' എന്ന പദ്ധതിക്കായി 11.10 കോടി രൂപ വകയിരുത്തുന്നു.**

176. **പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെയും ശാഖാ കനാലുകളുടെയും വിതരണ ശൃംഖലയുടെയും നവീകരണ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.**

177. **കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 10 കോടി രൂപ വകയിരുത്തുന്നു.**

178. **ചിറ്റൂർപ്പുഴ പദ്ധതിയുടെ കനാലുകളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി 12 കോടി രൂപ വകയിരുത്തുന്നു. കല്ലട ഇറിഗേഷൻ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

179. **രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട് മേഖലയിലെയും തോട്ടപ്പള്ളി സ്പിൽവേയിലെയും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

180. **മീനച്ചിൽ നദിക്ക് കുറുകെ അരുണാപുരത്ത് ചെറിയ ഡാമും റഗുലേറ്റർ കം ബ്രിഡ്ജും നിർമ്മിക്കുന്നതിനായി 3 കോടി രൂപ വകയിരുത്തുന്നു.**

181. ഡാം പുനരുദ്ധാരണവും വികസനവും പദ്ധതിയുടെ (DRIP) രണ്ടാം ഘട്ടമായി സംസ്ഥാനത്തെ 15 ഡാമുകൾക്കായി 30 കോടി രൂപ വകയിരുത്തുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ പുനരുദ്ധാരണത്തിന് 15 കോടി രൂപയും വകയിരുത്തുന്നു.

182. സംസ്ഥാനത്തിന്റെ ഭൂഗർഭ ജലലഭ്യത നിർണ്ണയിക്കുന്നതിനും ഭൂഗർഭ ജലവികസനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയ്ക്കായി 22 കോടി രൂപ വകയിരുത്തുന്നു.

183. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി 17 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 15 കോടി രൂപ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി വിനിയോഗിക്കും.

184. ചെറുകിട ജലസേചനം ക്ലാസ്സ്-1 പദ്ധതികൾക്കായി 75.10 കോടി രൂപയും ചെറുകിട ജലസേചനം ക്ലാസ്സ്-II പദ്ധതികൾക്കായി 22.50 കോടി രൂപയും വകയിരുത്തുന്നു.

185. ഹരിതകേരളം മിഷൻ മുഖേന കുളങ്ങളും ടാങ്കുകളും നവീകരിച്ച് സംരക്ഷിക്കുന്ന പദ്ധതിക്കായി 7.50 കോടി രൂപ വകയിരുത്തുന്നു.

186. കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ്-RIDF പദ്ധതിയിൽ 100 കോടി രൂപ വകയിരുത്തുന്നു.

187. **ആലപ്പുഴ, കോട്ടയം ജില്ലകളിലെ വിവിധ പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്കായി 57 കോടി രൂപ വകയിരുത്തുന്നു.**

188. **തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപ വകയിരുത്തുന്നു.**

**ഊർജ്ജം**

189. **എനർജി മാനേജ്മെന്റ് സെന്ററിന് 6.60 കോടി രൂപയും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് 5.16 കോടി രൂപയും ഉൾപ്പെടെ 2024-25 വർഷം ഊർജ്ജ മേഖലയുടെ വിഹിതം 1150.76 കോടി രൂപയാണ്.**

190. 2027-ഓടെ ഊർജ്ജ ആവശ്യത്തിന്റെ 50 ശതമാനവും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും നേടുന്നതിനുള്ള ലക്ഷ്യവുമായാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 610 മെഗാവാട്ട് സൗരോർജ്ജവും 44.5 മെഗാവാട്ട് ജലവൈദ്യുതിയും ഉൾപ്പെടെ 654.5 മെഗാവാട്ട് വൈദ്യുതോർജ്ജം അധികമായി ഉൽപാദിപ്പിക്കുകയുണ്ടായി. 2024-25-ൽ സൗരോർജ്ജത്തിലൂടെ 1000 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.**

191. **2023-ലെ ദേശീയ എനർജി എഫിഷ്യൻസി പെർഫോമൻസ് അവാർഡിൽ ദേശീയ ഊർജ്ജ ക്ഷമതാ**

**സൂചികയുടെ അടിസ്ഥാനത്തിൽ കേരളം രണ്ടാം സ്ഥാനത്ത് എത്തുകയുണ്ടായി.**

192. മാങ്കുളം ഗ്രാമപഞ്ചായത്തിലെ 40 മെഗാവാട്ട് ഉൽപ്പാദന ശേഷിയുള്ള പുതിയ ജലവൈദ്യുത പദ്ധതിക്കായി 8 കോടി രൂപ വകയിരുത്തുന്നു.

193. **76.45 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദന ശേഷിയുള്ള ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

194. **പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്ക് 10 കോടി രൂപ വകയിരുത്തുന്നു.**

195. **ഇടുക്കി ഡാമിന്റെ പ്രതലം സ്ക്രീനായി ഉപയോഗിച്ച് വിപുലമായ ലേസർ ലൈറ്റ് ആന്റ് സൗണ്ട് ഷോ ഉൾപ്പടെ നടത്താൻ കഴിയുന്ന ടൂറിസം പദ്ധതി നടപ്പിലാക്കും. വിശദമായ പദ്ധതി രൂപപ്പെടുത്തുന്നതിനുള്ള സഹായം എന്ന നിലയിൽ 5 കോടി രൂപ വകയിരുത്തുന്നു.**

196. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീമിന് 7 കോടി രൂപ നീക്കിവയ്ക്കുന്നു.

197. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി 10 കോടി രൂപ നീക്കി വയ്ക്കുന്നു.

198. **പുതിയ ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനങ്ങൾക്കും ഡി.പി.ആർ തയ്യാറാക്കുന്നതിനുമായി 15 കോടി രൂപ വകയിരുത്തുന്നു.**

199. 35 മുതൽ 40 വർഷം വരെ പഴക്കമുള്ള ജലവൈദ്യുത പദ്ധതികളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളും ആധുനികവത്കരണവും നടത്തി ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രവർത്തന കാലയളവ് ദീർഘിപ്പിക്കുന്നതിനുമായി 20 കോടി രൂപ വകയിരുത്തുന്നു.

200. **2018, 2019 വർഷങ്ങളിലെ പ്രളയങ്ങൾ കെ.എസ്.ഇ.ബി നിർമിതികൾക്ക് വൻതോതിൽ നാശനഷ്ടമുണ്ടാക്കിയ സാഹചര്യത്തിൽ വൈദ്യുതി ഉൽപാദന പ്രസരണ വിതരണ മേഖലകളിൽ പ്രളയ പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 18.18 കോടി രൂപ വകയിരുത്തുന്നു.**

201. **'ദ്യുതി' പദ്ധതിക്ക് 400 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 24 കോടി രൂപ അധികമാണ്.**

202. **ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളുടെ നോഡൽ ഏജൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് കേരളത്തിലെ എല്ലാ ജില്ലകളിലും പുതിയ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി 7.40 കോടി രൂപ വകയിരുത്തുന്നു.**

203. **ഇടമൺ–കൊച്ചി, പുകലൂർ–മാടക്കത്തറ ഹൈടെൻഷൻ ലൈനുകളുടെ നഷ്ട പരിഹാര പാക്കേജിനായി 20 കോടി രൂപ വകയിരുത്തുന്നു.**

204. **ഊർജ്ജ മേഖലയിൽ ആരംഭിച്ച ഇന്നോവേഷൻ ഫണ്ട് ആൻഡ് എസ്കോട്ട് സ്റ്റാർട്ട് അപ് പദ്ധതിയുടെ വയബിലിറ്റി ഗ്യാപ് ഫണ്ടിന്റെ സംസ്ഥാന വിഹിതമായി 31.62 കോടി രൂപ വകയിരുത്തുന്നു.**

### പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകൾ

205. **അനെർട്ടിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 50.20 കോടി രൂപ വകയിരുത്തുന്നു.**

206. **സോളാർ തെർമൽ സംവിധാനങ്ങൾ, ഇ–മൊബിലിറ്റി തുടങ്ങി പുനരുപയോഗ ഊർജ്ജസംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് 37.30 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതിൽ 3.50 കോടി രൂപ വൈദ്യുതി എത്തിച്ചേരാത്ത വിദൂര ആദിവാസി ഊരുകളിൽ സോളാർ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിനിയോഗിക്കുന്നതാണ്.**

### വ്യവസായവും ധാതുക്കളും

207. **കേരളത്തിന്റെ വ്യവസായ മേഖല കൂടുതൽ ഉണർവോടെ മുന്നോട്ട് പോവുകയാണ്. കഴിഞ്ഞ വർഷം മാത്രം 1,40,000 - ത്തോളം സംരംഭങ്ങളാണ് സംസ്ഥാനത്ത് സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചത്. ഇതിലൂടെ മൂന്ന് ലക്ഷത്തിലധികം ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു.** ഉയർന്ന വളർച്ചാ സാധ്യതകളുള്ള 22 മേഖലകളിൽ നിക്ഷേപം,

നവീകരണം, ഉൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുന്ന തിനായി മേക്ക് ഇൻ കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുകയാണ്. അന്താരാഷ്ട്ര തലത്തിലെ പ്രധാന കമ്പനികൾ കേരളത്തെ തേടിയെത്തുന്ന വാർത്തകൾ നാം കാണുന്നു. **വ്യവസായവും ധാതുക്കളും എന്ന മേഖലയ്ക്കായി 1729.13 കോടി രൂപ വകയിരുത്തുന്നു. ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്കായി 2024-25-ലെ ബജറ്റിൽ 773.09 കോടി രൂപ വകയിരുത്തുന്നു.**

208. വിദേശമദ്യം കേരളത്തിൽ ഉൽപ്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും കയറ്റുമതി ചെയ്യാൻ സാധ്യതകൾ ഏറെയുണ്ടെന്നാണ് ഇത് സംബന്ധിച്ച് പഠിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് ചെയ്യുന്നത്. കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും അതിന് വേണ്ട സഹായം നൽകുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതുമാണ്.

**ഗ്രാമീണ ചെറുകിട വ്യവസായങ്ങൾ**

209. പട്ടികജാതി, പട്ടികവർഗ്ഗം, വനിതകൾ, യുവാക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളെ ലക്ഷ്യമിട്ടു

കൊണ്ട് എം.എസ്.എം.ഇ.-കൾ മുഖേന വിഭാവനം ചെയ്തിരിക്കുന്ന **ഗ്രാമീണ ചെറുകിട വ്യവസായ പദ്ധതിക്കായി 215.64 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ചെറുകിട വ്യവസായങ്ങൾക്കുള്ള 204.94 കോടി രൂപയും, വാണിജ്യ മേഖലയ്ക്കുള്ള 6.50 കോടി രൂപയും കരകൗശല മേഖലയ്ക്കുള്ള 4.20 കോടി രൂപയും ഉൾപ്പെടുന്നു.**

210. **എല്ലാ സ്വയംതൊഴിൽ പദ്ധതികളും സംയോജിപ്പിച്ച് ഒരു കുടക്കീഴിലാക്കിക്കൊണ്ടുള്ള സംരംഭക സഹായ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം 58.50 കോടി രൂപ വകയിരുത്തുന്നു. 2000 യൂണിറ്റുകളെയാണ് ലക്ഷ്യമിടുന്നത്.**

211. സംസ്ഥാനത്ത് ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അർഹരായ സംരംഭകരുടെ **വായ്പാബന്ധിത പ്രോജക്ടുകൾക്ക് മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിക്കായി 17.06 കോടി രൂപ വകയിരുത്തുന്നു.**

212. 12 കോടി രൂപ കേന്ദ്ര വിഹിതം പ്രതീക്ഷിക്കുന്ന പി.എം. ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് (PMFME) എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തുന്നു.

213. പ്രവർത്തനക്ഷമമായ MSME യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ

ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്ന പ്രത്യേക പാക്കേജിനും ആയി 18.02 കോടി രൂപ വകയിരുത്തുന്നു.

214. സംസ്ഥാനത്തൊട്ടാകെ **പുതു സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 2024-25 സാമ്പത്തിക വർഷം 43 കോടി രൂപ വകയിരുത്തുന്നു.** ഇതിന്റെ ഗുണഭോക്താക്കളിൽ 20% വനിതകളായിരിക്കും.

**കശുവണ്ടി മേഖല**

215. പ്രധാന പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖല പ്രതിസന്ധിയിലാണ്. ഇതിനൊരു പരിഹാരം കാണുക എന്നതാണ് കശുവണ്ടി മേഖലയിലെ പദ്ധതികളുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷത്തിൽ **കശുവണ്ടി മേഖലയ്ക്കായി 53.36 കോടി രൂപ വകയിരുത്തുന്നു.**

216. **കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും സഹായിക്കുന്നതിനായുള്ള പ്രത്യേക 'കശുവണ്ടി പുനരുജ്ജീവന പദ്ധതി'ക്ക് 30 കോടി രൂപ വകയിരുത്തുന്നു.**

217. ആഭ്യന്തര അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി കേരള കശുമാവ് കൃഷി വികസന ഏജൻസിക്ക് 6.50 കോടി രൂപ വകയിരുത്തുന്നു.

218. ഇൻഡ്യയിൽ നിന്നും വിദേശത്തു നിന്നും അസംസ്കൃത കശുവണ്ടി ശേഖരിച്ച് കേരളത്തിലെ കശുവണ്ടി വ്യവസായ മേഖലയ്ക്ക് വിതരണം നടത്തുന്നതിനു വേണ്ടി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ

കേരള കാഷ്യു ബോർഡിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 166.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാഷ്യു ബോർഡിന് റിവോൾവിംഗ് ഫണ്ടായി 40.81 കോടി രൂപ അനുവദിക്കുന്നു.

219. ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം സാധ്യമാക്കുന്നതിനും നഷ്ടപ്പെട്ട വരുമാന മാർഗം പുനഃസ്ഥാപിക്കുന്നതിനുമായി 2 കോടി രൂപ വകയിരുത്തുന്നു.

**കൈത്തറി – യന്ത്രത്തറി വ്യവസായം**

**220. കൈത്തറി-യന്ത്രത്തറി മേഖലയ്ക്കായി 2024-25 വർഷത്തേയ്ക്ക് 51.89 കോടി രൂപ വകയിരുത്തുന്നു.**

221. കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് ഓഹരി വിഹിതമായി നൽകുന്നതിലേയ്ക്ക് 5.29 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 4.40 കോടി രൂപ ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്കുള്ള വിഹിതമാണ്.

222. നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന പ്രോത്സാഹന പദ്ധതിക്കായി 4.50 കോടി രൂപ വകയിരുത്തുന്നു.

223. കൈത്തറി ഗ്രാമങ്ങൾ രൂപീകരിക്കുന്ന പദ്ധതിക്കായി 4 കോടി രൂപ വകയിരുത്തുന്നു.

224. കണ്ണൂർ നാടുകാണി കിൻഫ്രാ ടെക്സ്റ്റൈൽ സെന്ററിൽ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള മൂലധന സഹായമായി 9 കോടി രൂപ വകയിരുത്തുന്നു.

225. ടെക്സ്ഫെഡിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒറ്റത്തവണ സഹായം അടക്കം ടെക്സ്ഫെഡിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 9.85 കോടി രൂപ വകയിരുത്തുന്നു.

**കയർ വ്യവസായം**

226. **കയർ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി 107.64 കോടി രൂപ വകയിരുത്തുന്നു.**

227. കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ പുനരുജ്ജീവനത്തിനും ആധുനികവൽക്കരണത്തിനുമായി 32 കോടി രൂപ വകയിരുത്തുന്നു.

228. കയർ മേഖലയിലെ ഗവേഷണ-വികസന പദ്ധതികൾക്കുള്ള ധനസഹായമായി 7 കോടി രൂപ വകയിരുത്തുന്നു.

229. കയർഫെഡ് പോലുള്ള ഏജൻസികൾ മുഖേന കയറിന്റെയും കയറുൽപന്നങ്ങളുടെയും സംഭരണം നടത്തുന്നതിലൂടെ, ഇവയുടെ വിലസ്ഥിരത ഉറപ്പു വരുത്തുന്ന പദ്ധതിക്കായി 38 കോടി രൂപ വകയിരുത്തുന്നു.

**ഖാദി-ഗ്രാമ വ്യവസായം**

230. നൂൽ നൂൽപ്പ്, നെയ്ത്ത് മേഖലകളിൽ ഏകദേശം 14000 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുന്ന പരമ്പരാഗത വ്യവസായമായ ഖാദി-ഗ്രാമ വ്യവസായവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 14.80 കോടി രൂപ വകയിരുത്തുന്നു.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSIDC)**

231. **സംസ്ഥാനത്തെ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി.-ക്ക് 2024-25 ലെ ബജറ്റിൽ 127.50 കോടി രൂപ വകയിരുത്തുന്നു.**

232. സംസ്ഥാനത്തേക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് 22 കോടി രൂപ നീക്കിവയ്ക്കുന്നു.

233. സ്റ്റാർട്ട്-അപ്പ് സപ്പോർട്ട് ഉദ്യമങ്ങൾക്കായി 'ഇന്നോവേഷൻ ആക്സിലറേഷൻ സ്കീമിന്' 6 കോടി രൂപ നീക്കിവയ്ക്കുന്നു.

234. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിലൂടെ എം.എസ്.എം.ഇ./സ്റ്റാർട്ടപ്പുകൾ/വിദേശ മലയാളി സംരംഭങ്ങൾ എന്നിവക്ക് 5 ശതമാനം പലിശ നിരക്കിൽ ഒരു കോടി രൂപ മുതൽ 5 കോടി രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്ക് പലിശയിളവ് നൽകുന്നതിനായി 9 കോടി രൂപ നീക്കിവക്കുന്നു.

235. കേരള ഇൻഡസ്ട്രിയൽ ആന്റ് കൊമേഴ്സ്യൽ പോളിസിയുടെ ഭാഗമായി സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപ സബ്സിഡി, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇളവ്, സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ചാർജ്ജ് ഒഴിവാക്കൽ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി 20 കോടി രൂപ നീക്കിവയ്ക്കുന്നു.

236. **തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 15 കോടി രൂപയും മെഡിക്കൽ ഡിവൈസസ് പാർക്കിന് 20 കോടി രൂപയും ഉൾപ്പടെ ലൈഫ് സയൻസ് പാർക്കിന് 35 കോടി രൂപ നീക്കിവയ്ക്കുന്നു.**

237. കെ.എസ്.ഐ.ഡി.സി. വ്യാവസായിക പാർക്കുകൾക്കായി 14 കോടി രൂപ വകയിരുത്തുന്നു.

**കേരള റബ്ബർ ലിമിറ്റഡ്**

238. കേരള റബ്ബർ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ വെള്ളൂരിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ നിന്നും ലഭ്യമാക്കിയ സ്ഥലത്ത് 250 കോടി രൂപ ചെലവിട്ട് ഒരു റബ്ബർ വ്യവസായ സമുച്ചയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. റബ്ബർ മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേരള റബ്ബർ ലിമിറ്റഡിന് 9 കോടി രൂപ നീക്കിവയ്ക്കുന്നു.

239. സർ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഇടപെടുന്ന ഏക ഗവൺമെന്റ് കേരളത്തിലേതാണ്. കേന്ദ്രം ഇറക്കുമതി വർദ്ധിപ്പിച്ച്

വൻകിട റബ്ബർ വ്യവസായികളെ സംരക്ഷിക്കുന്ന നയമാണ് സ്വീകരിച്ചുവരുന്നത്. ടയർ കമ്പനികൾക്കെതിരെ കോമ്പറ്റീഷൻ കമ്മീഷൻ പുറപ്പെടുവിച്ച വിധി ഇത് വ്യക്തമാക്കുന്നു. നിലവിൽ കേരളം 170 രൂപ റബ്ബറിന് താങ്ങുവില നൽകിവരുന്നു. ഈ തുക വർദ്ധിപ്പിച്ച് 250 ആയി ഉയർത്താൻ കേന്ദ്രസർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചെങ്കിലും ഇതുവരെ ചെവിക്കൊണ്ടിട്ടില്ല. **ഈ സാഹചര്യത്തിൽ സാമ്പത്തിക പരിമിതികൾക്കിടയിലും, റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർദ്ധിപ്പിക്കുന്നു.**

**പ്ലാന്റേഷൻ മേഖല**

240. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്ന പദ്ധതികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

241. **2024-25 സാമ്പത്തിക വർഷം വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി കിൻഫ്ര-യ്ക്ക് 324.31 കോടി രൂപ വകയിരുത്തുന്നു.**

242. കിൻഫ്ര ഫിലിം & വീഡിയോ പാർക്കിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 12.50 കോടി രൂപ വകയിരുത്തുന്നു.

243. പെട്രോകെമിക്കൽ പാർക്ക് ആരംഭിക്കുന്നതിനായി കൊച്ചിയിൽ ബി.പി.സി.എൽ.-നോട് ചേർന്നുള്ള 600 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിൽ

481 ഏക്കർ കിൻഫ്രക്ക് കൈമാറി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും, ഇതിൽ നിന്നും ബി.പി.സി.എൽ.-ന് 170 ഏക്കർ ഭൂമി ഇതിനോടകം അനുവദിച്ചിട്ടുമുണ്ട്. പെട്രോകെമിക്കൽ പാർക്കിന്റെ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.

244. കൊച്ചി-ബംഗലൂരു വ്യാവസായിക കോറിഡോർ പദ്ധതിയുടെ ഭാഗമായി കൊച്ചി-പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ കോറിഡോറിനായുള്ള സംസ്ഥാന ത്തിന്റെ പദ്ധതി ദേശീയ വ്യവസായ കോറിഡോർ വികസന നിർവ്വഹണ ട്രസ്റ്റ് അംഗീകരിച്ചുകഴിഞ്ഞു. സാമ്പത്തിക-തൊഴിൽ രംഗങ്ങളിൽ പരമാവധി വളർച്ച കൈവരിക്കുന്നതിന് കൊച്ചി-ബംഗലൂരു വ്യവസായ ഇടനാഴിയുടെ സാക്ഷാത്കാരത്തോടെ സാധ്യമാകും. പദ്ധതിക്കായി 200 കോടി രൂപ വകയിരുത്തുന്നു.

245. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിലെ കാക്കനാട് ആധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുന്ന എക്സിബിഷൻ സെന്ററിന് 12.50 കോടി രൂപ വകയിരുത്തുന്നു.

246. **11 വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 30.60 കോടി രൂപ വകയിരുത്തുന്നു.**

247. പാലക്കാട് കെ.ഐ.ഐ.ടി.പി. (ഫേസ് 2), പെരുമ്പാവൂർ, രാമനാട്ടുകര ഇൻഡസ്ട്രിയൽ പാർക്കുകൾ,

കെ.ഇ.പി.ഐ.പി എന്നീ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 17 കോടി രൂപ വകയിരുത്തുന്നു.

248. ടെക്സ്റ്റൈൽ മേഖല ഉൾപ്പെടെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പ്രവർത്തന സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണ ത്തിനുമായി ഒരു പാക്കേജ് നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ ആരംഭിച്ചതും പൂർത്തീകരിക്കാൻ കഴിയാത്തതുമായ പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ അനുബന്ധ പദ്ധതികൾക്കുമായി 279.10 കോടി രൂപ വകയിരുത്തുന്നു.

249. ഇലക്ട്രോണിക് പാക്കേജ് ടെസ്റ്റിങ്ങ് ഫെസിലിറ്റി പദ്ധതിക്കായി 20 കോടി രൂപ വകയിരുത്തുന്നു.

**ധാതുക്കൾ**

250. ധാതുഖനന മേഖലയിലെ വിവിധ പ്രവർത്തന ങ്ങൾക്കായി 5.57 കോടി രൂപ വകയിരുത്തുന്നു. ഇതിൽ ധാതു പര്യവേക്ഷണത്തിനായുള്ള 1.50 കോടി രൂപയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ആധുനിക വൽക്കരണത്തിനായുള്ള 2.02 കോടി രൂപയും ഉൾപ്പെടുന്നു.

**വിവരസാങ്കേതികം**

251. മെച്ചപ്പെട്ട തൊഴിലവസരങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് കേരളത്തെ ഒരു

മുൻനിര ഐ.ടി. ഹബ്ബ് ആക്കി മാറ്റുക എന്നതാണ് 2017-ൽ സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ ലക്ഷ്യം. **വിവര സാങ്കേതിക മേഖലയ്ക്കായി 507.14 കോടി രൂപ വകയിരുത്തുന്നു. കേരള സ്പേസ് പാർക്കിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി നബാർഡ് വായ്പ ഉൾപ്പെടെ 52.50 കോടി രൂപ വകയിരുത്തുന്നു.**

### എ.വി.ജി.സി വ്യവസായം

252. അനിമേഷൻ, വിഷ്വൽ എഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് എന്നിവ ഉൾപ്പെടെയുള്ള ഡിജിറ്റൽ വിനോദ മേഖലയിൽ പുതു സംരംഭകരെ ആകർഷിക്കാൻ സംസ്ഥാന സർക്കാർ നയം ആവിഷ്കരിച്ചിട്ടുണ്ട്. ഈ മേഖലയിൽ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള മേഖലകളിൽ സർക്കാർ സഹായം നൽകും.

### എ.ഐ കോൺക്ലേവ്

253. കേരളത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഹബ്ബാക്കി മാറ്റാൻ ലക്ഷ്യമിട്ട് 2024 ജൂലൈയിൽ ഐ.ബി.എമ്മുമായി ചേർന്ന് സംസ്ഥാന സർക്കാർ അന്താരാഷ്ട്ര എ.ഐ കോൺക്ലേവ് സംഘടിപ്പിക്കും.

### റോബോട്ടിക്സ് ഹബ്ബ്

254. ഉന്നത ഗവേഷണ സ്ഥാപനങ്ങളും റോബോട്ടിക്സ് കമ്പനികളുമായി ചേർന്ന് കേരളത്തെ റോബോട്ടിക്സ് ഹബ്ബാക്കി മാറ്റാനുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ

2024 ആഗസ്റ്റ് മാസത്തിൽ റൗണ്ട് ടേബിൾ സംഘടിപ്പിക്കും.

255. **കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന്റെ പ്രവർത്തനങ്ങൾക്കായി 117.18 കോടി രൂപ വകയിരുത്തുന്നു.**

**സ്റ്റേറ്റ് ഡാറ്റാ സെന്റർ**

256. **ഡാറ്റാ സെന്ററുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി 47 കോടി രൂപ വകയിരുത്തുന്നു.**

257. കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്കിന്റെ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.

258. **സംസ്ഥാനത്താകമാനം 2000 വൈഫൈ ഹോട്ട്സ്പോട്ടുകൾകൂടി സ്ഥാപിക്കും. ഈ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുന്നു.**

**കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി**

259. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്കായി 23.51 കോടി രൂപയും IIITMK–യുടെ പ്രവർത്തനങ്ങൾക്കായി 18.95 കോടി രൂപയും വകയിരുത്തുന്നു.

260. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കേന്ദ്ര ഇലക്ട്രോണിക്സ് ആന്റ് ഐ.ടി മന്ത്രാലയത്തിന്റെയും ടാറ്റാ സ്റ്റീലിന്റെയും സഹായത്തോടെ 86 കോടി രൂപ നിക്ഷേപമുള്ള ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ കൊച്ചിയിൽ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ ഊർജ്ജിതമായി നടന്നുവരികയാണ്. ഇതിനുള്ള സംസ്ഥാന വിഹിതമായി 5 കോടി രൂപ വകയിരുത്തുന്നു.

261. ഗ്രാഫീൻ അധിഷ്ഠിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഒരു വലിയ പ്രീ-പ്രൊഡക്ഷൻ സെന്റർ കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന്റെ സഹകരണത്തോടെ 260 കോടി രൂപ ചെലവിൽ ഒറ്റപ്പാലത്ത് സ്ഥാപിക്കും.

262. **ടെക്നോപാർക്കിന്റെ വികസന പ്രവർത്തനങ്ങൾക്കായി 27.47 കോടി രൂപ വകയിരുത്തുന്നു.**

263. **ഇൻഫോ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി 26.70 കോടി രൂപയും സൈബർ പാർക്കിനു വേണ്ടി 12.80 കോടി രൂപയും വകയിരുത്തുന്നു.**

264. സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തിച്ചുവരുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 2024-25 വർഷത്തെ പ്രവർത്തനങ്ങൾക്കായി 119.91 കോടി രൂപ വകയിരുത്തുന്നു.

**കേരള സ്റ്റാർട്ട്അപ് മിഷൻ**

265. സംസ്ഥാനത്ത് ഇതിനകം രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 5000 കടന്നിരിക്കുന്നു. **സ്റ്റാർട്ട്അപ് മിഷന്റെ പ്രവർത്തനങ്ങൾക്കായി 90.52 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ 20 കോടി രൂപ കളമശ്ശേരി

കിൻഫ്ര-ഹൈടെക് പാർക്കിൽ ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥാപിക്കുന്നതിനും 70.52 കോടി രൂപ യുവജന സംരംഭകത്വ വികസന പരിപാടികൾക്കുമായിരിക്കും.

**ഫണ്ട് ഓഫ് ഫണ്ട്സ്**

266. കേരളത്തിലെ സ്റ്റാർട്ടപ്പ് നിക്ഷേപങ്ങളെ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച സംവിധാനമായ ഫണ്ട് ഓഫ് ഫണ്ട്സ് മുഖേന 46.10 കോടി രൂപയാണ് ഇതിനകം നിക്ഷേപിച്ചിട്ടുള്ളത്. ഈ നിക്ഷേപം ഇന്നത്തെ വിപണിമൂല്യം അനുസരിച്ച് 3.9 മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇത്തരം നിക്ഷേപ സാദ്ധ്യതകൾ കണക്കിലെടുത്ത് ബജറ്റിൽ ഫണ്ട് ഓഫ് ഫണ്ട്സ് ഇനത്തിൽ 20 കോടി രൂപ വകയിരുത്തുന്നു. സ്റ്റാർട്ടപ്പ് സ്ഥാപനത്തിൽ ഓഹരി നിക്ഷേപം നടത്തുന്നതിനുള്ള സാധ്യതകളും പരിഗണിക്കുന്നതാണ്.

**ഗതാഗതവും വാർത്താവിനിമയവും**

267. ഗതാഗത മേഖലയിലെ പ്രധാന വികസന പദ്ധതികൾക്കായി ആകെ 1976.04 കോടി രൂപ വകയിരുത്തുന്നു.

268. 2017 ൽ കേരള മാരിടൈം ബോർഡ് ആക്ട് നിലവിൽ വന്നതോടു കൂടി ചെറുകിട തുറമുഖങ്ങളുടെ ഭരണ നിർവ്വഹണവും വികസന പ്രവർത്തനങ്ങളും കേരള മാരിടൈം ബോർഡ് ആണ് നിർവ്വഹിക്കുന്നത്.

തുറമുഖങ്ങൾക്കും, ലൈറ്റ് ഹൗസുകൾക്കും, കപ്പൽ ഗതാഗതത്തിനുമായി 73.72 കോടി രൂപ നീക്കിവയ്ക്കുന്നു.

**തുറമുഖങ്ങൾ**

**അഴീക്കൽ തുറമുഖം**

269. കേരളത്തിലെ വടക്കൻ ജില്ലകളിലേക്കുള്ള ചരക്ക് ഗതാഗതം സുഗമമാക്കുന്നതിനായി പോർട്ടിന്റെ ആഴം കൂട്ടിയും കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയും തുറമുഖത്തിന്റെ ശേഷി വർദ്ധിപ്പിച്ചും അഴീക്കൽ തുറമുഖത്തിന്റെ സമഗ്രവികസനം നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**കൊല്ലം തുറമുഖം**

270. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടു കൂടി കേരളത്തിലെ ഏറ്റവും പഴയ തുറമുഖങ്ങളിൽ ഒന്നായ കൊല്ലം തുറമുഖത്തിന്റെ പ്രസക്തി വർദ്ധിക്കുന്നതാണ്. കൊല്ലം തുറമുഖത്തിന് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന ICPS കോഡ് സർട്ടിഫിക്കേഷൻ ഇതിനകം തന്നെ ലഭിച്ച് കഴിഞ്ഞിട്ടുണ്ട്. കസ്റ്റംസ് ക്ലിയറൻസും എമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസും ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 7.3 മീറ്റർ പ്രകൃതിദത്ത ആഴമുള്ള കൊല്ലം തുറമുഖത്തിന്റെ ആഴം കൂട്ടിയും പുതിയ വാർഫുകൾ നിർമ്മിച്ചും മറ്റ് അനുബന്ധ

പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയും കൊല്ലം തുറമുഖത്തെ ഏറ്റവും പ്രധാനപ്പെട്ട നോൺമേജർ തുറമുഖമാക്കി വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

271. ചരക്ക് നീക്കത്തിനും ഗതാഗതത്തിനും വിനോദ സഞ്ചാരത്തിനും ഊന്നൽ നൽകിക്കൊണ്ട് **അഴീക്കൽ, ബേപ്പൂർ, കൊല്ലം, ആലപ്പുഴ, പൊന്നാനി തുറമുഖങ്ങളുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനത്തിനായി 39.20 കോടി രൂപ വകയിരുത്തുന്നു.**

272. നീണ്ടകര, വലിയതുറ, കായംകുളം, മനക്കോടം, മുനമ്പം-കൊടുങ്ങല്ലൂർ, തലശ്ശേരി, കോഴിക്കോട്, കണ്ണൂർ, ചെറുവത്തൂർ-നീലേശ്വരം, കാസറഗോഡ്, മഞ്ചേശ്വരം എന്നീ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.

273. ഉത്തര കേരളത്തിനും ദക്ഷിണ കർണ്ണാടക മേഖലയ്ക്കും പ്രയോജനം ലഭിക്കുന്നതിനായി രൂപീകരിക്കപ്പെട്ട ഗ്രീൻഫീൽഡ് അന്താരാഷ്ട്ര തുറമുഖത്തിന്റെ (മലബാർ അന്താരാഷ്ട്ര തുറമുഖം & SEZ ലിമിറ്റഡ്) ഭൂമിയേറ്റെടുക്കൽ, പുനരധിവാസം, ബ്രേക്ക് വാട്ടർ നിർമ്മാണം, യൂട്ടിലിറ്റി ചെലവുകൾ, കൺസൾട്ടൻസി - പ്രോജക്ട് മാനേജ്മെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 9.65 കോടി രൂപ വകയിരുത്തുന്നു.

### റോഡുകളും പാലങ്ങളും

274. **സംസ്ഥാനത്തെ നിർമ്മാണ മേഖലയെ സജീവമാക്കുന്നതിനായി 1000 കോടി രൂപയുടെ നിർമ്മാണ**

**പ്രവർത്തനങ്ങൾ നടപ്പിലാക്കും. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കും.**

275. സംസ്ഥാനത്തെ പ്രധാന നഗരങ്ങളെയും, ജില്ലാ ആസ്ഥാനങ്ങളേയും കൂട്ടി യോജിപ്പിക്കുന്നതും പ്രധാന പാതകളുമായി ബന്ധിപ്പിക്കുന്നതുമായ സംസ്ഥാന പാതകളുടെ വികസനത്തിനും പരിപാലനത്തിനുമായി 75 കോടി രൂപ വകയിരുത്തുന്നു.

276. വർദ്ധിച്ച് വരുന്ന ഗതാഗത ആവശ്യങ്ങൾക്കനുസൃതമായി പ്രധാന ജില്ലാ റോഡുകളെ വികസിപ്പിച്ച് പരിപാലിക്കുന്നതിനായി 288.27 കോടി രൂപ വകയിരുത്തുന്നു.

277. **കേരള സംസ്ഥാന ഗതാഗത പദ്ധതി (KSTP) –ക്ക് ലോകബാങ്ക് വായ്പ അവസാനിച്ചതിനു ശേഷമുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് 100 കോടി രൂപ വകയിരുത്തുന്നു.**

278. പൊതുമരാമത്ത് വകുപ്പിന് കീഴിലെ സംസ്ഥാന പാതകളിലെ പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനും പരിപാലനത്തിനുമായി 50 കോടി രൂപയും, പാലങ്ങളുടെ നിർമ്മാണം നബാർഡ് സഹായത്തോടെ പൂർത്തീകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി 95 കോടി രൂപയും, പ്രധാന ജില്ലാ റോഡുകളിലെ പാലങ്ങൾക്കും കലുങ്കുകൾക്കുമായി 66 കോടി രൂപയും, നിലവിലുള്ള പാലങ്ങളുടെ സംരക്ഷണത്തിനും പുനർനിർമ്മാണത്തിനുമായി 25 കോടി രൂപയും വകയിരുത്തുന്നു.

279. 517.45 കി.മീ. ദൈർഘ്യമുള്ള 37 റോഡുകളുടെ നവീകരണം സെൻട്രൽ റോഡ് ഫണ്ട് മുഖേന നടന്നു വരികയാണ്. ഈ പദ്ധതിക്കായി 61.85 കോടി രൂപ വകയിരുത്തുന്നു.

**റോഡ് ഗതാഗതം**

280. റോഡ് ഗതാഗത മേഖലയിൽ സമഗ്രമായ പരിഷ്കാരങ്ങളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.-യ്ക്ക് അനുവദിച്ചുവരുന്ന ധന സഹായത്തിൽ വലിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ അധികാര ത്തിലിരുന്ന 2011-16 കാലയളവിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് 1463.86 കോടി രൂപ അനുവദിച്ചിരുന്ന സ്ഥാനത്ത് **എൽ.ഡി.എഫ് സർക്കാർ 2016-21 കാലയളവിൽ 5002.13 കോടി രൂപയും രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന് മൂന്ന് വർഷ കാലയളവിനുള്ളിൽ തന്നെ 4917.92 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.**

281. **വിവിധ പ്രവർത്തനങ്ങൾക്കായി KSRTC-യ്ക്ക് പദ്ധതിയിനത്തിൽ 128.54 കോടി രൂപ വകയിരുത്തുന്നു.**

282. പഴയ ബസുകൾ മാറ്റി കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കേണ്ടതുണ്ട്. കൂടുതൽ പരിസ്ഥിതി സൗഹൃദമായ BS-6 നിലവാരത്തിലുള്ള ഡീസൽ

ബസുകൾ വാങ്ങുന്നതിനായി കെ.എസ്.ആർ.റ്റി.സി ക്ക് 92 കോടി രൂപ വകയിരുത്തുന്നു.

283. മോട്ടോർ വാഹന വകുപ്പിന് 35.52 കോടി രൂപ വകയിരുത്തുന്നു. ശ്രീ ചിത്തിരതിരുനാൾ എഞ്ചിനീയ റിംഗ് കോളേജിനെ ഒരു മുൻനിര ഗവേഷണ കേന്ദ്രമായി പരിവർത്തനപ്പെടുത്തുന്നതിന് ധനസഹായമായി 5.28 കോടി രൂപ വകയിരുത്തുന്നു.

284. മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകൾ അധുനികവൽക്കരിക്കുന്നതിനായി 2.50 കോടി രൂപ വകയിരുത്തുന്നു.

**ഉൾനാടൻ ജലഗതാഗതം**

285. **ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് ആകെ 130.32 കോടി രൂപ വകയിരുത്തുന്നു.**

286. ജലഗതാഗത വകുപ്പിനായി വകയിരുത്തിയിട്ടുള്ള തുകയിൽ 22.30 കോടി രൂപ, ഉയർന്ന സുരക്ഷയും ഇന്ധനക്ഷമതയുമുള്ള പുതിയ ഗതാഗത ബോട്ടുകൾ വാങ്ങുന്നതിനും, ഫെറി സർവ്വീസുകൾ മെച്ചപ്പെടുത്തുന്ന തിനുമുള്ള വിഹിതമാണ്. കൊല്ലം അഷ്ടമുടി, ആലപ്പുഴ വേമ്പനാട് കായൽ ടൂറിസം പദ്ധതിക്ക് രണ്ട് സോളാർ ബോട്ടുകൾ വാങ്ങുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

287. KSINC-യുടെ നേതൃത്വത്തിൽ പുതിയ ക്രൂയിസ് യാനത്തിന്റെ നിർമ്മാണത്തിനായി 3 കോടി രൂപ വകയിരുത്തുന്നു.

288. ദേശീയ ജലപാത III -മായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകളുടെ നിർമ്മാണത്തിനായി നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിക്കായി 23 കോടി രൂപ വകയിരുത്തുന്നു.

**കൊച്ചി മെട്രോ റെയിൽ**

289. കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ വിദേശ വായ്പാ സഹായത്തോടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. 2024-25-ൽ 239 കോടി രൂപ വകയിരുത്തുന്നു.

290. വിദേശ വായ്പാ സഹായത്തോടെ കൊച്ചിയിൽ സംയോജിത ജലഗതാഗത സംവിധാനം നടപ്പാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി 150 കോടി രൂപ വകയിരുത്തുന്നു.

291. എയർസ്ട്രിപ്പുകൾ സ്ഥാപിക്കുവാൻ ഇടുക്കി ജില്ലയ്ക്ക് 1.96 കോടി രൂപയും വയനാടിന് 1.17 കോടി രൂപയും കാസർഗോഡിന് 1.10 കോടി രൂപയും വകയിരുത്തുന്നു.

292. ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാദ്ധ്യതാ പഠനത്തിനും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും മറ്റുമായി 1.85 കോടി രൂപ നീക്കി വയ്ക്കുന്നു.

293. സുരക്ഷിത നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ, ഡോക്കിംഗ് സൗകര്യം എന്നിവയിലൂടെ യാത്രക്കാർക്ക് മെട്രോ സ്റ്റേഷനുകളിൽ അനായാസ പ്രവേശനം സാദ്ധ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള മോട്ടോർ-ഇതര

ഗതാഗത പദ്ധതി വിദേശ വായ്പാസഹായത്തോടെ നടപ്പിലാക്കുന്നതാണ്. 2024-25–ൽ 91 കോടി രൂപ വകയിരുത്തുന്നു.

**വിനോദ സഞ്ചാരം**

294. മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം വീണ്ടെടുപ്പിന്റെ പാതയിലാണ്. വിനോദ സഞ്ചാര മേഖലയ്ക്ക് 351.42 കോടി രൂപ വകയിരുത്തുന്നു.

295. **കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് വിവിധ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.**

296. വിനോദസഞ്ചാര മേഖലയിൽ നൈപുണ്യവും ഗുണമേന്മയുമുള്ള മാനവ വിഭവ ശേഷി സൃഷ്ടിക്കുന്ന പദ്ധതിക്കായി 17.15 കോടി രൂപ വകയിരുത്തുന്നു.

297. **വിവിധ പ്രവർത്തനങ്ങളിലൂടെ ദേശീയ, അന്തർദേശീയ വിപണിയുടെ ശ്രദ്ധാകേന്ദ്രമായി തീരുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ടൂറിസം വിപണന പദ്ധതികൾക്കായി 78.17 കോടി രൂപ വകയിരുത്തുന്നു.**

298. സംസ്ഥാനത്തിന്റെ പൈതൃകം, സംസ്കാരം, പരിസ്ഥിതി എന്നിവയുടെ സംരക്ഷണവും, പരിപാലനവും പ്രോത്സാഹനവും ഉറപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിക്കായി 24 കോടി രൂപ വകയിരുത്തുന്നു.

299. സബ്സിഡികൾ, ഇൻസെന്റീവുകൾ എന്നിവ നൽകിക്കൊണ്ട് വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ അടിസ്ഥാന സൗകര്യ വികസനം, ടൂറിസം ഉത്പന്നങ്ങളുടെ ലഭ്യത എന്നിവ ഉറപ്പ് വരുത്തുന്ന പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തുന്നു.

300. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കിക്കൊണ്ടും നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും വിനോദസഞ്ചാരികൾക്ക് ലോകോത്തരാനുഭവം പ്രദാനം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി പ്രാദേശിക ജനവിഭാഗങ്ങൾക്ക് തൊഴിൽ സാധ്യതയും വരുമാനവും ഉറപ്പ് വരുത്താനാകും. ഇതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി 136 കോടി രൂപ വകയിരുത്തുന്നു.

301. കൊച്ചി, ആലപ്പുഴ, ബേപ്പൂർ, കൊല്ലം എന്നീ നാല് ഡെസ്റ്റിനേഷനുകളിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ, വിശ്രമകേന്ദ്രങ്ങൾ, റെസ്റ്റോറന്റുകൾ, ചെറു വിനോദത്തിനുള്ള ഇടങ്ങൾ, കൂടാതെ മോട്ടലുകൾ എന്നിവ ഉൾപ്പെടുന്ന മിനി മറീനകളും യാട്ട് ഹബ്ബുകളും വികസിപ്പിക്കും.

302. ദേശീയ പാത അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ ഹ്രസ്വ-ദീർഘ ദൂര സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വിശ്രമ ഇടങ്ങൾ,

റിഫ്രഷ്മെന്റ് സൗകര്യങ്ങൾ, ഇൻഫർമേഷൻ കിയോസ്കുകൾ, ശൗചാലയങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ട്രാവൽ ലോഞ്ചുകൾ നിർമ്മിക്കുന്നതാണ്.

303. സംസ്ഥാനത്ത് നിലവിലുള്ള 24 അതിഥി മന്ദിരങ്ങൾ, 4 യാത്രിനിവാസുകൾ, കൂടാതെ 2 കേരള ഹൗസുകൾ എന്നിവയ്ക്കായി 20 കോടി രൂപ വകയിരുത്തുന്നു.

304. ഇക്കോട്ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനായി 1.90 കോടി രൂപയും ഉത്തരവാദിത്ത ടൂറിസം മേഖലയ്ക്കായി 15 കോടി രൂപയും വകയിരുത്തുന്നു. തെന്മല ഇക്കോട്ടൂറിസം പദ്ധതിക്കായി 2 കോടി രൂപ അധികമായി വകയിരുത്തുന്നു.

305. മുസിരിസ് ഹെറിറ്റേജ് & സ്പൈസ് റൂട്ട്, റിവർ ക്രൂയിസ് ഹെറിറ്റേജ് & സ്പൈസ് റൂട്ട് പദ്ധതികൾ നടപ്പാക്കുന്നതിനായി 14 കോടി രൂപ വകയിരുത്തുന്നു.

306. കേരളത്തിന്റെ പരമ്പരാഗത ഉത്സവങ്ങളുടെ പ്രോത്സാഹനം, സംരക്ഷണം, കായൽത്തീരങ്ങളെ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ, വള്ളംകളിയെ അന്താരാഷ്ട്ര നിലവാരമുള്ള കായിക ഇനമാക്കി മാറ്റുക എന്നീ ലക്ഷ്യങ്ങളോടുകൂടി സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ട്രോഫി ലീഗിനായി 9.96 കോടി രൂപ വകയിരുത്തുന്നു.

**ശാസ്ത്രവും സാങ്കേതിക വിദ്യയും പരിസ്ഥിതിയും**

307. **ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി മേഖലയ്ക്ക് ആകെ 235.55 കോടി രൂപ വകയിരുത്തുന്നു.**

**ശാസ്ത്ര സേവനങ്ങളും ഗവേഷണവും**

308. **ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിലുള്ള പ്രധാന സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 87.23 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ വിവിധ പ്രവർത്തനങ്ങൾക്കുള്ള 8 കോടി രൂപയും ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിന്റെ (നാറ്റ്പാക്) പ്രവർത്തനങ്ങൾക്കുള്ള 6 കോടി രൂപയും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കുള്ള 12.90 കോടി രൂപയും, കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിനുള്ള 22.82 കോടി രൂപയും ഉൾപ്പെടുന്നു.

309. **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയ്ക്ക് 50 കോടി രൂപയും, റീജീയണൽ ക്യാൻസർ സെന്ററിന് 73 കോടി രൂപയും വകയിരുത്തുന്നു.**

**ആവാസ വ്യവസ്ഥയും പരിസ്ഥിതിയും**

310. ആവാസ വ്യവസ്ഥയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 25.32 കോടി രൂപ വകയിരുത്തുന്നു.

311. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 10.50 കോടി രൂപ വകയിരുത്തുന്നു.

312. കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുക എന്ന ലക്ഷ്യത്തോടെ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി പരിസ്ഥിതി വകുപ്പിന് കീഴിൽ 2023 ആഗസ്റ്റ് മാസം രൂപീകൃതമായ 'കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചെയ്ഞ്ച് അഡാപ്റ്റേഷൻ മിഷന്' ഒരു കോടി രൂപ വകയിരുത്തുന്നു.

**പൊതു വിദ്യാഭ്യാസം**

313. **പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1032.62 കോടി രൂപ വകയിരുത്തുന്നു.**

314. സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്ര – സാങ്കേതിക ലോകത്തിന് അനുസൃതമായി ഉയർന്ന അക്കാദമിക് മികവും നൈപുണ്യങ്ങളും കൈവരിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്ന വിവിധ പദ്ധതികൾക്കായി 27.50 കോടി രൂപ വകയിരുത്തുന്നു.

315. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന പദ്ധതിക്കായി 5.15 കോടി രൂപ വകയിരുത്തുന്നു.

316. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് അവരെ മുഖ്യധാരയിലേയ്ക്ക്

കൊണ്ടുവരുന്ന പദ്ധതിക്കായി 14.80 കോടി രൂപ വകയിരുത്തുന്നു.

317. സ്കൂളുകളുടെ ആധുനികവൽക്കരണം ഉദ്ദേശിച്ചുള്ള വിവിധ പദ്ധതികൾക്കായി 33 കോടി രൂപ വകയിരുത്തുന്നു.

318. സ്കൂളുകളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കും. ആദ്യ ഘട്ടത്തിൽ **സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു സ്കൂൾ മോഡൽ സ്കൂളായി ഉയർത്തും.** സ്കൂളുകളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തും. 6 മാസത്തിലൊരിക്കൽ അധ്യാപകർക്ക് റസിഡൻഷ്യലായി പരിശീലനം നൽകും. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ, അധ്യാപകർ തുടങ്ങിയവരുടെ പെർഫോമൻസ് വിലയിരുത്തും.

319. വ്യാജ വാർത്തകൾ ഉയർത്തുന്ന വെല്ലുവിളി തിരിച്ചറിഞ്ഞ രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാലയങ്ങളിലൂടെ വിദ്യാർത്ഥികൾക്കായി സംസ്ഥാനവ്യാപകമായി മാധ്യമ, വിവര സാക്ഷരതാ പരിപാടി നടത്തിക്കൊണ്ടാണ് ഇത് പ്രതികരിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡീപ് ഫേക് സാങ്കേതികവിദ്യയും നമ്മുടെ വിവര ഭൂപ്രകൃതിയെ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. AI-യും അതിന്റെ അനുബന്ധ സാങ്കേതികവിദ്യകളും നമ്മുടെ രാഷ്ട്രീയ

ത്തിനും സമൂഹത്തിനും ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പരിശീലനം തുടരുന്നതിനും അടുത്ത തലമുറയിലെ മലയാളികളെ സജ്ജരാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിനായി 1 കോടി രൂപ നീക്കിവെക്കും.

320. **സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിനായി 155.34 കോടി രൂപ വകയിരുത്തുന്നു. ഇത് മുൻവർഷത്തേക്കാൾ 15.34 കോടി അധികമാണ്.**

321. **ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പുതിയ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തുന്നു.**

322. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - കൈറ്റ് (ഐ.റ്റി. @ സ്കൂൾ) ന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 38.50 കോടി രൂപ വകയിരുത്തുന്നു.

323. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 75.20 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 52 കോടി രൂപ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ളതാണ്. വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയ്ക്കായി 13 കോടി രൂപ വകയിരുത്തുന്നു.

324. മാനസിക വെല്ലുവിളി നേരിടുന്നവർക്കുവേണ്ടി പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റിയായ സി.എച്ച്.മുഹമ്മദ്കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.

325. എസ്.സി.ഇ.ആർ.റ്റി.–യുടെ 2024-25 വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായി 21 കോടി രൂപ വകയിരുത്തുന്നു.

326. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിക്കുള്ള സംസ്ഥാന സർക്കാർ വിഹിതമായി 55 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പദ്ധതിക്കായി 340 കോടി രൂപ വിനിയോഗിക്കുന്നതാണ്. കേന്ദ്ര വിഹിതമായി 510 കോടി രൂപ പ്രതീക്ഷിക്കുന്നു. സമഗ്ര ശിക്ഷാ അഭിയാന്റെ സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റിനുള്ള സംസ്ഥാന സഹായമായി 14 കോടി രൂപ വകയിരുത്തുന്നു.

327. **6 മുതൽ 14 വയസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്ന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് 382.14 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 150 കോടി രൂപ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതവും 232.14 കോടി രൂപ മുട്ടയും പാലും നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ വകയിരുത്തുന്ന തുകയുമാണ്.** പദ്ധതിയുടെ കേന്ദ്ര വിഹിതമായി 225 കോടി രൂപ പ്രതീക്ഷിക്കുന്നു.

**എഡ്യൂക്കേഷൻ പ്രൊമോഷൻ ഫണ്ട്**

328. ഒരു വിദ്യാർത്ഥിയെ ബിരുദാനന്തര ബിരുദം വരെ പഠിപ്പിക്കുന്നതിനായി സർക്കാർ ചെലവഴിക്കുന്നത് 25 ലക്ഷം രൂപയോളമാണ്. മികച്ച തൊഴിലുകൾ സമ്പാദിക്കാനും വിദേശത്തുൾപ്പെടെ പോയി ജോലി നേടുന്നതിനും സഹായകരമാകുന്നത് ഈ പൊതു വിദ്യാഭ്യാസമാണ്. തങ്ങൾ പഠിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായങ്ങൾ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് ചിലരെങ്കിലും സർക്കാരിനെ സമീപിക്കാറുണ്ട്. ഇപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം നൽകാൻ സന്നദ്ധതയുള്ളവരെ സർക്കാർ സ്വാഗതം ചെയ്യും. എല്ലാവരും സഹായിക്കുന്ന, നമ്മുടെ നേട്ടങ്ങൾ സംരക്ഷിക്കുന്ന ഫണ്ടായി ഇത് മാറുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി ഓൺലൈൻ പേമെന്റ് സംവിധാനം ഏർപ്പെടുത്തും. ഫണ്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ രൂപമുണ്ടാക്കും. ഈ സാധ്യത ഉപയോഗപ്പെടുത്തുന്നതിനായി കൃത്യമായ പദ്ധതി തയ്യാറാക്കും. ഇതിനുള്ള സീഡ് ഫണ്ടായി 5 കോടി രൂപ വകയിരുത്തുന്നു.

**ഉന്നത വിദ്യാഭ്യാസം**

329. **ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ആകെ 456.71 കോടി രൂപ വകയിരുത്തുന്നു.**

330. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 16.50 കോടി രൂപ വകയിരുത്തുന്നു.

331. കേരള എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (K-REAP) ഉന്നത വിദ്യാഭ്യാസ മേഖലയിലെ മികവിന്റെ കേന്ദ്രങ്ങൾക്കുമായി 13.40 കോടി രൂപ വകയിരുത്തുന്നു.

332. നൈപുണ്യ വികസനം ഉറപ്പുവരുത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ASAP-ന് 35.10 കോടി രൂപ വകയിരുത്തുന്നു.

333. വിദ്യാർത്ഥികളുടെ മാനസികോല്ലാസം, മാനസികാരോഗ്യം, നൈപുണ്യ വികസനം, ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പ്രത്യേക സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 15.70 കോടി രൂപ വകയിരുത്തുന്നു.

334. ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ഗവേഷണം തുടങ്ങിയവ ലക്ഷ്യമിട്ടു നടപ്പിലാക്കുന്ന രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ്സ) പദ്ധതിക്കുള്ള സംസ്ഥാന വിഹിതമായി 30 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 45 കോടി രൂപ പ്രതീക്ഷിക്കുന്നു.

335. **ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ബിസിനസ്സ് സ്കൂളുകളിൽ ഒന്നായ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ വജ്ര ജൂബിലി പ്രമാണിച്ച് പ്രത്യേക സഹായമായി 1 കോടി രൂപ അനുവദിക്കുന്നു.**

336. **തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജ് 125-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ കോളേജിലെ ലൈബ്രറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 1 കോടി രൂപ അനുവദിക്കുന്നു.**

337. **എം.ജി.യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്ഥാപനമായ സീ-പാസിന് നേഴ്സിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 3 കോടി രൂപ അനുവദിക്കുന്നു.**

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മൾട്ടി ഡിസിപ്ലിനറി മ്യൂസിയം**

338. കേരളത്തിന്റെ ജൈവ വൈവിദ്ധ്യവും ചരിത്രവും നാടോടി പാരമ്പര്യവും വാമൊഴി വഴക്കവും ബന്ധിപ്പിച്ചുകൊണ്ട് **ശിക (Shika) എന്ന പേരിൽ കോഴിക്കോട് സർവ്വകലാശാലയിൽ മ്യൂസിയം ഓഫ് എമിനൻസ് സ്ഥാപിക്കും.** നാല് മേഖലകളിലെയും സവിശേഷതകൾ പ്രതിപാദിക്കുന്ന വിജ്ഞാന കേന്ദ്രമായി ഇതിന് വർത്തിക്കാനാകും.

**സാങ്കേതിക വിദ്യാഭ്യാസം**

339. **സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്കായി 247.30 കോടി രൂപ വകയിരുത്തുന്നു.**

340. **കേരളത്തിലെ 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദ ബിരദാനന്തര തലത്തിൽ വിവിധ**

**ശാഖകൾ സമന്വയിപ്പിച്ച് ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കും.** പൊതുവിദ്യാഭ്യാസ മേഖലയിൽ എന്നപോലെ ഉന്നതവിദ്യാഭ്യാസ മേഖലയിലും ജനകീയ പിന്തുണയോടെ സംഭാവനയായി ഫണ്ട് ശേഖരിക്കുന്ന പദ്ധതി നടപ്പിലാക്കും.

**കലയും സംസ്കാരവും**

341. **കലാ-സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി 2024-25 വർഷത്തേയ്ക്ക് 170.49 കോടി രൂപ വകയിരുത്തുന്നു.**

342. കേരളത്തിലുടനീളമുള്ള മ്യൂസിയങ്ങൾ നവീകരിക്കുവാനും പുനഃക്രമീകരിക്കുവാനും ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. **ഗ്യാലറികളുടെയും പ്രദർശന സങ്കേതങ്ങളുടെയും നവീകരണം, സുരക്ഷാ നടപടികൾ, പരിസര വികസനം, സന്ദർശക സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

343. **എല്ലാ ജില്ലകളിലും പൈതൃക/പുരാവസ്തു മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.**

344. **കൊച്ചി നഗരത്തിൽ മ്യൂസിയം/കൾച്ചറൽ കോംപ്ലക്സ് നിർമ്മാണത്തിനായി 5 കോടി രൂപ വകയിരുത്തുന്നു.**

**പ്രാദേശിക മ്യൂസിയങ്ങൾ**

345. തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ നാടിന്റെ ചരിത്രവും പഴയ കാല അനുഭവങ്ങളും പകർന്ന് നൽകുന്ന

പ്രാദേശിക മ്യൂസിയങ്ങൾ ലോകത്ത് പല രാജ്യങ്ങളിലുമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത് കൂടുതൽ ശ്രദ്ധ നൽകാനും ഇത്തരം കേന്ദ്രങ്ങൾ വികസിപ്പിക്കാനുമായി ഒരു പ്രത്യേക പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വികസിപ്പിക്കും. ചെലവിന്റെ ഒരു ഭാഗം സർക്കാർ സഹായമായി നൽകും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

346. വിവിധ മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണത്തിനും സംരക്ഷണത്തിനും മ്യൂസിയം ക്യാമ്പസുകളുടെ വികസനത്തിനുമായി 9 കോടി രൂപ നീക്കി വയ്ക്കുന്നു.

347. തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളുടെ നവീകരണത്തിനായി 7.50 കോടി രൂപ വകയിരുത്തുന്നു.

348. "പാവങ്ങളുടെ പടത്തലവൻ" എന്ന് വിശേഷിപ്പിക്കപ്പെടുന്ന എ.കെ.ജി.-യുടെ ജീവിത കാലഘട്ടങ്ങളെ അടയാളപ്പെടുത്തുന്ന മ്യൂസിയത്തിനായി 3.75 കോടി രൂപ വകയിരുത്തുന്നു.

349. **സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 18 കോടി രൂപ വകയിരുത്തുന്നു.**

350. കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 3.20 കോടി രൂപയും കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 7.50 കോടി രൂപയും കേരള ലളിതകലാ

അക്കാദമിക്കായി 5.50 കോടി രൂപയും കേരള ഫോക്‌ലോർ അക്കാദമിക്കായി 3.10 കോടി രൂപയും വകയിരുത്തുന്നു.

351. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 1.30 കോടി രൂപ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

352. ജവഹർ ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

353. തിരുവനന്തപുരം തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ പ്രവർത്തനങ്ങൾക്കായി 70 ലക്ഷം രൂപ വകയിരുത്തുന്നു.

354. കേരള കലാമണ്ഡലത്തിന്റെ വിവിധ കലാ-അക്കാദമിക് പ്രവർത്തനങ്ങൾക്കായി 19.50 കോടി രൂപ വകയിരുത്തുന്നു.

355. കലാസാഹിത്യ മേഖലയിലെ ഉത്കൃഷ്ട വ്യക്തികളുടെ സ്മാരകങ്ങളിലും, കലാസാഹിത്യ മേഖലയിലെ പ്രഗൽഭ രായ വ്യക്തികൾക്കും അവശ്യ സാഹചര്യങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 4.60 കോടി രൂപ വകയിരുത്തുന്നു.

356. സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടുന്ന യുവകലാകാരൻമാർക്ക്

1000 വജ്രജൂബിലി ഫെലോഷിപ്പുകൾ നൽകുന്ന പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തുന്നു.

**സ്പോർട്സും യുവജനക്ഷേമവും**

357. **കായിക യുവജനകാര്യ മേഖലക്ക് 127.39 കോടി രൂപ വകയിരുത്തുന്നു.**

358. സർക്കാർ ധനസഹായത്തിനു പുറമേ സ്വകാര്യ മേഖലയിൽ നിന്നുള്ള വിഭവസമാഹരണം കൂടി ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ടിന് 8.54 കോടി രൂപ വകയിരുത്തുന്നു.

359. കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 17.50 കോടി രൂപ വകയിരുത്തുന്നു.

360. പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി 7 കോടി രൂപ വകയിരുത്തുന്നു.

361. 'ഹെൽത്തി കിഡ്സ് – ആരോഗ്യത്തിനായി കളിക്കുക' പദ്ധതി നടപ്പിലാക്കുന്നതിനും സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 6.50 കോടി രൂപ വകയിരുത്തുന്നു.

362. ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് 8 കോടി രൂപ വകയിരുത്തുന്നു. "ഓരോ ഗ്രാമപഞ്ചായത്തിലും ഒരു കായിക സൗകര്യം/ കളിസ്ഥലം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തുക ചെലവഴിക്കുന്നതാണ്.

363. കേരള സ്പോർട്സിന്റെ ആർക്കൈവ്, സ്പോർട്സ് മ്യൂസിയം, വെർച്ചൽ ഗാലറി, സ്പോർട്സ് ലൈബ്രറി, സ്പോർട്സ് റിസർച്ച് റഫറൻസ് സെൽ എന്നിവ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കായിക വിജ്ഞാന ശേഖരം പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

364. **കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 34 കോടി രൂപ നീക്കി വയ്ക്കുന്നു.**

365. **കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് 17 കോടി രൂപ വകയിരുത്തുന്നു.**

**വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും**

366. **വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും മേഖലയ്ക്കായി 2024-25 സാമ്പത്തിക വർഷം 2052.23 കോടി രൂപ വകയിരുത്തുന്നു.**

367. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന മാനസിക ആരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി 6.60 കോടി രൂപ അനുവദിക്കുന്നു.

368. പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.

369. സാംക്രമികേതര രോഗങ്ങളുടെ നിയന്ത്രണ പരിപാടികൾക്കായി 11.93 കോടി രൂപ വകയിരുത്തുന്നു.

370. ആദിവാസി മേഖലകളിലെയും തീരപ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും

ലഹരി വിമുക്ത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമായി 10 കോടി രൂപ നീക്കി വയ്ക്കുന്നു.

371. **'കനിവ്' പദ്ധതിക്ക് കീഴിൽ ആധുനിക ജീവൻരക്ഷാ സംവിധാനങ്ങളോടു കൂടിയ 315 ആംബുലൻസുകളുടെ പ്രവർത്തനത്തിനായി 80 കോടി രൂപ മാറ്റിവയ്ക്കുന്നു.**

372. **ആർദ്രം മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 24.88 കോടി രൂപ വകയിരുത്തുന്നു.**

**ആരോഗ്യ സുരക്ഷ ഫണ്ട്**

373. കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായിട്ടുള്ളത്. സർക്കാർ ആശുപത്രി കളിൽ അത്ഭുതപൂർവ്വമായ അടിസ്ഥാന സൗകര്യ വികസനമാണ് നടന്നിട്ടുള്ളത്. കിഫ്ബി വഴി ആയിരക്കണക്കിന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമായി. കരൾമാറ്റം, ഹൃദയമാറ്റം ഉൾപ്പെടെയുള്ള സങ്കീർണ്ണമായ ശസ്ത്രക്രിയകൾ ജില്ലാ ആശുപത്രികളിൽ വരെ സാധാരണമായി നടക്കുക യാണ്. ഡയാലിസിസ് സംവിധാനം താലൂക്ക് ആശുപത്രികളിൽ വരെ സർവ്വസാധാരണമായിരിക്കുന്നു. വരുമാനമുള്ളവരും സർക്കാർ ആശുപത്രികളുടെ ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു. സ്വകാര്യ ആശുപത്രികളുമായി താരതമ്യം ചെയ്യുമ്പോൾ വലിയ സാമ്പത്തിക ലാഭമാണ് അവർക്കുണ്ടാകുന്നത്. സന്തോഷത്തോട് കൂടി തന്നെ സർക്കാർ ആശുപത്രിയിലേക്ക് ഒരു തുക നൽകാൻ പലരും

സന്നദ്ധരുമാണ്. ഒരു ക്രോസ്സ് സബ്സിഡി എന്ന നിലയിൽ ഇതിനെ കാണുകയും ചെയ്യാം. എന്നാൽ അങ്ങനെ പണം നൽകാനുള്ള ഒരു സർക്കാർ സംവിധാനം ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നിലവിലില്ല. ആശുപത്രികളുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ തുകകൾ നൽകാൻ തയ്യാറാകുന്നവർക്കായി **സർക്കാർ ഒരു റെമിറ്റൻസ് അക്കൗണ്ട് സംവിധാനം ഒരുക്കുന്നതായിരിക്കും.**

374. സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളിൽ പുതുതായി ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവശ്യ മരുന്നുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 9.88 കോടി രൂപ വകയിരുത്തുന്നു.

375. **'ആയുഷ്മാൻ ഭാരത്' പദ്ധതിക്കു കീഴിൽ 'സ്കൂൾ ഹെൽത്ത് ആന്റ് വെൽനസ് പ്രോഗ്രാം' എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു.** കേരളത്തിലെ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിലായി 16240 സ്കൂളുകളിലെ 60 ലക്ഷത്തോളം കുട്ടികൾക്ക് പ്രദേശത്തെ പി.എച്ച്.സി.-കളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ പരിശോധനയും ഇത് സംബന്ധിച്ച ഇലക്ട്രോണിക് ഡാറ്റാ ബേസ് തയ്യാറാക്കൽ, ഫസ്റ്റ് എയ്ഡ് പരിശീലനം എന്നിവയും ലക്ഷ്യമിടുന്നു. 50 ശതമാനം എൽ.പി. സ്കൂളുകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിലും 12-ാം ക്ലാസ് വരെയുള്ള മറ്റ് സ്കൂളുകളിൽ സംസ്ഥാന പദ്ധതി തുക

വിനിയോഗിച്ചും നടപ്പിലാക്കുന്ന സ്കൂൾ ഹെൽത്ത് ആന്റ് വെൽനസ് പ്രോഗ്രാമിനായി 3.10 കോടി രൂപ വകയിരുത്തുന്നു.

**നാഷണൽ ഹെൽത്ത് മിഷൻ**

376. **നാഷണൽ ഹെൽത്ത് മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 465.20 കോടി രൂപ വകയിരുത്തുന്നു.** പദ്ധതിക്കായി 697.80 കോടി രൂപ കേന്ദ്ര വിഹിതമായും പ്രതീക്ഷിക്കുന്നു.

377. പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ് ലഭ്യമാകുന്നതിന് നിയന്ത്രണം അടിച്ചേൽപ്പിച്ചതിനു പുറമേ, ബ്രാൻഡിംഗ് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന പേരിൽ ചില പദ്ധതികളിലെ കേന്ദ്ര സഹായം തടഞ്ഞു വച്ചിരിക്കുന്ന സാഹചര്യമുണ്ട്. 40% പദ്ധതി വിഹിതം സംസ്ഥാനം വഹിക്കുന്ന പദ്ധതികളിൽ പോലും കോ-ബ്രാൻഡിംഗ് നടപ്പിലാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രസർക്കാർ ഇതുവരെയും അംഗീകരിച്ചിട്ടില്ല. വിവിധ തലങ്ങളിൽ ഈ വിഷയം ഉന്നയിച്ചിരുന്നുവെങ്കിലും നാഷണൽ ഹെൽത്ത് മിഷന് കീഴിലും മൂലധനചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതിയിലും (Scheme for Special Assistance to States for Capital Investment) നാളിതുവരെ കേന്ദ്രസഹായം അനുവദിക്കാത്തത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ കൂടുതൽ ഗുരുതരമാക്കിയിരിക്കുകയാണ്.

378. പി.എം.ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ച്ചർ മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 25 കോടി രൂപ വകയിരുത്തുന്നു. ജില്ലാ ആശുപത്രികളിൽ 100, 50 വീതം കിടക്കകളുള്ള ബ്ലോക്കുകളുടെ നിർമ്മാണം, സർക്കാർ മെഡിക്കൽ കോളേജുകളിൽ 50 കിടക്കകളുള്ള ബ്ലോക്കുകളുടെ നിർമ്മാണം എന്നീ പ്രധാന ഘടകങ്ങളടങ്ങിയ ഈ പദ്ധതിക്കുള്ള കേന്ദ്രവിഹിതം 37.50 കോടി രൂപയാണ്.

379. വിവര വിനിമയ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ആരോഗ്യ മേഖലയിൽ നടപ്പാക്കുന്ന ഇ-ഹെൽത്ത് പദ്ധതിക്കായി 27.60 കോടി രൂപ വകയിരുത്തുന്നു.

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

380. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ നിലവിൽ 202 സർക്കാർ ആശുപത്രികളും 364 സ്വകാര്യ ആശുപത്രികളും ഉൾപ്പെടെ 566 ആശുപത്രികൾ എംപാനൽ ചെയ്യപ്പെട്ടിട്ടുണ്ട്. ഭിന്നശേഷിക്കാരും, ട്രാൻസ്ജെൻഡേഴ്സും ഉൾപ്പെടെ 42.45 ലക്ഷം പാവപ്പെട്ട കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നു. ഇതിൽ 22.22 ലക്ഷം കുടുംബങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് മാത്രമാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്. ഇത് പദ്ധതിയുടെ ആകെ ചെലവിന്റെ 10% മാത്രമാണ്. PM-JAY/KASP പദ്ധതിയിലേക്കുള്ള കഴിഞ്ഞ വർഷത്തെ ആകെ ചെലവ് 1692.37 കോടി രൂപയായിരുന്നു. എന്നാൽ നാഷണൽ ഹെൽത്ത്

അതോറിറ്റി അനുവദിച്ചത് 151.34 കോടി രൂപ മാത്രമാണ്.

381. സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ കാരുണ്യ പദ്ധതിക്ക് 2545.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. **2024-25 വർഷത്തേക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി 678.54 കോടി രൂപ വകയിരുത്തുന്നു.** 2024-25 വർഷത്തിൽ 198 കോടി രൂപ കേന്ദ്രവിഹിതമായി പ്രതീക്ഷിക്കുന്നു.

382. തിരുവനന്തപുരത്തെ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ റീജിയണൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ ജില്ലാ ലബോറട്ടറി എന്നിവ നവീകരിക്കുന്നതിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും 7 കോടി രൂപ വകയിരുത്തുന്നു.

383. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് 5.52 കോടി രൂപ വകയിരുത്തുന്നു.

**ആരോഗ്യ വിദ്യാഭ്യാസം**

384. ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിൽ ആകെ 11 മെഡിക്കൽ കോളേജുകളുണ്ട്. കൂടാതെ 2 മെഡിക്കൽ കോളേജുകളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്. നിലവിലുള്ള 9 നഴ്സിംഗ് കോളേജുകൾക്ക് പുറമെ കാസറഗോഡ്, ഇടുക്കി, വയനാട്, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിലായി 5 പുതിയ നഴ്സിംഗ്

കോളേജുകൾ കൂടി ആരംഭിക്കും. **സംസ്ഥാനത്തെ ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ ആകെ വികസനത്തിനായി 401.24 കോടി രൂപ വകയിരുത്തുന്നു.**

385. **റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി തിരുവനന്തപുരം, കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് തിരുവനന്തപുരം, മെഡിക്കൽ കോളേജുകൾ എന്നിവയുടെ സമഗ്ര വികസനത്തിനായി 217.40 കോടി രൂപ അനുവദിക്കുന്നു.**

386. **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർജിക്കൽ റോബോട്ട് സ്ഥാപിക്കുന്ന പുതിയ പദ്ധതിക്കായി 29 കോടി രൂപ വകയിരുത്തുന്നു.**

387. സംസ്ഥാനത്തെ 6 ഡെന്റൽ കോളേജുകളുടെ വികസനത്തിനായി 22.79 കോടി രൂപയും നഴ്സിംഗ് കോളേജുകൾക്കായി 13.78 കോടി രൂപയും വകയിരുത്തുന്നു.

388. മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യ സംസ്കരണ പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തുന്നു.

389. കോഴിക്കോട്, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാൻസർ ചികിത്സാ ഉപകരണങ്ങൾ വാങ്ങുന്നതിന് 14 കോടി രൂപ വകയിരുത്തുന്നു.

390. മെഡിക്കൽ കോളേജുകളിലെ ഉപകരണങ്ങളുടെ AMC ചെലവുകളിലേക്കായി 25.70 കോടി രൂപ വകയിരുത്തുന്നു.

391. തൃശ്ശൂർ, കോട്ടയം, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ 'സ്ട്രോക് സെന്ററുകൾ' സ്ഥാപിക്കുന്ന തിന് 3.50 കോടി രൂപ അനുവദിക്കുന്നു.

392. സർക്കാർ മേഖലയിൽ മൂലകോശ/അസ്ഥിമജ്ജ മാറ്റി വയ്ക്കൽ ചികിത്സ തുടങ്ങേണ്ടത് അനിവാര്യമാണ്. ഈ പുതിയ പദ്ധതിക്കായി കോട്ടയം മെഡിക്കൽ കോളേജിന് 1.50 കോടി രൂപ അനുവദിക്കുന്നു.

393. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ സ്പോർട്സ് ഇൻജുറി ട്രീറ്റ്മെന്റ് ഡിവിഷനും സ്പോർട്സ് പെർഫോമൻസ് ഇംപ്രൂവ്മെന്റ് ഡിവിഷനും സ്ഥാപിക്കുന്ന പുതിയ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

394. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2.58 കോടി രൂപ വകയിരുത്തുന്നു.

395. **മലബാർ കാൻസർ സെന്ററിന് 28 കോടി രൂപ വകയിരുത്തുന്നു. മധ്യകേരളത്തിലെ കാൻസർ സ്പെഷ്യാലിറ്റി ആശുപത്രിയായ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന് 14.50 കോടി രൂപ വകയിരുത്തുന്നു.**

396. കേരള ആരോഗ്യ സർവ്വകലാശാലയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 11.50 കോടി രൂപ വകയിരുത്തുന്നു.

397. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ്, കോഴിക്കോടിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 3.60 കോടി രൂപ വകയിരുത്തുന്നു.

**ആയുഷ്**

398. **ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരമുയർത്തുന്നതിനും ശാക്തീകരണത്തിനും ആധുനികവത്കരണത്തിനുമായി 21.08 കോടി രൂപ വകയിരുത്തുന്നു.**

399. ദേശീയ ആയുഷ് മിഷൻ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ) പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 15 കോടി രൂപ വകയിരുത്തുന്നു.

400. ഹോമിയോപ്പതി ആരോഗ്യ പരിരക്ഷ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ഹോമിയോ ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ക്ലിനിക്കൽ, നോൺ-ക്ലിനിക്കൽ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി നവീകരിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ള വിശാല പദ്ധതിക്കായി 6.89 കോടി രൂപ വകയിരുത്തുന്നു.

**ശുദ്ധജല വിതരണവും മലിനജല നിവാരണവും**

401. **ശുദ്ധജല വിതരണത്തിനും മലിനജല നിവാരണത്തിനുമായി ആകെ 907.10 കോടി രൂപ വകയിരുത്തുന്നു.**

402. ശുദ്ധമായ കുടിവെള്ളം പര്യാപ്തമായ അളവിൽ ഓരോ വീടുകളിലും എത്തിക്കുന്നതിനുള്ള പദ്ധതിയായ ജൽ ജീവൻ മിഷന് 25% സംസ്ഥാന വിഹിതമായി 550 കോടി രൂപ വകയിരുത്തുന്നു. പദ്ധതി ചെലവിന്റെ 15% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്താക്കളും വഹിക്കുന്നതായിരിക്കും. 50% കേന്ദ്രവിഹിതമായി 1100 കോടി രൂപ പ്രതീക്ഷിക്കുന്നു.

**നഗര വികസനം**

403. **സംസ്ഥാനത്തെ നഗരവികസന പരിപാടികൾക്കായി 961.14 കോടി രൂപ വകയിരുത്തുന്നു.**

404. **നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മയും ഭാഗിക തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനുള്ള അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം 165 കോടി രൂപയായി ഉയർത്തുന്നു.** 2024-25 വർഷം 60 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 50% ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും എന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

405. **'ശുചിത്വ കേരളം-നഗര പ്രദേശങ്ങൾക്ക് വേണ്ടിയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതി'-ക്കായി 17 കോടി രൂപ വകയിരുത്തുന്നു.**

406. **ലോകബാങ്ക് വായ്പയോടെ നടപ്പിലാക്കുന്ന കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി**

**റീജിയണൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം 120 കോടി രൂപ വകയിരുത്തുന്നു.**

407. **തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)-യ്ക്കുള്ള ഗ്രാന്റായി 4 കോടി രൂപ വകയിരുത്തുന്നു.**

408. വിശാല കൊച്ചി വികസന അതോറിറ്റിക്ക് 3 കോടി രൂപ വകയിരുത്തുന്നു.

409. **സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാന വിഹിതമായി 100 കോടി രൂപ വകയിരുത്തുന്നു.**

410. ജലസുരക്ഷിതത്വം ഉറപ്പുവരുത്തുക, എല്ലാ കുടുംബ ങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ ആരംഭിച്ച "അടൽ മിഷൻ ഫോർ റിജ്യുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ **(അമൃത്-2.0)" പദ്ധതിക്കായി 134.94 കോടി രൂപ സംസ്ഥാന വിഹിതമായി വകയിരുത്തുന്നു.** തുല്യമായ തുക കേന്ദ്രവിഹിതമായും പ്രതീക്ഷിക്കുന്നു.

411. **'ദീൻ ദയാൽ അന്ത്യോദയ യോജന'ക്കുള്ള സംസ്ഥാന വിഹിതമായി 34.50 കോടി രൂപ വകയിരുത്തുന്നു.**

**വാർത്താ വിതരണവും പ്രചാരണവും**

412. **വാർത്താ വിതരണവും പ്രചാരണവും മേഖലയ്ക്ക് ആകെ 37.20 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ പ്രസ്സ് ഇൻഫർമേഷൻ സർവ്വീസിനായുള്ള 3.59 കോടി രൂപയും

ഓൺലൈൻ പബ്ലിസിറ്റി, ഐ.ടി, ഐ.ഇ.സി. സേവനങ്ങൾക്കായുള്ള 4.21 കോടി രൂപയും വിഷ്വൽ കമ്മ്യൂണിക്കേഷൻ പ്രവർത്തനങ്ങൾക്കായുള്ള 9 കോടി രൂപയും, ഫീൽഡ് പബ്ലിസിറ്റിക്കായുള്ള 8.30 കോടി രൂപയും ഉൾപ്പെടുന്നു.

413. പത്രപ്രവർത്തകരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്കായുള്ള വിഹിതം 50 ലക്ഷത്തിൽ നിന്നും 75 ലക്ഷമായി വർദ്ധിപ്പിക്കുന്നു.

**തൊഴിലും തൊഴിലാളി ക്ഷേമവും**

414. **തൊഴിലും തൊഴിലാളി ക്ഷേമവും മേഖലയിലെ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി 464.44 കോടി രൂപ വകയിരുത്തുന്നു.**

415. **ലേബർ കമ്മീഷണറേറ്റിന് 112.95 കോടി രൂപയും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് 95.95 കോടി രൂപയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) - ന് 30.23 കോടി രൂപയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന് 3 കോടി രൂപയും ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന് 4.50 കോടി രൂപയും നീക്കിവയ്ക്കുന്നു.**

416. തോട്ടം തൊഴിലാളികളുടെ ദുരിതാശ്വാസ നിധിയിലേക്കായി 1.10 കോടി രൂപ വകയിരുത്തുന്നു.

417. **അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യസംരക്ഷണ പദ്ധതിക്കായി 8 കോടി രൂപ വകയിരുത്തുന്നു.** ഇതിൽ അസംഘടിത മേഖലയിലെ

സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം നല്കുന്നതിനുള്ള 6 കോടി രൂപയും ഉൾപ്പെടുന്നു.

418. **പരമ്പരാഗത തൊഴിൽ മേഖലകളായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യ ബന്ധനവും സംസ്കരണവും, കശുവണ്ടി, കയർ, തഴപ്പായ, കരകൗശല നിർമ്മാണം മുതലായ മേഖലകളിലെ തൊഴിലാളികൾക്ക് 1250/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്കായി 90 കോടി രൂപ വകയിരുത്തുന്നു.**

419. നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മൂന്നാറിലെ തൊഴിൽ/തോട്ടം മേഖലകളിലെ ഓഫീസുകൾ, തൊഴിലാളികളുടെ ക്ഷേമവും പരാതി പരിഹാരവും മുൻ നിർത്തി ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി തൊഴിൽ സമുച്ചയം പണികഴിപ്പിക്കും. ആയതിലേക്കായി 2024-25 സാമ്പത്തിക വർഷം 60 ലക്ഷം രൂപ വകയിരുത്തുന്നു.

420. **അതിഥി തൊഴിലാളികൾക്ക് 25,000 രൂപയുടെ ആരോഗ്യ ഇൻഷുറൻസ് സഹായവും, അപകടമരണത്തിന് 2 ലക്ഷം രൂപയും വൈകല്യത്തിന് ഒരു ലക്ഷം രൂപ വരെയും സഹായം ഉറപ്പാക്കുന്ന 'ആവാസ്' പദ്ധതിക്കായി 1.25 കോടി രൂപ വകയിരുത്തുന്നു.**

421. വ്യാവസായിക പരിശീലന വകുപ്പിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള **കേരള അക്കാദമി ഫോർ സ്കിൽസ് ആന്റ്**

**എക്സലൻസ് (KASE)-ന്റെ വിവിധ കർമ്മ പദ്ധതികൾക്കായി 33 കോടി രൂപ വകയിരുത്തുന്നു.**

422. **ഐ.റ്റി.ഐ.-കളുടെ ആധുനികവൽക്കരണത്തിനായി 25 കോടി രൂപ വകയിരുത്തുന്നു.**

423. നിലവിലെ ഐ.റ്റി.ഐ. കളിൽ അധികസൗകര്യം ഏർപ്പെടുത്തി കൂടുതൽ ട്രെയിനികൾക്ക് പരിശീലനം നല്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾക്കായി വ്യാവസായിക പരിശീലന വകുപ്പിന് 4.50 കോടി രൂപ വകയിരുത്തുന്നു.

424. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/ വിവാഹമോചനം നേടിയ/അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, കിടപ്പു രോഗികളുടെ ഭാര്യമാർ എന്നിവർക്ക് സ്വയം തൊഴിൽ നല്കുന്നതിനുള്ള **'ശരണ്യ' പദ്ധതിക്കായി 17 കോടി രൂപ വകയിരുത്തുന്നു.**

425. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 4.50 കോടി രൂപ വകയിരുത്തുന്നു.

**നോർക്ക**

426. **2024-25 സാമ്പത്തിക വർഷം നോർക്കയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 143.81 കോടി രൂപ വകയിരുത്തുന്നു.**

427. ആഗോള മാന്ദ്യത്തിന്റേയും ഗൾഫ് രാജ്യങ്ങളിലെ ദേശീയവൽക്കരണത്തിന്റേയും ഫലമായി കേരളത്തിലേക്ക് തിരികെയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി **സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സുസ്ഥിര ജീവനോപാധി ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച NDPREM പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുന്നു.**

428. **തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസ പുനസംയോജന ഏകോപന പദ്ധതിയ്ക്കായി 44 കോടി രൂപ വകയിരുത്തുന്നു.**

429. കുറഞ്ഞത് രണ്ട് വർഷക്കാലം വിദേശത്ത് ജോലിചെയ്ത് മടങ്ങിവന്ന മലയാളികൾക്ക് 50,000 രൂപ വരെ ചികിത്സാ സഹായം, ഒരു ലക്ഷം രൂപവരെ മരണാനന്തര ധനസഹായം, 15,000 രൂപ വരെ വിവാഹ ധനസഹായം, വൈകല്യമുള്ളവർക്ക് സഹായ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് 10,000 രൂപ വരെ ധനസഹായം എന്നിങ്ങനെ **ഒറ്റത്തവണ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള 'സാന്ത്വന' പദ്ധതിക്ക് വേണ്ടി 33 കോടി രൂപ മാറ്റി വയ്ക്കുന്നു.**

430. **'കേരള ദി നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ്' മുഖേനയുള്ള ക്ഷേമപദ്ധതികൾക്കായി 12 കോടി രൂപ വകയിരുത്തുന്നു.**

**പട്ടികജാതി വികസനം**

431. **പട്ടികജാതി ഉപപദ്ധതിക്കായി 2979.40 കോടി രൂപ വകയിരുത്തുന്നു.** ഇത് സംസ്ഥാന പദ്ധതി അടങ്കലിന്റെ

9.81 ശതമാനമാണ്. ഇതിൽ 1341.30 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമാണ്.

432. പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപയും **പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായമായി 150 കോടി രൂപയും വകയിരുത്തുന്നു.**

433. വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത പട്ടികജാതി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ **പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ സംസ്ഥാനവിഹിതമായി 73 കോടി രൂപ വകയിരുത്തുന്നു.**

434. ഒൻപതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള **പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് സംസ്ഥാന വിഹിതമായി 8 കോടി രൂപ വകയിരുത്തുന്നു.**

435. **പട്ടികജാതി യുവതീ-യുവാക്കളിലെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായുള്ള നൈപുണ്യ വികസന പരിപാടികൾക്ക് 55 കോടി രൂപ വകയിരുത്തുന്നു.**

436. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള **മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് 15 കോടി രൂപ വകയിരുത്തുന്നു. ഇത്**

**കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 2 കോടി രൂപ അധികമാണ്.**

437. **ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വാങ്ങുന്നതിന് 170 കോടി രൂപ വകയിരുത്തുന്നു. ഈ പദ്ധതിയിലൂടെ ഏകദേശം 5000 ഭൂരഹിത പട്ടികജാതി കുടുംബങ്ങളെ സഹായിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.**

438. **ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണത്തിനും ഭവനങ്ങളുടെ നവീകരണത്തിനും പഠന മുറികളുടെ നിർമ്മാണത്തിനുമായി 222.06 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞ സാമ്പത്തിക വർഷ ത്തേക്കാൾ 17 കോടി രൂപ അധികമാണ്.**

439. **പട്ടികജാതി വിഭാഗത്തിലെ സാമ്പത്തികമായും സാമൂഹ്യമായും പിൻതള്ളപ്പെട്ടുപോയ വിവിധ വിഭാഗ ങ്ങൾക്കുള്ള വികസന പരിപാടികൾക്കായി 51 കോടി രൂപ വകയിരുത്തുന്നു.** 2021-22 ലെ അതിദാരിദ്ര്യ സർവ്വേയിൽ കണ്ടെത്തിയിട്ടുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്. പദ്ധതിയുടെ 40% ഗുണഭോക്താക്കൾ വനിതകളായിരിക്കും.

440. ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ **പെൺകുട്ടികളുടെ വിവാഹത്തിനായി മാതാപിതാക്കൾക്ക് / രക്ഷിതാക്കൾക്ക് 1.25 ലക്ഷം രൂപ വീതം വിവാഹ ധനസഹായം നല്കുന്ന പദ്ധതിക്കായി 86 കോടി രൂപ വകയിരുത്തുന്നു.**

441. **പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള 'വാത്സല്യ നിധി' പദ്ധതിക്കായി 2024-25 വർഷം 10 കോടി രൂപ വകയിരുത്തുന്നു.**

442. **ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തുന്നു.**

443. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ രോഗികൾക്കും, വൃദ്ധർക്കും ആരോഗ്യ പരിചരണം നൽകുന്ന **ആരോഗ്യ സുരക്ഷാ പരിപാടിക്കായി 65 കോടി രൂപ വകയിരുത്തുന്നു. ഇത് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 12 കോടി രൂപ അധികമാണ്.**

444. പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഇ-ഗവേണൻസ് സംരംഭങ്ങൾക്കായി 5 കോടി രൂപ വകയിരുത്തന്നു.

445. പട്ടികജാതി ഉപപദ്ധതിക്ക് കീഴിൽ മാനവവിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയവക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കുന്ന **ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് പദ്ധതികൾക്കുള്ള കോർപ്പസ് ഫണ്ടായി 45 കോടി രൂപ വകയിരുത്തുന്നു.**

446. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ഉപപദ്ധതിയിലുൾപ്പെട്ട പരിപാടികൾക്ക് സംസ്ഥാനവിഹിതമായി 17.92 കോടി രൂപ നീക്കിവയ്ക്കുന്നു.** കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന ദീൻദയാൽ

അന്ത്യോദയ യോജന പദ്ധതിയുടെ കേന്ദ്ര വിഹിതമായി 25.69 കോടി രൂപ പ്രതീക്ഷിക്കുന്നു.

**പട്ടികവർഗ്ഗ വികസനം**

447. **പട്ടികവർഗ്ഗ വികസനത്തിനായി 859.50 കോടി രൂപ വകയിരുത്തുന്നു.** ഇത് സംസ്ഥാന പദ്ധതി അടങ്കലിന്റെ 2.83 ശതമാനമാണ്. 2011 സെൻസസ് പ്രകാരമുള്ള പട്ടികവർഗ്ഗ ജനസംഖ്യാ ശതമാനമായ 1.45 ശതമാന ത്തേക്കാൾ ഉയർന്നതാണിത്. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായ 859.50 കോടി രൂപയിൽ 201.55 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമാണ്.

448. **പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും നൽകുന്ന പദ്ധതികൾക്കായുള്ള വിഹിതം കഴിഞ്ഞ വർഷത്തെ വിഹിതമായ 8.75 കോടി രൂപയിൽ നിന്ന് 9.25 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.**

449. പട്ടികവർഗ്ഗ വിഭാഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനുള്ള വിവിധ പദ്ധതികൾക്കായി 32.10 കോടി രൂപ വകയിരുത്തുന്നു.

450. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ സംസ്ഥാനവിഹിതമായി 12 കോടി രൂപ വകയിരു ത്തുന്നു.

451. സംസ്ഥാനത്തിനു പുറത്തുള്ള സർവ്വകലാശാലകളിലും പ്രശസ്തമായ വിദേശ സർവ്വകലാശാലകളിലും **ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥി കൾക്ക് സാമ്പത്തിക സഹായവും ലോജിസ്റ്റിക്**

**പിന്തുണയും നൽകുന്ന പുതിയ പദ്ധതിക്കായി 3 കോടി രൂപ വകയിരുത്തുന്നു.**

452. ആധുനിക നൈപുണ്യ വികസന പരിശീലനം നൽകി പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, ഉപജീവനമാർഗ്ഗത്തിന് വേണ്ടി **സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്നതിനുള്ള പദ്ധതിക്കായി 9 കോടി രൂപ വകയിരുത്തുന്നു.**

453. **പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാസമ്പന്നർക്കിടയിൽ സംരംഭകത്വത്തിനും സ്റ്റാർട്ടപ്പുകൾക്കും പ്രോത്സാഹനം നൽകുന്നതിന് പുതിയതായി വിഭാവനം ചെയ്യുന്ന പദ്ധതിയാണ് 'ഉന്നതി'.** ഗവേഷണവും വികസനവും, വിപണനം, പുതിയ നിക്ഷേപങ്ങൾ, സംരംഭം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സംരംഭകർക്ക് സഹായം നൽകുന്നതാണ്. സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ പ്രാരംഭഘട്ടത്തിൽ ധനസഹായം നൽകും. **ഈ പുതിയ പദ്ധതിക്കായി 2 കോടി രൂപ വകയിരുത്തുന്നു.**

454. വ്യോമയാന മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്ഥ വിദ്യരായവർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്യുന്ന **പുതിയ നൈപുണ്യവികസന പരിപാടിയായ 'വിംഗ്സ്' –ന് 2 കോടി രൂപ വകയിരുത്തുന്നു.**

455. എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ നൽകുന്ന 100 ദിവസ തൊഴിലിനു പുറമെ, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ കൂടി നൽകുന്ന **കേരള ട്രൈബൽ പ്ലസ് പദ്ധതിക്കായി 35 കോടി രൂപ വകയിരുത്തുന്നു.**

456. **മോഡൽ റെസിഡെൻഷ്യൽ സ്കൂളുകൾ/ആശ്രമം സ്കൂളുകൾ, ഏകലവ്യ സ്കൂളുകൾ, സ്പെഷ്യൽ സി.ബി.എസ്.ഇ മോഡൽ റെസിഡെൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ് ചെലവിനായി 57 കോടി രൂപയും** കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പൂർത്തീകരണത്തിനുമായി 5 കോടി രൂപയും വകയിരുത്തുന്നു.

457. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനും, UNICEF നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 5 കോടി രൂപ വകയിരുത്തുന്നു.

458. പട്ടികവർഗ്ഗ യുവതികൾക്കുള്ള വിവാഹ ധനസഹായമായി 6 കോടി രൂപയും സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സഹായമായി 2.50 കോടി രൂപയും കിർത്താഡ്സിന്റെ സഹായത്തോടെ കണ്ടെത്തുന്ന പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള സാമ്പത്തിക സഹായമായി 40 ലക്ഷം രൂപയും വകയിരുത്തുന്നു.

459. പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഗർഭാവസ്ഥയിലും പ്രസവ ശേഷവും ആവശ്യമായ പരിചരണം ഉറപ്പാക്കാൻ ആവിഷ്കരിച്ച **'ജനനി ജന്മരക്ഷ' പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നതിനായി 17 കോടി രൂപ വകയിരുത്തുന്നു.**

460. **പട്ടിക വർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാര കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടിക വർഗ്ഗ മേഖലകളിൽ ആവശ്യമായ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഭക്ഷ്യ സുരക്ഷാ പദ്ധതിക്കായി 25 കോടി രൂപ വകയിരുത്തുന്നു.**

461. **സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിക്കായി 32 കോടി രൂപ വകയിരുത്തുന്നു.**

462. **ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിനു മുൻപായി നിർമ്മാണം തുടങ്ങിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വരുടെ വീടുകളുടെ പൂർത്തീകരണവും, ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യമിടുന്ന പദ്ധതിക്കായി 70 കോടി രൂപ വകയിരുത്തുന്നു.**

463. **പട്ടികവർഗ്ഗ ഉപപദ്ധതിയിലെ ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ്- കോർപ്പസ് ഫണ്ടിലേക്ക് 40 കോടി രൂപ വകയിരുത്തുന്നു.**

464. **അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 40 കോടി രൂപ വകയിരുത്തുന്നു.**

465. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ, പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുക എന്ന

ലക്ഷ്യത്തോടെയുള്ള **'ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം'** പദ്ധതിക്കായി 42 കോടി രൂപ വകയിരുത്തുന്നു.

466. പട്ടികവർഗ്ഗമേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനവശേഷി പിന്തുണക്കായി 33.25 കോടി രൂപ വകയിരുത്തുന്നു.

**മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

467. മറ്റു പിന്നാക്ക വിഭാഗക്കാർക്കുള്ള വിവിധ ക്ഷേമ പദ്ധതികൾക്കായി 167 കോടി രൂപ വകയിരുത്തുന്നു.

468. കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ വകയിരുത്തുന്നു.

469. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനുള്ള വിഹിതം കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിഹിതമായ 6 കോടിയിൽ നിന്ന് 8 കോടി രൂപയായി ഉയർത്തുന്നു.

470. മറ്റു പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം **പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് 5 കോടി രൂപയും പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് 40 കോടി രൂപയും വകയിരുത്തുന്നു.**

471. **മറ്റു പിന്നാക്ക വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വിവിധ പരിപാടികൾക്കായി 13.90 കോടി രൂപ വകയിരുത്തുന്നു.**

472. മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി **സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "കെടാവിളക്ക്" പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തുന്നു.** പദ്ധതിയുടെ 50 ശതമാനം ഗുണഭോക്താക്കൾ പെൺകുട്ടികളായിരിക്കുമെന്ന് കണക്കാക്കുന്നു.

473. **ഒ.ബി.സി, ഇ.ബി.സി, ഡി.എൻ.റ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് "പി.എം. യശസ്വി പ്രീമെട്രിക് സ്കോളർഷിപ്പ്" നൽകുന്നതിനുള്ള സംസ്ഥാന വിഹിതമായി 8 കോടി രൂപയും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള സംസ്ഥാന വിഹിതമായി 58 കോടി രൂപയും വകയിരുത്തുന്നു.**

**ന്യൂനപക്ഷ ക്ഷേമം**

474. **ന്യൂനപക്ഷക്ഷേമത്തിനായി 73.63 കോടി രൂപ വകയിരുത്തുന്നു.**

475. മികച്ച സാമൂഹിക സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ നടപ്പിലാക്കുന്ന **'പി.എം. ജൻവികാസ് കാര്യക്രം' പദ്ധതിയുടെ സംസ്ഥാന വിഹിതമായി 16 കോടി രൂപ വകയിരുത്തുന്നു.**

476. **ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ് പദ്ധതിക്കായി 9.61 കോടി രൂപ വകയിരുത്തുന്നു.**

477. **ന്യൂനപക്ഷക്കാർക്കായുള്ള വിവിധ നൈപുണ്യ വികസന പദ്ധതികൾക്കും തൊഴിലധിഷ്ഠിത പദ്ധതികൾക്കുമായി 7.02 കോടി രൂപ വകയിരുത്തുന്നു.**

478. **ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കണ്ണൂർ വിമാനത്താവളത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 1 കോടി രൂപ വകയിരുത്തുന്നു.**

479. **കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുള്ള ഓഹരി മൂലധനമായി 10 കോടി രൂപ വകയിരുത്തുന്നു.**

480. ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറിയ സാഹചര്യത്തിൽ, ഇത്തരം **വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകുന്നതിനായി 'മാർഗ്ഗദീപം' എന്ന പേരിൽ ഒരു പുതിയ പ്രീമെട്രിക് സ്കോളർഷിപ് പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.**

481. വിവാഹബന്ധം വേർപെടുത്തിയവരോ, വിധവകളോ, ഭർത്താവ് ഉപേക്ഷിച്ചവരോ ആയ **ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന**

തിനായി ആവിഷ്കരിച്ച പുതിയ പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തുന്നു.

### മുന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

482. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 35 കോടി രൂപ വകയിരുത്തുന്നു.

### സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

483. സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും മേഖലയ്ക്കായി 553.31 കോടി രൂപ വകയിരുത്തുന്നു.

484. പാർശ്വവൽക്കരിക്കപ്പെട്ടവരോ അസംഘടിതരോ ആയ വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസം, നൈപുണ്യ വികസനം, ശാക്തീകരണം തുടങ്ങിയ വിവിധ പദ്ധതികൾക്കായി 13 കോടി രൂപ വകയിരുത്തുന്നു.

485. 'അതിജീവനം', നൈപുണ്യ വികസനത്തിനായുള്ള 'പ്രചോദനം', എൻഡോസൾഫാൻ ദുരിതബാധിതരുൾപ്പെടെയുള്ളവർക്കായുള്ള 'സംയോജിത പുനരധിവാസ ഗ്രാമങ്ങൾ' തുടങ്ങിയ പരിപാടികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

486. ഭിന്നശേഷിക്കാർക്കായുള്ള 'ബാരിയർ ഫ്രീ കേരളം' പദ്ധതിയ്ക്ക് 8 കോടി രൂപ വകയിരുത്തുന്നു.

487. നിശ്ചിത തുക ഫീസായി നൽകിക്കൊണ്ട്, വയോജനങ്ങൾക്കായി താമസസൗകര്യം ഉറപ്പു വരുത്തുന്ന 'റിട്ടയർമെന്റ് ഹോംസ്' എന്ന പുതിയ പദ്ധതി സാമൂഹ്യ

നീതി വകുപ്പിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതുൾപ്പടെ വയോജന സംരക്ഷണം ഉറപ്പുവരുത്തുന്ന വിവിധ പദ്ധതികൾക്കായി 6.80 കോടി രൂപ വകയിരുത്തുന്നു.

488. ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി ഒരു പ്രത്യേക നയം പ്രഖ്യാപിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് നമ്മുടേത്. ഇവരുടെ ക്ഷേമം ലക്ഷ്യമിടുന്ന 'മഴവില്ല്' പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തുന്നു.

489. 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ' (NIPMR)-ന് 12.50 കോടി രൂപ വകയിരുത്തുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ

490. എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര പാക്കേജിനായി 17 കോടി രൂപ വകയിരുത്തുന്നു.

491. 'വയോമിത്രം' പദ്ധതിക്കായി 27.50 കോടി രൂപയും, 'അനുയാത്ര' പദ്ധതിക്കായി 20 കോടി രൂപയും, 'ആശ്വാസ കിരണം' പദ്ധതിക്കായി 50 കോടി രൂപയും, 'സ്നേഹപൂർവ്വം' പദ്ധതിക്കായി 17.39 കോടി രൂപയും, 'മിഠായി' പദ്ധതിക്കായി 3.80 കോടി രൂപയും, 'ശ്രുഭയാത്ര', 'ആശ്വാസം', 'ഹസ്തദാനം' എന്നീ പദ്ധതികൾക്കായി 13 കോടി രൂപയും വകയിരുത്തുന്നു.

492. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആന്റ് ഹിയറിംഗിന് 19.50 കോടി രൂപ വകയിരുത്തുന്നു.

**വനിതാ ശിശു വികസനം**

493. **'നിർഭയ' പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

494. **സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.**

495. കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് വേണ്ടി, **സംസ്ഥാനത്തെ 1012 സ്കൂളുകൾ മുഖേന നടപ്പിലാക്കി വരുന്ന 'സൈക്കോ-സോഷ്യൽ' സർവ്വീസസ് പദ്ധതിക്കായി 51 കോടി രൂപ വകയിരുത്തുന്നു.**

496. **ജൻഡർ പാർക്കിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ വകയിരുത്തുന്നു.**

497. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മോഡൽ അംഗൻവാടികളും സ്മാർട്ട് അംഗൻവാടികളും നിർമ്മിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.**

498. കുട്ടികളുടെ സംരക്ഷണവും വികാസവും ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന **'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തുന്നു.**

499. നഗര പ്രദേശങ്ങളിൽ അടുത്തടുത്ത് പ്രവർത്തിച്ച് വരുന്ന വിവിധ അംഗൻവാടികളെയും അവയിലെ ജീവനക്കാരെയും സംയോജിപ്പിച്ചുകൊണ്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് വ്യവസ്ഥ ചെയ്യുന്ന പ്രകാരം, 3 വയസുവരെയുള്ള കുട്ടികൾക്കായി ക്രഷ്, 3 മുതൽ 6 വയസുവരെയുള്ളവർക്കുള്ള പ്രീ-സ്കൂൾ, കൗമാരക്കാരായ

പെൺകുട്ടികൾക്കുള്ള സുരക്ഷിത കേന്ദ്രം എന്നിവ ഒരുക്കുവാൻ ലക്ഷ്യമിട്ടാണ് **തൊഴിലിടങ്ങളിൽ ക്രഷുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിക്കായി 2.20 കോടി രൂപ വകയിരുത്തുന്നു.**

500. കുട്ടികളുടെ സ്ഥാപനേതര പുനരധിവാസത്തിനും സംരക്ഷണത്തിനുമായി **നോൺ ഇൻസ്റ്റിറ്റ്യൂഷണൽ കെയർ ഫോർ ചിൽഡ്രൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കും. ഇതിന്റെ സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ വകയിരുത്തുന്നു.**

**അംഗൻവാടി ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി**

501. **2 ലക്ഷം രൂപ കവറേജ് ലഭിക്കത്തക്ക രീതിയിൽ അംഗൻവാടി ജീവനക്കാർക്കു മാത്രമായി ഒരു പുതിയ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലേക്ക് 2024-25 വർഷത്തേക്കുള്ള വിഹിതമായി 1.20 കോടി രൂപ വകയിരുത്തുന്നു.**

502. **കേരള വനിതാ വികസന കോർപ്പറേഷന്റെ 2024-25 വർഷത്തെ വിവിധ പ്രവർത്തനങ്ങൾക്കായി 17.60 കോടി രൂപ വകയിരുത്തുന്നു.**

503. **സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 5.20 കോടി രൂപ വകയിരുത്തുന്നു.**

504. **2005-ലെ ബാലാവകാശ സംരക്ഷണ നിയമപ്രകാരം പ്രവർത്തിച്ചു വരുന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2.40 കോടി രൂപ വകയിരുത്തുന്നു.**

505. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന പോക്സോ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളുടെ എണ്ണം 28-ൽ നിന്ന് 54 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. **ഈ കോടതികളുടെയും പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന 2 കോടതികളുടെയും പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു.**

506. **സംയോജിത ശിശു വികസന പദ്ധതിയുടെ സംസ്ഥാന വിഹിതമായി 194.32 കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര വിഹിതമായി 291.48 കോടി രൂപ പ്രതീക്ഷിക്കുന്നു.**

507. **സ്ത്രീകളുടെയും കുട്ടികളുടെയും പോഷക ലഭ്യത മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന നാഷണൽ ന്യൂട്രീഷ്യൻ മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നു. കേന്ദ്രവിഹിതമായി 15 കോടി രൂപ പ്രതീക്ഷിക്കുന്നു.**

508. സംസ്ഥാനത്തെ എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസുകളിലും/ഡിപിസി കെട്ടിടങ്ങളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും **നിർമ്മാണം പൂർത്തിയായിട്ടില്ലാത്ത ജില്ലാ ആസൂത്രണ സമിതി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി 2024-25 സാമ്പത്തിക വർഷം 11.76 കോടി രൂപ വകയിരുത്തുന്നു.**

509. സംസ്ഥാന പരിശീലന നയ പരിപാടികൾ, ഗുഡ് ഗവേണൻസ് സെന്റർ, ഫാക്കൽറ്റികൾക്ക് കാര്യശേഷി വികസനം എന്നീ ഘടകങ്ങൾക്കായി **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**

**മാനേജ്മെന്റ് ഇൻ ഗവൺമെന്റ്-ന് (ഐ.എം.ജി) 18.05 കോടി രൂപ വകയിരുത്തുന്നു.**

510. **സബ് രജിസ്ട്രി ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ലെഗസി റെക്കോർഡുകൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയുടെ തുടർനടത്തിപ്പിനായി 9.66 കോടി രൂപ വകയിരുത്തുന്നു.**

511. **കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലാ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 5.24 കോടി രൂപ നീക്കിവയ്ക്കുന്നു.**

**വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ**

512. **വിജിലൻസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 5 കോടി രൂപയും വകുപ്പിന്റെ വിവിധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6.96 കോടി രൂപയും നീക്കിവയ്ക്കുന്നു.**

**പോലീസ്**

513. **പോലീസ് വകുപ്പിൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിവിധ ആധുനികവൽക്കരണ പരിപാടികൾ നടപ്പാക്കുന്നതിനായി ആകെ 150.26 കോടി രൂപ നീക്കിവയ്ക്കുന്നു.**

514. **പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിഹിതമായി 12 കോടി രൂപ നീക്കിവയ്ക്കുന്നു.** കേന്ദ്ര വിഹിതമായി 18 കോടി രൂപ പ്രതീക്ഷിക്കുന്നു.

**ജയിൽ**

515. **ജയിൽ വകുപ്പിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കും ജയിലുകളുടെ നടത്തിപ്പ്, ഭരണം എന്നിവയുടെ ആധുനിക വൽക്കരണത്തിനുമായി 14.50 കോടി രൂപ വകയിരുത്തുന്നു.**

516. **ജയിൽപ്പുള്ളികൾക്കായി നൈപുണ്യവികസന–വിദ്യാഭ്യാസ–ക്ഷേമ പരിപാടികൾ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ വകയിരുത്തുന്നു.**

**ഫയർ & റെസ്ക്യൂ**

517. **ഫയർ & റെസ്ക്യൂ വകുപ്പിന് 74 കോടി രൂപ വകയിരുത്തുന്നു.**

**ദേവസ്വം**

സർ,

518. **ഉത്തരമലബാറിലെ ആചാരസ്ഥാനീയർക്കും കോല ധാരികൾക്കും നൽകിവരുന്ന പ്രതിമാസ ധനസഹായം 1400 രൂപയിൽ നിന്നും 1600 രൂപയായി വർദ്ധിപ്പിക്കുന്നു.**

**നീതിന്യായ വകുപ്പ്**

519. **നീതിന്യായ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 44.14 കോടി രൂപ വകയിരുത്തുന്നു.**

520. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായ ത്തോടെ **ഹൈക്കോടതിയെയും കീഴ്ക്കോടതികളെയും ആധുനികവത്കരിക്കുന്നതിന് 2024-25 സാമ്പത്തിക വർഷം 3.30 കോടി രൂപ നീക്കിവയ്ക്കുന്നു.**

**ജുഡീഷ്യൽ സിറ്റി**

സർ,

521. ബഹു. മുഖ്യമന്ത്രിയും ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസും തമ്മിലുള്ള യോഗത്തിൽ വിപുലമായ ഒരു ജുഡീഷ്യൽ സിറ്റി സ്ഥാപിക്കാൻ തീരുമാനം കൈക്കൊണ്ടിരുന്നു. എറണാകുളം കളമശ്ശേരിയിൽ ഹൈക്കോടതിയും അനുബന്ധ ജുഡീഷ്യൽ ഓഫീസു കളും ഉൾക്കൊള്ളുന്ന ജുഡീഷ്യൽ സിറ്റി സ്ഥാപിക്കും.

522. **ഹൈക്കോടതി, സബോർഡിനേറ്റ് കോടതികൾ, കേരള ജുഡീഷ്യൽ അക്കാഡമി എന്നിവയുടെ ആധുനിക വൽക്കരണത്തിലൂടെ കോടതികളുടെ സുരക്ഷ വർദ്ധിപ്പി ക്കുന്നതിനും മെച്ചപ്പെട്ട പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കുന്നതിനും** സാധിക്കുന്നു. ഈ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി **2024-25 വർഷം 15.04 കോടി രൂപ വകയിരുത്തുന്നു.**

523. **ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനുള്ള സംസ്ഥാന വിഹിതമായി 2024-25**

**സാമ്പത്തിക വർഷം 18 കോടി രൂപ വകയിരുത്തുന്നു.** 27 കോടി രൂപ കേന്ദ്ര വിഹിതമായും പ്രതീക്ഷിക്കുന്നു.

**എക്സൈസ് വകുപ്പ്**

524. **എക്സൈസ് വകുപ്പിന്റെ ആധുനികവൽകരണത്തിന് 9.27 കോടി രൂപ നീക്കിവയ്ക്കുന്നു.**

525. യുവാക്കളിൽ ലഹരി വസ്തുകളുടെ ദൂഷ്യവശത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച **ലഹരി വിരുദ്ധ പ്രചാരണ പരിപാടി യായ 'വിമുക്തി'യുടെ വിവിധ പ്രവർത്തനങ്ങൾക്കായി 2024-2025 വർഷത്തേക്ക് 9.50 കോടി രൂപ വകയിരുത്തുന്നു.**

**ധനകാര്യ വകുപ്പ്**

526. ധനവകുപ്പിന് കീഴിലുള്ള നാഷണൽ സേവിംഗ്സ്, ചീഫ് ടെക്നിക്കൽ എക്സാമിനർ, ഇൻഷുറൻസ് തുടങ്ങിയ ഓഫീസുകളും, ഡയറക്ടറേറ്റുകളും തിരുവനന്തപുരത്ത് വിവിധ മേഖലകളിലാണ് പ്രവർത്തിക്കുന്നത്. മതിയായ സൗകര്യങ്ങളില്ലാത്ത പ്രശ്നങ്ങളുമുണ്ട്. ഈ ഓഫീസുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഒരു ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 20 കോടി രൂപ വകയിരുത്തുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

സർ,

527. സംസ്ഥാനത്ത് 62 ലക്ഷത്തോളം ആളുകൾക്കാണ് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിവരുന്നത്.

രാജ്യത്ത് ഏറ്റവും മികച്ച നിരക്കിൽ പെൻഷൻ നൽകുന്ന സംസ്ഥാനം നമ്മുടേതാണ്. പ്രതിമാസം 1600 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനായി പ്രതിവർഷം വേണ്ടി വരുന്നത് 9000 കോടി രൂപയാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ കൃത്യമായി നൽകാൻ സർക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ മൂലം അത് വൈകുന്ന നിലയുണ്ടായിട്ടുണ്ട്. പെൻഷൻ നൽകാനായി രൂപീകരിച്ച കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി ലിമിറ്റഡ് സമാഹരിച്ച 35,000 കോടി രൂപയിൽ 24,000 കോടി രൂപയും തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ പെൻഷൻ കമ്പനിയിലൂടെ പുതുതായി ധനസമാഹരണം നടത്തി ക്ഷേമപെൻഷൻ സമയബന്ധിതമായി ജനങ്ങളിലേക്കെത്തിക്കാൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നില്ല. പെൻഷൻ കമ്പനിയുടെ ഈ ധനസമാഹരണത്തെ സർക്കാരിന്റെ പൊതുകട മായി കണക്കാക്കി പെൻഷൻ വിതരണത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയാണ്. കൂടാതെ സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നതിന് വെറും നാമമാത്രമായ സഹായമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. അതുപോലും കൃത്യമായി നൽകാത്ത സാഹചര്യമാണ്.

528. അടുത്ത സാമ്പത്തിക വർഷം കൃത്യമായും സമയബന്ധിതമായും സാമൂഹ്യ ക്ഷേമ പെൻഷൻ കൊടുത്തുതീർക്കാനുള്ള പ്രത്യേക നടപടികൾ സർക്കാർ സ്വീകരിക്കും.

## കിഫ്ബി

529. സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികളിലായി 62,454.18 കോടി രൂപയുടെ 1066 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് പദ്ധതി കൾക്കും നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 32,738.25 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പദ്ധതികളിൽ 595 പദ്ധതികൾ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും അതിൽ 14,830.76 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുവാനും കിഫ്ബിയ്ക്ക് സാധിച്ചിട്ടുണ്ട്. നിലവിൽ 21,817.66 കോടി രൂപയുടെ പദ്ധതികൾ പ്രവൃത്തി പുരോഗതിയിലാണ്. അംഗീകാരം നൽകിയ പദ്ധതികളിലേക്കായി നാളിതുവരെ 27,522 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു.

## സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

530. **സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ പുനഃസംഘടന രാജ്യത്ത് തന്നെ ഇത്തരത്തിലുള്ള ആദ്യത്തേതായിരുന്നു. പുനഃസംഘടനയ്ക്ക് ശേഷം നികുതി പിരിവിലും നികുതി ഭരണത്തിലും ഗുണപരമായ ഫലങ്ങൾ**

**ഉണ്ടായിട്ടുണ്ട്. വകുപ്പിനെ മൂന്ന് വിഭാഗങ്ങളായി പുനഃക്രമീകരിച്ചതോടെ നികുതി വെട്ടിപ്പ് ശാസ്ത്രീയമായും ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിച്ചും കണ്ടെത്താൻ കഴിയും.** വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. **സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവൽകരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. റവന്യൂ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിക്കായി 2024-2025 വർഷത്തേക്ക് 3 കോടി രൂപ നീക്കിവയ്ക്കുന്നു.**

531. **ചരക്കുസേവന നികുതി സംബന്ധിച്ച് പൊതു അവബോധ പരിപാടികൾക്കും കാര്യശേഷി വികസനത്തിനുമായി 2024-25 സാമ്പത്തിക വർഷം 4 കോടി രൂപ വകയിരുത്തുന്നു.**

532. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് കീഴിലെ എസ്.ജി.എസ്.ടി, ഇന്റലിജൻസ്, ഓഡിറ്റ് ഓഫീസുകളെ പ്രത്യേക കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനുമായി 3 കോടി രൂപ വകയിരുത്തുന്നു.

533. **ജി.എസ്.ടി വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 3.80 കോടി രൂപ ഉൾപ്പെടെ 6.80 കോടി രൂപ വകയിരുത്തുന്നു.**

**കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്**

534. കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വികസിപ്പിച്ചിട്ടുള്ള **'പ്രോജക്റ്റ് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം' സോഫ്റ്റ്‌വെയറിന്റെ നവീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി കേരളാ സ്റ്റേറ്റ് ആഡിറ്റ് വകുപ്പിന് 2.11 കോടി രൂപ വകയിരുത്തുന്നു.**

**ട്രഷറി വകുപ്പ്**

535. ട്രഷറി പ്രവർത്തനങ്ങൾ പൂർണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 22 ട്രഷറികൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടുതൽ വേഗത്തിലും ഗുണനിലവാരത്തിലുള്ളതുമായ സേവനം ഉറപ്പു വരുത്തുകയാണ് ലക്ഷ്യം. കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനും **അടിസ്ഥാന സൗകര്യവികസനം, WAN നവീകരണം, കമ്പ്യൂട്ടറുകളും മറ്റ് ഐ.ടി. ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ, ക്യൂ മാനേജ്മെന്റ് സിസ്റ്റം എന്നിവ ഉൾപ്പെടുന്ന വിവിധ ഘടകങ്ങൾക്കുമായി 7 കോടി രൂപയും, ട്രഷറികളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ നവീകരണത്തിനായി 7.50 കോടി രൂപയും ഉൾപ്പെടെ ട്രഷറി വകുപ്പിന് 18.60 കോടി രൂപ വകയിരുത്തുന്നു.**

### സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

536. സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായി വിവിധ ഇൻഷ്വറൻസ് സേവനങ്ങൾ നൽകി വരുന്ന കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷമുള്ള കാലയളവിൽ വളരെ അഭിമാനാർഹമായ പ്രവർത്തന പുരോഗതി യാണ് കൈവരിച്ചത്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച ജീവൻ രക്ഷാ പദ്ധതി കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് മികച്ച പരിരക്ഷയാണ് ഉറപ്പു വരുത്തുന്നത്. **സർക്കാർ ജീവനക്കാർക്ക് അവർ വിരമിച്ചതിനു ശേഷം മാസംതോറും ഒരു നിശ്ചിത തുക ലഭ്യമാകുന്ന തരത്തിൽ ഒരു പുതിയ പദ്ധതി 'ആന്വിറ്റി' എന്ന പേരിൽ നടപ്പിലാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടത്തുന്നതാണ്.**

### കെ.എസ്.എഫ്.ഇ

537. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ മികച്ച പ്രവർത്തന മാണ് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.എഫ്.ഇ. കാഴ്ചവച്ചത്. **കേരള സർക്കാരിന്റെ ഡിജിറ്റൽ ഇൻക്യുബേഷൻ പരിപാടിയുടെ ഭാഗമായി അവതരിപ്പിച്ച 'കെ.എസ്.എഫ്.ഇ. പവർ' എന്ന മൊബൈൽ ആപ്പിലൂടെ**

**കെ.എസ്.എഫ്.ഇ യിലെ ചിട്ടി/ലോൺ പദ്ധതികൾ കൂടുതൽ സുതാര്യവും ലളിതവും വേഗതയേറിയതുമായി മാറിയിട്ടുണ്ട്. 2023-24 ൽ പുതുതായി 22 ബ്രാഞ്ചുകൾ ആരംഭിച്ചു. 2024-25 ൽ 50 പുതിയ ബ്രാഞ്ചുകൾ തുടങ്ങാൻ ലക്ഷ്യമിടുന്നു.** കെ.എസ്.എഫ്.ഇ വിവിധ പുതിയ ഉൽപ്പന്നങ്ങളും പ്രവാസി ചിട്ടി മേഖലയിലെ പ്രവർത്തനങ്ങളും വിപുലീകരിക്കും. ധനമേഖലയുമായി ബന്ധപ്പെട്ട വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

538. രാജ്യത്ത് ഏറ്റവും കാര്യക്ഷമതയോടു കൂടി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനമായ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അറ്റലാഭത്തിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. 2020-21 വർഷം 6.58 കോടി രൂപയായിരുന്ന അറ്റലാഭം നടപ്പ് വർഷം നാളിതുവരെ 50.19 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. മൊത്ത നിഷ്ക്രിയ ആസ്തി 3.11 ശതമാനമായി കുറച്ചു കൊണ്ടുവരാനും റിസ്ക് വെയിറ്റഡ് അസറ്റ് റേഷ്യോ 22.85 ശതമാനമായിരുന്നത് 25.58 ശതമാനമായി വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. **സർക്കാർ സഹായത്തോടെ 2023-24 ൽ CMEDP, KAMS, Startups പദ്ധതികൾക്ക് കീഴിൽ 2800-ഓളം വായ്പകളിലൂടെ 846.50 കോടി രൂപ വിതരണം**

**ചെയ്യുകയുണ്ടായി. ഇതിലൂടെ പ്രത്യക്ഷമായും പരോക്ഷ മായും 61,715 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.**

539. സമ്പദ് വ്യവസ്ഥയ്ക്ക് ഊർജ്ജം നൽകുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ലക്ഷ്യമിട്ടു കൊണ്ട് കേരളത്തിൽ ലഭ്യമായിട്ടുള്ള വ്യവസായ അനുയോജ്യ ഭൂമി കണ്ടെത്തി സമാഹരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന് ഉതകും വിധത്തിൽ സംരംഭകർക്ക് വിതരണം ചെയ്യാനായി ഒരു പ്രത്യേക കമ്പനി രൂപീകരിക്കുന്നതാണ്. കെ.എഫ്.സി യുടെ നേതൃത്വത്തിൽ പ്രവാസികൾ, കെ.എസ്.എഫ്.ഇ എന്നിവരുമായി സഹകരിച്ചാണ് 1000 കോടി രൂപയുടെ അംഗീകൃത ഓഹരി മൂലധനമുള്ള ഈ കമ്പനിക്ക് രൂപം നൽകുക. കെ.എഫ്.സി യുടെ ഓഹരി മൂലധനം 100 കോടി രൂപ കൂടി വർദ്ധിപ്പിക്കും.

**മെഡിസെപ്**

540. അപ്രതീക്ഷിതമായുണ്ടാകുന്ന ഉയർന്ന ചികിത്സാ ചെലവുകളിൽ നിന്നും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും ക്യാഷ്‌ലെസ് ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, നിലവിലുണ്ടായിരുന്ന സങ്കീർണമായ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംവിധാനത്തിന് പകരമായി നടപ്പിലാക്കിയ കൂടുതൽ മെച്ചപ്പെട്ട സമഗ്ര

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് 'മെഡിസെപ്പ്'. പ്രതിവർഷം പരമാവധി മൂന്നു ലക്ഷം രൂപവരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന മെഡിസെപ്പ് പദ്ധതിയിൽ നിലവിൽ 553 ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. **ജീവനക്കാരുടേയും പെൻഷൻകാരുടേയും ആശ്രിതർ ഉൾപ്പെടെ മുപ്പത് ലക്ഷത്തോളം പേർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. 2022-23-ൽ പ്രീമിയമായി 491.46 കോടി രൂപ ലഭിച്ചപ്പോൾ 2,45,494 പേർക്ക് 640.49 കോടി രൂപ ക്ലെയിം അനുവദിച്ചു. 2023-24 ൽ ഇതുവരെ 2,31,772 പേർക്ക് 435.07 കോടി രൂപ ക്ലെയിം നൽകിയിട്ടുണ്ട്.**

**സംസ്ഥാന ഭാഗ്യക്കുറി**

541. സംസ്ഥാനത്തെ ഒരു ലക്ഷത്തിൽപ്പരം ആളുകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്ന പ്രധാന മേഖലയാണ് കേരള സംസ്ഥാന ഭാഗ്യക്കുറി. പ്രതിദിനം ഒരു കോടിയോളം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന സംസ്ഥാനത്ത് നടക്കുന്നുണ്ട്. ഈ വിറ്റുവരവിന്റെ 60 ശതമാനവും സമ്മാനങ്ങളായി തന്നെ ജനങ്ങൾക്ക് തിരിച്ചുനൽകുകയാണ്. കൂടാതെ ഭാഗ്യക്കുറി ഏജന്റ് കമ്മീഷൻ, ഡിസ്കൗണ്ട് തുടങ്ങിയവ ഉൾപ്പെടെ വിറ്റുവരവിന്റെ മഹാഭൂരിഭാഗവും ജനങ്ങളിലേക്ക് തന്നെ തിരികെ എത്തുകയാണ്. ഇതു കൂടാതെ കാരുണ്യ പദ്ധതി പോലുള്ള ആരോഗ്യ സുരക്ഷാ പദ്ധതികൾക്കും ലോട്ടറി വരുമാനത്തിൽ നിന്നും പണമെത്തിക്കുന്നു.

542. പുതുതായി ഏജൻസി എടുക്കുന്നവർക്കും ചെറുകിട വില്പനക്കാർക്കും പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകൾ ആവശ്യത്തിന് ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കാനായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർദ്ധിപ്പിക്കുകയും സമ്മാന ഘടന പരിഷ്കരിക്കുകയും ചെയ്യുന്നതാണ്. ഇതിലൂടെ 30000 പേർക്ക് അധിക തൊഴിലവസരം സൃഷ്ടിക്കാൻ സാധിക്കും.

543. സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് മുകൾ നിലകളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ താഴത്തെ നിലകളിലേക്ക് മാറുകയും ഭിന്നശേഷി സൗഹൃദമാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന് വേണ്ടുന്ന സ്ഥലസൗകര്യം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പരിശോധന നടത്തി നടപടികൾ സ്വീകരിക്കും.

## സ്പാർക്ക്

544. സംസ്ഥാന സർക്കാർ/എയിഡഡ് മേഖലയിലെ ജീവനക്കാർക്കാരുടെ നിലവിലെ പേ-റോൾ സംവിധാനം പരിഷ്കരിക്കുന്നതിനായുള്ള **സ്പാർക്ക് വേർഷൻ 2.0 നടപ്പിലാക്കുന്നതിന് 1.83 കോടി രൂപ നീക്കി വയ്ക്കുന്നു.**

**ലാന്റ് റവന്യൂ വകുപ്പ്**

545. പൗരൻമാർക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിന് വിവിധ റവന്യൂ ഓഫീസുകൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ഓഫിസുകൾ നിർമ്മിക്കേണ്ടതുണ്ട്. **റവന്യൂ ഭവൻ നിർമ്മാണത്തിനും വിവിധ റവന്യൂ ഓഫീസുകളുടെയും, സ്മാർട്ട് വില്ലേജുകളുടെയും നിർമ്മാണത്തിനുമായി 49 കോടി രൂപ വകയിരുത്തുന്നു.**

546. **ഗുണനിലവാരമുള്ളതും സുതാര്യവുമായ സേവനങ്ങൾ വേഗത്തിലും ഫലപ്രദമായും ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനായി 26.50 കോടി രൂപ വകയിരുത്തുന്നു.**

**സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി**

547. **സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് 6 കോടി രൂപ വകയിരുത്തുന്നു.**

**വൻകിട പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ**

548. **വിഴിഞ്ഞം പോർട്ട്, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട് തുടങ്ങിയ വൻകിട പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നിർവ്വഹണം സാധ്യമാക്കുന്നതിനായി ആകെ 300.73 കോടി രൂപ വകയിരുത്തുന്നു.**

**കേരള സംസ്ഥാന ഡെവലപ്മെന്റ് & ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)**

549. വിദ്യാഭ്യാസം, നൈപുണ്യ വികസനം, സംരംഭകത്വം, പങ്കാളിത്ത ഭരണം, പൊതുസ്വകാര്യ പങ്കാളിത്ത

ത്തോടെയുള്ള ഗവേഷണം തുടങ്ങി നവീനരീതികൾ സൃഷ്ടിക്കുന്നതിനുള്ള ചുറ്റുപാട് ഉണ്ടാക്കുക എന്നതാണ് K-DISC ന്റെ ലക്ഷ്യം. **ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 2024-2025 സാമ്പത്തിക വർഷം 23 കോടി രൂപ നീക്കി വയ്ക്കുന്നു.**

**നവകേരള കർമ്മപദ്ധതി 2**

550. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായിരുന്ന 4 വികസന ദൗത്യങ്ങൾ സംയോജിപ്പിച്ച് രൂപം നൽകിയ **നവകേരള കർമ്മപദ്ധതി - 2 ന്റെ നടത്തിപ്പിലേക്കായി 9.20 കോടി രൂപ നീക്കിവയ്ക്കുന്നു.**

551. **റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയുടെ അടങ്കൽ തുക കഴിഞ്ഞ സാമ്പത്തിക വർഷത്തെ തുകയായ 904.83 കോടി രൂപയിൽ നിന്ന് 2024-25 ൽ 1000 കോടി രൂപയായി ഉയർത്തുന്നു.**

**ഹരിതകേരളം മിഷൻ**

**ക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്ക്**

സർ,

552. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉപേക്ഷിക്കപ്പെട്ട പാറ ക്വാറികളിൽ മഴക്കാലത്ത് സമൃദ്ധമായി ജലം നിറയുന്ന സ്ഥിതിയുണ്ട്. **ഈ ജലത്തെ ഹരിതോർജ്ജം ഉപയോഗിച്ച് പമ്പ് ചെയ്ത് ജലസേചനത്തിനായി ഉപയോഗിക്കുന്ന ഒരു പദ്ധതി കൊല്ലം ജില്ലയിൽ**

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇത്തരം പദ്ധതികൾക്കായി 3 കോടി രൂപ അനുവദിക്കുന്നു.**

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം**

553. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജൈവ വൈവിദ്ധ്യ മേഖലയാണ് പശ്ചിമഘട്ടം. ലക്ഷക്കണക്കിന് ജനങ്ങൾ അധിവസിക്കുന്ന പശ്ചിമഘട്ടത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ കുറയ്ക്കുന്നതിനും ജനജീവിതം സുരക്ഷിതമാക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം'. ഈ പദ്ധതിയുടെ ഭാഗമായി പശ്ചിമഘട്ടത്തിലെ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിംഗിലൂടെ അടയാളപ്പെടുത്തുകയും അവ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുകയും ചെയ്യും.

**അച്ചടി**

554. **സർക്കാർ പ്രസ്സുകൾ ആധുനികവൽകരിക്കുന്നതിനായി 5.22 കോടി രൂപ വകയിരുത്തുന്നു.**

**പൊതുമരാമത്ത് (കെട്ടിട വിഭാഗം)**

555. പൊതുകെട്ടിടങ്ങൾ നിർമിക്കുന്നതിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കുമായി **2024-25 സാമ്പത്തിക വർഷം**

**പൊതുമരാമത്ത് (കെട്ടിട) വിഭാഗത്തിന് 43 കോടി രൂപ വകയിരുത്തുന്നു.**

**പൊതുവിതരണ വകുപ്പ്**

556. **ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ നിർവ്വഹണ ത്തിനുള്ള സഹായത്തിനായി 41.17 കോടി രൂപ വകയിരുത്തുന്നു.**

557. **'വിശപ്പ് രഹിത കേരളം' പദ്ധതി നടത്തിപ്പിനായി 2 കോടി രൂപ വകയിരുത്തുന്നു.**

558. **സപ്ലൈകോ ഔട്ട്ലെറ്റുകളുടെ നവീകരണത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.**

559. **പൊതുവിതരണ വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2.50 കോടി രൂപ വകയിരുത്തുന്നു.**

**ജീവനക്കാര്യം**

സർ,

560. പങ്കാളിത്ത പെൻഷൻ പദ്ധതി സൃഷ്ടിച്ച അരക്ഷിതത്വം ജീവനക്കാരിൽ വലിയ ആശങ്കയ്ക്ക് വഴിവെച്ചിട്ടുണ്ട്. ഇത് പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ തുടർ പരിശോധനയ്ക്കായി 3 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ സമ്പ്രദായം പുനഃപരിശോധിച്ച് ജീവനക്കാർക്ക് സുരക്ഷിതത്വം നൽകുന്ന ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ആലോചിക്കു

ന്നത്. കേന്ദ്ര സർക്കാരിന് നൽകിയ വിഹിതം തിരികെ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. **ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കും. മറ്റ് സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും.**

സർ,

561. സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലഘട്ടത്തിൽ ശമ്പള പെൻഷൻ പരിഷ്കരണം നടത്തിയ ഏക സംസ്ഥാനം കേരളമാണ്. ഇന്ന് ഇന്ത്യയിലാകെ സർക്കാർ മേഖലയിൽ പബ്ലിക് സർവ്വീസ് കമ്മീഷനുകൾ വഴി നടക്കുന്ന ആകെ നിയമനങ്ങളുടെ 42 ശതമാനവും കേരളത്തിലാണ് എന്ന കണക്കുകൾ പുറത്തുവന്നിരിക്കുന്നു. കേന്ദ്രം കേരളത്തിനർഹതപ്പെട്ട 57,000 കോടി രൂപ വെട്ടിക്കുറച്ചതിനാൽ കടുത്ത പ്രയാസം നാം നേരിടുകയാണ്. ഇതിന്റെ ഒരു ഭാഗമെങ്കിലും ലഭിച്ചാൽ നമ്മുടെ കടുത്ത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കഴിയും. **ഈ സാഹചര്യത്തിലും ജീവനക്കാർക്ക്/പെൻഷൻകാർക്ക് ഒരു ഗഡു ഡി.എ./ ഡി.ആർ ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതാണ്.**

**നവകേരള സദസ്സ്**

562. ജനാധിപത്യ സംവിധാനങ്ങളുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ ഏടാണ് കേരള സർക്കാർ സംഘടിപ്പിച്ച നവകേരള സദസ്സ്. ഒരു സർക്കാരിലെ മുഖ്യമന്ത്രി യുൾപ്പടെ മുഴുവൻ മന്ത്രിമാരും ജനസമക്ഷമെത്തി ചർച്ചകൾ നടത്തുന്നതും ജനങ്ങളിൽ നിന്ന് അഭിപ്രായ ങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതുമായ രീതി ലോകത്ത് തന്നെ ഇത്തരത്തിലാദ്യമാണ്. ഈ ജനാധിപത്യ പരീക്ഷണം വോട്ടർമാരിൽ വിശ്വാസമുള്ള, സ്വന്തം പ്രവർത്തനം സംബന്ധിച്ച് ആത്മവിശ്വാസമുള്ള ഒരു ഭരണകൂടത്തിന് മാത്രമേ നടപ്പിലാക്കാനാവൂ. ദശലക്ഷക്കണക്കിന് ജനങ്ങളാണ് നവകേരള സദസ്സിന്റെ ഭാഗമായത്.

563. നവകേരള സദസ്സിന്റെ ഭാഗമായി നടന്ന ചർച്ചകളിൽ ഉയർന്നുവന്ന അടിസ്ഥാന സൗകര്യവികസന പദ്ധതി കൾക്ക് വേണ്ടിയുള്ള പ്രൊജക്ട് രൂപീകരണത്തിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ 35 കോടി രൂപ നീക്കിവെയ്ക്കുന്നു. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഓരോ നിയമസഭാ മണ്ഡലത്തിലും 25 ലക്ഷം രൂപ വീതം അനുവദിക്കുന്ന താണ്. നവകേരള സദസ്സിൽ വിഭാവനം ചെയ്തതും, കുറഞ്ഞ ചെലവും ഉന്നത നിലവാരവുമുള്ള പദ്ധതികളുടെ വിശദമായ പദ്ധതി രേഖ ആസൂത്രണ സെക്രട്ടറി, പ്ലാനിംഗ് ബോർഡ് മെമ്പർ, ബന്ധപ്പെട്ട ഭരണവകുപ്പിന്റെ സെക്രട്ടറി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി

അംഗീകരിച്ച് അതത് ഭരണവകുപ്പ് മുഖേന നടപ്പിലാക്കു ന്നതാണ്. ഭാവി കേരളത്തിന് ലക്ഷ്യവും മാർഗ്ഗവും നൽകുന്ന ദിശാസൂചകങ്ങളായ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. നവകേരള സദസ്സിലെ നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി സംസ്ഥാനത്തെ വികസന പദ്ധതികളിലെ 1000 കോടി രൂപ ചെലവഴിക്കും.

# ഭാഗം – IV

## വിഭവസമാഹരണം

**വൈദ്യുതി തീരുവ**

564. 1963 മുതൽ സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് യൂണിറ്റിന് 1.2 പൈസ ചുമത്തിയിരുന്നു. ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ആയതിനാൽ ഇത് യൂണിറ്റിന് 15 പൈസയായി വർദ്ധിപ്പിക്കുന്നു. ഇതിലൂടെ 24 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

565. 1963 മുതൽ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് പ്രകാരം ലൈസൻസികൾ വിൽക്കുന്ന ഓരോ യൂണിറ്റിനും നൽകേണ്ട ഡ്യൂട്ടി നിരക്ക് യൂണിറ്റിന് 6 പൈസ എന്നുള്ളത് യൂണിറ്റിന് 10 പൈസയാക്കി കാലോചിതമായി വർദ്ധിപ്പിക്കുന്നു. ഇതിലൂടെ 101.41 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**ജുഡീഷ്യൽ കോടതി ഫീസ്**

566. സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി ജുഡീഷ്യൽ കോർട്ട് ഫീസ് സ്റ്റാമ്പുകളുടെ നിരക്കുകൾ പരിഷ്കരിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തികവർഷത്തെ ബജറ്റ് പ്രസംഗത്തിൽ കോടതി ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയത് പ്രാബല്യത്തിൽ കൊണ്ടുവരാൻ സാധിച്ചിരുന്നില്ല.

567. മുൻകാലങ്ങളിൽ കോടതി ഫീസ് പരിഷ്കരിച്ചിരുന്നത് ഇതിലേക്കായി സർക്കാർ രൂപീകരിക്കുന്ന കമ്മിറ്റിയുടെ ശിപാർശയിന്മേലായിരുന്നു. സംസ്ഥാനത്തെ കോടതി ഫീസ് പരിഷ്കരിക്കുന്നത് സംബന്ധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിലേക്കായി ജസ്റ്റിസ് (റിട്ട) ശ്രീ. വി. കെ മോഹനൻ അധ്യക്ഷനായി ഒരു അഞ്ചംഗ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അതിന്റെ ഇടക്കാല റിപ്പോർട്ട് ഇതിനകം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി താഴെ പറയുന്ന വർദ്ധനവുകൾ വരുത്തുന്നു.

568. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് 138-ാം വകുപ്പിൻ കീഴിൽ ഫയൽ ചെയ്യുന്ന കേസുകളിൽ പ്രത്യേകം കോടതി ഫീസ് ഈടാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോഴും 10 രൂപയായാണ് ഇത് തുടരുന്നത്. ആയത് പരിശോധിച്ച കമ്മിറ്റി നിരസിക്കപ്പെടുന്ന ചെക്കിന്റെ തുക 10,000 രൂപ വരെയുള്ള സംഗതികളിൽ

250 രൂപയായും 10,000 രൂപയിൽ അധികരിക്കുന്ന സംഗതിയിൽ 3 ലക്ഷം രൂപയിൽ കവിയരുത് എന്ന നിബന്ധനയ്ക്ക് വിധേയമായി ചെക്ക് തുകയുടെ 5 ശതമാനം തുകയും കോടതി ഫീസായി ഉയർത്തുന്നു.

569. ഈ ആക്ടിൻ കീഴിൽ അപ്പീൽ ഫയൽ ചെയ്യുന്ന സംഗതികളിൽ കുറ്റാരോപിതൻ സെഷൻസ് കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലിന് 1,000 രൂപയും പരാതിക്കാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന അപ്പീലിൽ, വിചാരണ കോടതിയിൽ ഒടുക്കിയ കോടതി ഫീസിന്റെ പകുതിയ്ക്ക് തുല്യമായ തുകയും കോടതി ഫീസായി ഉയർത്തുന്നു.

570. അതുപോലെ ഹൈക്കോടതി മുമ്പാകെ പരാതിക്കാരൻ ഫയൽ ചെയ്യുന്ന റിവിഷൻ പെറ്റീഷനിൽ ചെക്ക് തുകയുടെ പത്തിലൊന്നും ശിക്ഷാ വിധിയ്ക്കെതിരെ കുറ്റാരോപിതൻ ഫയൽ ചെയ്യുന്ന റിവിഷൻ പെറ്റീഷനുകളിൽ 1500 രൂപയും കോടതി ഫീസായി ഉയർത്തുന്നു.

571. സമാനമായി 1984-ലെ ഫാമിലി കോർട്ട് ആക്ടിൻ കീഴിൽ സംസ്ഥാനത്തെ കുടുംബകോടതികളിൽ 7(1) (സി) വകുപ്പ് പ്രകാരമുള്ള വസ്തു സംബന്ധമായ കേസുകൾ ഫയൽ ചെയ്യുന്നതിന് നിലവിൽ 50/- രൂപയാണ് ഫീസ് ചുമത്തി വരുന്നത്. ആയതും പരിഷ്കരിക്കുവാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. തർക്ക സംഗതിയിലെ തുക ഒരു ലക്ഷം രൂപ കവിയാത്തിടത്ത് 200 രൂപയും ഒരു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ

വരെയുള്ള സംഗതിയിൽ അവകാശപ്പെടുന്ന തുകയുടെ അര ശതമാനവും അഞ്ചു ലക്ഷം രൂപയിൽ അധികരിക്കുന്ന സംഗതികളിൽ പരമാവധി 2 ലക്ഷം രൂപ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവകാശപ്പെടുന്ന തുകയുടെ ഒരു ശതമാനവും കോടതി ഫീസ് ചുമത്തും. ഈ കേസുകളിന്മേൽ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെടുന്ന അപ്പീലുകളിന്മേലും ഇതേ നിരക്കിൽ ഫീസ് ഈടാക്കും.

572. മുൻ ഹൈക്കോടതി ജഡ്ജി ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തെ കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ ആക്ടിൽ ഉചിതമായ ഭേദഗതികൾ കൊണ്ടുവരും. ഇതുവഴി സർക്കാർ 50 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു. കമ്മിറ്റി അതിന്റെ അന്തിമ റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നതിന് അനുസരിച്ച് മറ്റ് മേഖലകളിലും കോടതി ഫീ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**മോട്ടോർ വാഹന വകുപ്പ്**

573. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തുവരുന്ന ഓൾ ഇന്ത്യ ടൂറിസ്റ്റ് ബസുകളുടെ എണ്ണം വളരെ കുറവാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ടതായ ഇത്തരം വാഹനങ്ങൾ താരതമ്യേന നികുതി തുലോം കുറവുള്ള നാഗാലാൻഡ്, അരുണാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേന്ദ്ര സർക്കാരിന്റെ പുതിയ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളുടെ പിൻബലത്തിൽ സംസ്ഥാനത്തു

സ്ഥിരമായി സർവീസ് നടത്തി വരുന്നത് സംസ്ഥാനത്തിന് നികുതി നഷ്ടത്തോടൊപ്പം രജിസ്ട്രേഷൻ ഫീസിനത്തിലും ഫിറ്റ്നസ് ടെസ്റ്റ് ഫീസിനത്തിലും നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇത്തരം വാഹനങ്ങളുടെ രജിസ്ട്രേഷൻ കേരളത്തിൽ തന്നെ നടത്തുന്നതിനായി ടൂറിസ്റ്റ് ബസുകളുടെ നികുതി താഴെ പറയുന്ന പ്രകാരം കുറയ്ക്കുവാൻ തീരുമാനിച്ചു.

| *ക്രമ നം.* | *വാഹനത്തിന്റെ തരം* | *നിലവിലെ ത്രൈമാസ നിരക്ക്* | *നിർദ്ദേശിക്കുന്ന ത്രൈമാസ നിരക്ക്* |
|---|---|---|---|
| 1 | ആൾ ഇന്ത്യ ടൂറിസ്റ്റ് ബസ് (ഓർഡിനറി സീറ്റ്) | Rs.2250/seat | Rs.1500/seat |
| 2 | ആൾ ഇന്ത്യ ടൂറിസ്റ്റ് ബസ് (പുഷ് ബാക്ക് സീറ്റ്) | Rs.3000/seat | Rs.2000/seat |
| 3 | ആൾ ഇന്ത്യ ടൂറിസ്റ്റ് ബസ് (സ്ലീപ്പർ ബർത്ത്) | Rs.4000/berth | Rs.3000/berth |

574. മാത്രമല്ല മറ്റ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത All India Tourist Permit എടുത്ത് ടൂറിസത്തിന്റെ ഭാഗമായി വല്ലപ്പോഴും കേരളത്തിൽ പ്രവേശിക്കുന്ന വാഹനങ്ങളിൽ നിന്നും ടി വാഹനം പ്രവേശിക്കുന്ന തീയതി മുതൽ പരമാവധി 7 ദിവസത്തേക്ക് ത്രൈമാസ നികുതിയുടെ പത്തിൽ ഒരുഭാഗം ഈടാക്കുന്നതിനും 7 ദിവസത്തിൽ കൂടുതൽ ദിവസം സംസ്ഥാനത്ത് തങ്ങുന്ന ബസ്സുകളിൽ നിന്നും ഓരോ മാസത്തേയും നികുതി ഈടാക്കുന്ന തിനുമായി ടാക്സേഷൻ നിയമം ഭേദഗതി ചെയ്യുന്നതാണ്. എന്നാൽ സ്ഥിരമായി കേരളത്തിൽ സർവീസ് നടത്തുന്ന ടൂറിസ്റ്റ് ബസുകളിൽ നിന്നും ത്രൈമാസ നികുതി ഈടാക്കുന്നതിനും വ്യവസ്ഥചെയ്യും.

575. മോട്ടോർ വാഹന വകുപ്പിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഈ വർഷവും ഒറ്റത്തവണ തീർപ്പാക്കാൽ പദ്ധതി തുടരുവാൻ തീരുമാനിച്ചു. നാലു വർഷമോ അതിൽ കൂടുതലോ കുടിശ്ശികയുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് നാലു വർഷത്തെ നികുതിയുടെ 30%വും നോൺ ട്രാൻസ്പോർട്ട് വാഹന ങ്ങൾക്ക് 40%വും അടച്ച് ഇതുവരെയുള്ള കുടിശ്ശിക തീർപ്പാക്കാവുന്നതും പൊളിച്ചു കളഞ്ഞതോ കൈവശ മില്ലാത്തതോ ആയ വാഹനങ്ങളിൽ നിന്നും ഭാവിയിൽ ഉണ്ടാകാവുന്ന ബാധ്യതകൾ ഒഴിവാക്കാവുന്നതുമാണ്.

**എക്സൈസ്**

സർ,

576. സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ ലിറ്ററിന് 30 രൂപ വരെ ഗാലനേജ്

ഫീ ചുമത്തുന്നതിന് അബ്കാരി നിയമം അനുവദി ക്കുന്നുണ്ട്. ആയതു ലിറ്ററിന് പത്തു രൂപയായി നിശ്ചയിക്കുന്നു. ഇതുവഴി 200 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**ജി.എസ്.ടി**

577. ജി.എസ്.ടി നിയമം വന്നതിനു മുൻപുള്ള ചില നികുതി നിയമങ്ങളുടെ കീഴിൽ കുടിശ്ശികയായി സർക്കാരിന് ലഭിക്കാനുള്ളത് ഏതാണ്ട് പതിനാലായിരത്തോളം കോടി രൂപയാണ്. എന്നാൽ ഇതിൽ പല കുടിശ്ശികകളും വളരെ പഴക്കമേറിയതോ ചെറിയ തുകകളോ ആണ്. മുൻകാല നികുതി നിയമങ്ങൾ അവസാനിച്ചിട്ട് ഇപ്പോൾ ഏതാണ്ട് ആറര വർഷമായി; മിക്ക ബിസിനസ്സുകളും ജിഎസ്ടി സംവിധാനത്തിലേക്ക് നീങ്ങിക്കഴിഞ്ഞു. കേരളത്തിലെ വ്യാപാര മേഖലയ്ക്ക്, പ്രത്യേകിച്ച് ചെറുകിട വ്യാപാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനു ആവശ്യമായ നടപടിയായും, സർക്കാരിനു നവകേരള സദസ്സിലൂടെ ലഭിച്ച ധാരാളം നിവേദനങ്ങളുടെ അടിസ്ഥാനത്തിലും **'Amnesty 2024' നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി** പ്രഖ്യാപിക്കുന്നു.

578. **Amnesty 2024** പദ്ധതിയുടെ സവിശേഷതകൾ ഇവയാണ്:

- കേരള മൂല്യ വർധിത നികുതി നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള പൊതുവിൽപ്പന നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർച്ചാർജ് നിയമം

എന്നിവയ്ക്ക് കീഴിലെ കുടിശ്ശികകൾക്കു ഈ പദ്ധതി ബാധകമായിരിക്കും.

- ബാർ ഹോട്ടലുകൾ, ഡിസ്റ്റിലറികൾ ഉൾപ്പടെ പൊതുവില്പ്പന നികുതി നിയമത്തിലെ ടേണോവർ ടാക്സ്, കോമ്പൌണ്ടിങ് നികുതി എന്നിവയുടെ കുടിശ്ശികകൾക്കു ഈ പദ്ധതി ബാധകമായിരിക്കില്ല.
- GST നിയമം വരുന്നതിനു മുൻപ് നടന്ന കച്ചവടത്തെ ആസ്പദമാക്കിയുള്ള നികുതി കുടിശ്ശികകൾക്കു ഈ പദ്ധതി ബാധകമായിരിക്കും.
- ഈ പദ്ധതിയിലൂടെ കുടിശ്ശികകളുടെ പിഴയും പലിശയും പൂർണമായി ഒഴിവാക്കും.
- ഈ പദ്ധതിയിൽ കുടിശ്ശികകളെ അവയിലെ നികുതി തുകയെ അടിസ്ഥാനമാക്കി നാലു സ്ലാബുകളായി തിരിച്ചിട്ടുണ്ട്.
- **ഒന്നാമത്തെ സ്ലാബായ** അൻപതിനായിരം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കും. ആകെ ഉള്ള കുടിശ്ശിക തുകയുടെ ഒരു ശതമാനത്തിൽ താഴെ മാത്രം ആണ് ഈ സ്ലാബിൽ ഉള്ളതെങ്കിലും, ഇത് ഏതാണ്ട് ഇരുപത്തിരണ്ടായിരത്തോളം കുടിശ്ശികകളെ തീർപ്പാക്കുന്നതിനു ഉപകരിക്കും. ഇത് ചെറുകിട വ്യാപാര മേഖലയ്ക്ക് പുത്തൻ ഉണർവേകും.
- **രണ്ടാമത്തെ സ്ലാബായ** അൻപതിനായിരം രൂപ മുതൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള

കുടിശ്ശികകൾക്കു, നികുതി തുകയുടെ 30% അടച്ചാൽ മതിയാകും.

- **മൂന്നാമത്തെ സ്ലാബായ** പത്തു ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്കു രണ്ട് തരം പദ്ധതികളാണ് ഉള്ളത്.
- ഈ സ്ലാബിൽ, അപ്പീലിലുള്ള (നിയമ വ്യവഹാര ത്തിലുള്ള) കുടിശ്ശികകൾക്കു നികുതി തുകയുടെ 40% ഒടുക്കിയാൽ മതിയാകും.
- ഈ സ്ലാബിൽ ഉള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 50% അടച്ചാൽ മതിയാകും.
- **നാലാമത്തെ സ്ലാബായ** ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾക്കും രണ്ട് തരം പദ്ധതികളാണുള്ളത്.
- ഈ സ്ലാബിൽ അപ്പീലിലുള്ള (നിയമ വ്യവഹാര ത്തിലുള്ള) കുടിശ്ശികകൾക്കു നികുതി തുകയുടെ 70% ഒടുക്കിയാൽ മതിയാകും.
- ഈ സ്ലാബിൽ ഉള്ള അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ തീർപ്പാക്കുന്നതിന് നികുതി തുകയുടെ 80% അടച്ചാൽ മതിയാകും.
- Amnesty 2024 പദ്ധതിയിൽ നിർദിഷ്ട തീയതിക്കു മുൻപു ചേരുന്നവർക്കാണ് മേൽപ്പറഞ്ഞ നിരക്കുകൾ; എന്നാൽ

ഈ പദ്ധതിയിൽ ചേരാൻ വൈകിയാൽ പദ്ധതി പ്രകാരം ലഭിക്കുന്ന ആനുകൂല്യം കുറയും.

- ഡിസംബർ 31, 2024 ആയിരിക്കും പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയ്യതി.

579. ഈ പദ്ധതിയിലൂടെ നികുതിദായകർക്ക് ആശ്വാസം നൽകാൻ സാധിക്കും എന്നു മാത്രമല്ല ജി.എസ്.ടി. വകുപ്പിനു നികുതി പിരിവിന് ഊർജ്ജം പകരുന്ന പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സഹായിക്കും.

**രജിസ്ട്രേഷൻ**

580. അവകാശ രേഖകൾ നിക്ഷേപിച്ചുകൊണ്ട് സഹകരണ ബാങ്ക് ഒഴികെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ വായ്പ എടുക്കുന്ന ഇക്വിറ്റബിൾ മോർട്ടഗേജുമായി ബന്ധപ്പെട്ട കരാറുകൾ രജിസ്ട്രേഷൻ, റവന്യൂ രേഖകളിൽ നിലവിൽ രേഖപ്പെടുത്തുന്ന പതിവില്ല. ഇത് ഈടുവെച്ച വിവരംമറച്ചു വച്ചുകൊണ്ട് വീണ്ടും ഈടുവയ്ക്കുകയും വസ്തു കൈമാറ്റം ചെയ്യുന്നതുമായ ക്രമക്കേടുകൾക്കും, പണയത്തിന്റെ കാലാവധിക്ക് ശേഷവും അവകാശ രേഖകൾ ഉടമയ്ക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് തിരികെ ലഭ്യമാകാത്ത സാഹചര്യത്തിനും കാരണമാകുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മറ്റു സംസ്ഥാന ങ്ങളിലെപ്പോലെ ഡെപ്പോസിറ്റ് ഓഫ് ടൈറ്റിൽ ഡീഡിന്റെ രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ രജിസ്ട്രേഷൻ ആക്ടിൽ സംസ്ഥാന ഭേദഗതി കൊണ്ടുവരു ന്നതിനുള്ള നടപടികൾ നടന്നുവരികയാണെങ്കിലും

ഇത്തരം തെറ്റായ പ്രവണത അവസാനിപ്പിക്കുന്നതിനും ഈ മേഖലയിൽ സുതാര്യത കൊണ്ടുവരുന്നതിനും ഒരു ഇടക്കാല നടപടി എന്ന നിലയിൽ, സർക്കാരിന്റെ എക്സിക്യൂട്ടീവ് അധികാരം വിനിയോഗിച്ച്, ഡെപ്പോസിറ്റ് ഓഫ് ടൈറ്റിൽ ഡീഡിന്റെ കരാറുകൾ നിർബന്ധമായും ഓൺലൈനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇപ്രകാരമുള്ള ഫയലിംഗിന് വായ്പാ തുകയുടെ 0.1% നിരക്കിൽ പരമാവധി 10,000 രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫയലിംഗ് ഫീസ് ഇനത്തിൽ ഈടാക്കുന്നതാണ്. ഇതിലൂടെ പ്രതിവർഷം ഏകദേശം 50 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

581. നിലവിൽ, ലീസ് കരാറുകൾക്ക് അവയുടെ കാലാവധി അനുസരിച്ച് വാർഷിക ശരാശരി പാട്ടത്തുകയുടെ ഒരു നിശ്ചിത ശതമാനം നിരക്കിലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കി വരുന്നത്. ലീസ് കരാറുകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനും പാട്ടത്തുക ആധാരത്തിൽ കുറച്ചുകാണിച്ച് നികുതി വെട്ടിക്കുന്നത് തടയുന്നതിനുമായി, വാർഷിക ശരാശരി പാട്ടത്തുകയ്ക്ക് പകരം, പാട്ടത്തിന് നൽകുന്ന ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി നിശ്ചയിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു. കെട്ടിടം മാത്രം കൈമാറ്റം ചെയ്യുന്ന ലീസ് കരാറുകൾക്ക്, കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ ന്യായവിലയോ ആകെ വാടകത്തുകയോ ഏതാണോ കൂടുതൽ, അത് സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കുന്നതിനുള്ള

അടിസ്ഥാനമായി സ്വീകരിക്കുന്നതാണ്. ഇതിനോടൊപ്പം, ലീസ് കരാറുകൾക്ക് നിലവിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി സ്ലാബുകളും പരിഷ്കരിക്കുന്നതാണ്. ഇതിലൂടെ പ്രതിവർഷം ഏകദേശം 40 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

582. ഒരു പാർട്ണർഷിപ്പ് ഫേമിലെ വസ്തുവകൾ മുഴുവനും നിലവിലെ പാർട്ണർമാർ പുതിയ പാർട്ണർമാർക്ക് കൈമാറിയ ശേഷം ഫേമിൽ നിന്നും റിട്ടയർ ചെയ്യുന്നതിലൂടെ വിലയാധാരം ഒഴിവാക്കി വസ്തുകൈമാറ്റം നടക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ചോർച്ച ഒഴിവാക്കുന്നതിനായി, ഒരു പാർട്ണർഷിപ്പ് ഫേമിലെ വസ്തുവകകൾ മുഴുവനും പുതിയ പാർട്ണർമാർക്ക് കൈമാറിയ ശേഷം ഫേമിൽ നിന്ന് വിരമിക്കുന്ന പാർട്ണർമാർ റീകോൺസ്റ്റിട്യൂഷൻ /ഡിസോല്യൂഷൻ കരണങ്ങളാൽ പുതിയ പാർട്ണർമാരുടെ പേരിൽ നടത്തുന്ന വസ്തു കൈമാറ്റങ്ങൾക്ക് വിലയാധാരത്തിന്റെ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുന്നതിന് ആവശ്യമായ ഭേദഗതികൾ 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിൽ കൊണ്ടുവരുന്നതാണ്. ഇതിലൂടെ പ്രതിവർഷം ഏകദേശം 2 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

583. വസ്തു വിൽപ്പന കരാറുകളുടെ രജിസ്ട്രേഷൻ നിയമം മൂലം നിർബന്ധമാണെങ്കിലും, ജനങ്ങൾക്കിടയിൽ അത് രജിസ്റ്റർ ചെയ്യുന്നതിനോട് വിമുഖത കാണുന്നുണ്ട്. വിൽപ്പനക്കരാർ രജിസ്ട്രേഷൻ സമയത്ത് ഫീസ്

അടയ്ക്കേണ്ടി വരുന്നതും പിന്നീട് വസ്തു വിൽപ്പന നടത്തുമ്പോൾ അതേ തുകയ്ക്ക് വീണ്ടും ഫീസ് ഈടാക്കു ന്നതും ഇതിന് കാരണമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വസ്തു വിൽപ്പന കരാറുകളുടെ രജിസ്ട്രേഷൻ പ്രോത്സാഹി പ്പിക്കുന്നതിനായി, വിൽപ്പന കരാർ രജിസ്റ്റർ ചെയ്ത് 6 മാസത്തിനുള്ളിൽ അതേ കക്ഷികൾ തമ്മിൽ വിലയാധാരം രജിസ്റ്റർ ചെയ്യുകയാണെങ്കിൽ, വിൽപ്പന കരാറിന് നൽകിയ രജിസ്ട്രേഷൻ ഫീസ് വിലയാധാരത്തിന്റെ രജിസ്ട്രേഷൻ ഫീസിൽ നിന്ന് കുറച്ച് നൽകുന്നതിന് രജിസ്ട്രേഷൻ ഫീസ് പട്ടിക ഭേദഗതി ചെയ്യുന്നതാണ്.

584. വാണിജ്യബാങ്കുകളിൽ നിന്നും കാർഷിക വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള വായ്പകളും മറ്റു മറ്റാവശ്യങ്ങൾക്കുള്ള വായ്പകളും എടുക്കുന്നതിനുള്ള പണയാധാരങ്ങളും അവയുടെ റീ-കൺവേയൻസ് ആധാരങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ 1% നിരക്കിൽ പരമാവധി 525/- രൂപയാണ് രജിസ്ട്രേഷൻ ഫീസ് ഈടാക്കി വരുന്നത്. ഈ ഇളവ് വാണിജ്യ ബാങ്കുകൾ നൽകുന്ന റിലീസ് ആധാരങ്ങൾക്കും അനുവദിക്കുന്നതാണ്.

585. കേരള മുദ്രപ്പത്ര ആക്റ്റിലെ പട്ടികയിലെ ക്രമനമ്പർ 16 പ്രകാരം, സിവിൽ റവന്യൂ കോടതി, ഗവൺമെന്റ്, കളക്ടർ, മറ്റ് റവന്യൂ ഉദ്യോഗസ്ഥർ എന്നിവർ പുറപ്പെടുവിക്കുന്ന വിൽപ്പന സർട്ടിഫിക്കറ്റുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കി വരുന്നുണ്ട്. ഇത് മറ്റ് സിവിൽ ഉദ്യോഗസ്ഥർ പുറപ്പെടുവിക്കുന്ന വിൽപ്പന സർട്ടിഫിക്കറ്റ

കൾക്കും ബാധകമാക്കുന്നതിനായി, കേരള മുദ്രപ്പത്ര ആക്റ്റിലെ പട്ടികയിലെ ക്രമനമ്പർ 16-ൽ 'സിവിൽ ഓഫീസർ' എന്ന വാക്കുകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി കൊണ്ടുവരുന്നതാണ്.

586. കെട്ടിടങ്ങളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട ആധാര ങ്ങളിൽ, കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി കെട്ടിടത്തിന്റെ മൂല്യം നിർണ്ണയിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കെട്ടിടത്തിന്റെ യഥാർത്ഥ വില കൃത്യമായി ആധാരത്തിൽ കാണിക്കുന്നതിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയുകയാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. സബ് രജിസ്ട്രാർമാർക്ക് നേരിട്ട് ഇപ്രകാരം വില നിർണ്ണയിക്കാനുള്ള സാങ്കേതിക പരിജ്ഞാന മില്ലാത്തതിനാൽ, അംഗീകൃത വാല്യൂവേറ്റർ നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാന ത്തിലാണ് ഇപ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കി വരുന്നത്. എന്നാൽ, അംഗീകൃത വാല്യൂവേറ്റർമാർ നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങളിൽ പലപ്പോഴും കെട്ടിടങ്ങളുടെ വില കുറച്ച് കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നികുതി ചോർച്ച തടയുന്നതിനായി, പ്ലിന്ത് ഏരിയയുടെ അടിസ്ഥാന ത്തിൽ CPWD നിരക്കിൽ കെട്ടിടത്തിന്റെ മൂല്യം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കാ നുള്ള നടപടികൾ സ്വീകരിക്കും. കൂടാതെ, ആധാര ത്തിന്റെ രജിസ്ട്രേഷൻ സമയത്ത്, ഈ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നിശ്ചയിക്കപ്പെട്ട വിലയിൽ

കുറയാത്ത തുകയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി അടച്ചിട്ടുണ്ടെന്ന് പരിശോധിക്കുന്നതിന് പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നതും ആയതിന് 1960-ലെ കേരള മുദ്രപ്പത്ര ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതിയും വരുത്തുന്നതാണ്. കൂടാതെ 500 ച. അടിയിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിട ഉദ്ദേശ്യത്തിനുള്ള കെട്ടിടങ്ങൾ, ഓല, ഓട്, റൂഫിംഗ് ഷീറ്റ് എന്നിവ കൊണ്ട് മേൽക്കൂര നിർമ്മിച്ച ഒറ്റനില കെട്ടിടങ്ങൾ എന്നിവയെ ഈ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ഇത്തരം ആധാരകക്ഷികൾ സ്വയം ഡിക്ലയർ ചെയ്യുന്ന വിലയുടെ അടിസ്ഥാനത്തിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്. ഇതിലൂടെ പ്രതിവർഷം ഏകദേശം 100 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

ലാൻഡ് റവന്യൂ

587. ബാങ്കുകൾ ഭൂമി പണയപ്പെടുത്തി വായ്പകൾ നൽകുന്നുണ്ട്. ഇത്തരം ഭൂമി പണയപ്പെടുത്തലുകൾ ബാങ്കുകൾക്ക് പരിശോധനയ്ക്ക് ലഭ്യമാകത്തവിധത്തിൽ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തുന്നത് ടി ഇടപാടുകളിൽ സുതാര്യത ഉറപ്പാക്കുന്നതാണ്. മോർട്ട്ഗേജ് ഇലക്ട്രോണിക്കായി റിക്കോർഡ് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഇത്തരത്തിൽ മോർട്ട്ഗേജ് രേഖപ്പെടുത്തുന്നതിന് പരമാവധി 1000 രൂപയും, ടി രേഖപ്പെടുത്തൽ ഒഴിവാക്കുന്നതിനായി 300 രൂപയും

ഫീസായി ബന്ധപ്പെട്ട ബാങ്കുകളിൽ നിന്നും ഈടാക്കുന്നതാണ്. ഇതിലൂടെ പ്രതിവർഷം 200 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

588. സ്വാതന്ത്ര്യത്തിന് മുൻപ് വിദേശ പൗരന്മാർക്കും കമ്പനികൾക്കും സർക്കാർ ഭൂമി പാട്ടമായും, ഗ്രാന്റായും വ്യവസ്ഥകളോടെ നൽകിയിരുന്നു. സ്വാതന്ത്ര്യാനന്തരം ടി ഭൂമികൾക്ക് നാളത് കൈവശക്കാരിൽ നിന്നും സർക്കാർ നിയമാനുസരണം പാട്ടം നിശ്ചയിച്ച് പാട്ടത്തുക പിരിച്ചെടുക്കേണ്ടതുണ്ട്. കേരളത്തിൽ ഈയിനത്തിൽ 1,00,312 ഹെക്ടർ ഭൂമി ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ചില കേസുകളിൽ സർക്കാരിന്റെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനുള്ള നിയമ നടപടികളും നടന്നു വരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളിൽ സർക്കാർ താൽപര്യം സംരക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് സർക്കാരിന് ലഭിക്കേണ്ട പാട്ടത്തുക പിരിച്ചെടുക്കുന്ന താണ്.

589. നിലവിൽ ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് ഫ്ളാറ്റുകൾ സ്ഥിതി ചെയ്യുന്ന ഭൂമിയിലെ വിഭജിക്ക പ്പെടാത്ത അവകാശത്തിന് വ്യക്തിഗതമായി ഭൂനികുതി ഒടുക്കി നൽകണമെന്ന ആവശ്യം ഉന്നയിച്ച് വരുന്നു. സംസ്ഥാനത്തെ ഫ്ളാറ്റുകൾ നിൽക്കുന്ന ഭൂമിയിലെ വിഭജിക്കപ്പെടാത്ത അവകാശത്തിന് (ഊടുകൂറവകാശ ത്തിന്) ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ വ്യക്തിഗത മായി ഭൂനികുതി നിരക്കുകൾ ഏർപ്പെടുത്തുന്നതാണ്.

590. സംസ്ഥാനത്തെ ഫെയർവാല്യൂ തുക അവസാനമായി നിശ്ചയിച്ചത് 2010 ലാണ്. തുടർന്ന് ഫെയർവാല്യൂ നിരക്കിൽ കാലാകാലങ്ങളിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്തി വരുന്നു. 2010-നു ശേഷം ഉണ്ടായിട്ടുള്ള വികസനങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമി വിലയിൽ ഉണ്ടായ വർദ്ധന കണക്കിലെടുത്ത് സംസ്ഥാനത്ത് ഫെയർവാല്യൂ കുറ്റമറ്റ രീതിയിൽ പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഫെയർവാല്യൂ കുറ്റമറ്റ രീതിയിൽ പരിഷ്കരിക്കുന്നതോടൊപ്പം ഓരോ വസ്തുവിന്റെയും ഉപയോഗക്രമം അനുസരിച്ചുള്ള ഭൂനികുതി നിർണ്ണയിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നതാണ്.

591. സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ പാട്ടത്തുക കുടിശ്ശിക വരുത്തിയിട്ടുള്ള ധാരാളം വ്യക്തികളും സ്ഥാപനങ്ങളുമുണ്ട്. ഈ തുക പിരിഞ്ഞു കിട്ടുന്നതിനായി ആംനസ്റ്റി സ്കീം കൊണ്ടു വരുന്നതാണ്. ആംനസ്റ്റി സ്കീമിലൂടെ കുടിശ്ശിക തീർക്കുന്ന പാട്ടക്കാർക്ക് പുതുക്കിയ പാട്ട നയപ്രകാരം താഴ്ന്ന നിരക്കിൽ പാട്ടം പുതുക്കി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ആംനസ്റ്റി സ്കീമിലൂടെ കുടിശ്ശിക തീർക്കാത്ത കുടിശ്ശികക്കാരുടെ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതും, ടി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്.

592. നദികളിലെ മണൽവാരൽ 2016 ന് ശേഷം നിലച്ചിട്ടുള്ളതാണ്. നിയമാനുസൃത നടപടികൾ സ്വീകരിച്ച് കൊണ്ട് ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടി പുഴകളിൽ നിന്നും 2024-25 സാമ്പത്തിക വർഷം മണൽവാരൽ പുനരാരംഭിക്കുന്നു. മണൽ നിക്ഷേപമുള്ള മറ്റ് നദികളിൽ നിന്നും ഘട്ടം ഘട്ടമായി മണൽ വാരുന്നതാണ്. ഇതിലൂടെ 200 കോടി രൂപ മൊത്തവരുമാനം പ്രതീക്ഷിക്കുന്നു. മണൽ വാരുന്ന തിലൂടെ നദികളുടെ ജലസംഭരണ ശേഷി വർദ്ധിക്കു ന്നതും, വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതുമാണ്.

**സ്ക്രാപ്പിംഗ് നയം**

593. സംസ്ഥാനം കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പിലാക്കും. ഉപയോഗശൂന്യമായ ഫർണിച്ചർ, കണ്ടംചെയ്ത വാഹനങ്ങൾ തുടങ്ങിയവ നീക്കം ചെയ്യുന്നതിലൂടെ വിവിധ വകുപ്പുകൾക്ക് ധനം സമാഹരിക്കാൻ കഴിയും. ഇതിലൂടെ സർക്കാരിന് ഏകദേശം 200 കോടി രൂപ സമാഹരിക്കാൻ സാധിക്കും.

**ഉപസംഹാരം**

സർ,

594. നമ്മൾ കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ട ഒരു ഘട്ടത്തിലേക്കാണ് കടക്കുന്നത്. കേരളത്തിന്റെ കഴിഞ്ഞ കാലങ്ങളിലെ നേട്ടങ്ങൾ കൂടുതൽ ഉയർത്തിപ്പിടിച്ചു കൊണ്ട് മുന്നോട്ടുപോകുവാൻ കൂട്ടായ പ്രവർത്തനങ്ങൾ

വേണ്ടതുണ്ട്. സംസ്ഥാന സർക്കാരുകളോട് വ്യത്യസ്ത രീതിയിലുള്ള സമീപനങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന് ആദ്യമുന്നയിച്ചത് കേരളമാണ്. ആ ഘട്ടത്തിൽ അത് വേണ്ടത്ര അംഗീകരിക്കപ്പെട്ടിരുന്നോ എന്ന് സംശയമാണ്. രണ്ടോ മൂന്നോ വർഷം മുമ്പ് നമ്മുടെ അർഹമായ കേന്ദ്ര വിഹിതവും ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നതിനെക്കുറിച്ച് പറഞ്ഞു തുടങ്ങിയ ഘട്ടത്തേക്കാൾ മോശമാകുകയാണ് കേന്ദ്രത്തിന്റെ സമീപനം. കൂടുതൽ കൂടുതൽ വെട്ടിക്കുറവുകളാണ് ഓരോ വർഷം കഴിയുമ്പോഴും വരുത്തുന്നത്. ഈ വെട്ടിക്കുറവുകൾ ന്യായീകരിക്കാവുന്നതാണെന്നും വളരെ ചെറിയൊരു തുക മാത്രമേ സംസ്ഥാനത്തിന് കിട്ടാനുള്ളൂ എന്നും പറഞ്ഞ ആളുകൾ നമ്മുടെ ഈ സഭയിൽ തന്നെയുണ്ട്. എന്നാൽ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾ ഭരിക്കുന്ന രാജ്യത്തെ വിവിധ സംസ്ഥാന സർക്കാരുകൾ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന രൂക്ഷമായ അവഗണനയെക്കുറിച്ച് ശക്തമായി പറയുവാനും സമരം ചെയ്യുവാനും തയ്യാറാകുന്നു. സഹകരണ ഫെഡറലിസത്തിനും അവകാശ സംരക്ഷണത്തിനുമായി ഇന്ത്യയിൽ ഉയർന്നുവരുന്ന ശബ്ദത്തിന്റെ ആദ്യ തരംഗമാകാൻ കേരളത്തിന് കഴിഞ്ഞു എന്നത് അഭിമാനത്തോടെ പറയുകയാണ്.

സർ,

595. നമുക്ക് നമ്മുടെ നാടിന് അർഹമായവ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ഒരുമിച്ച് നടത്താൻ കഴിയേണ്ട

തുണ്ട്. ആയിരക്കണക്കിന് വർഷങ്ങളുടെ ചരിത്രമുള്ള നാടാണിത്. അറിയപ്പെടുന്ന കാലത്തെ ചരിത്രം തന്നെ നോക്കിയാൽ യവന സഞ്ചാരികളും ചൈനീസ് വ്യാപാരികളും അറബ് കച്ചടവക്കാരും പിന്നീട് പാശ്ചാത്യ ശക്തികളും കേരളവുമായി ബന്ധം സ്ഥാപിച്ചിരുന്നു. സാംസ്കാരിക പ്രത്യേകതകളാലും പ്രകൃതി വിഭവങ്ങളാലും കാർഷിക മേഖലയാലും സമ്പന്നമായ നാടായിരുന്നു കേരളം. അതുകൊണ്ട് കൂടിയാണ് ലോകമെമ്പാടുമുള്ള സഞ്ചാരികൾ ഇവിടേയ്ക്ക് വന്നത്.

596. സ്വാതന്ത്ര്യസമരത്തിന്റെ കാലഘട്ടത്തിലും ഉജ്ജ്വലമായ സമരങ്ങൾ നടന്ന നാടാണ് നമ്മുടേത്. അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ വലിയ പ്രക്ഷോഭങ്ങൾ ഇവിടെയുണ്ടായി. നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പുരോഗമന–തൊഴിലാളി പ്രസ്ഥാനങ്ങളുടെയും പ്രവർത്തന ത്തിലൂടെ സമൂഹത്തിന് വലിയ മുന്നേറ്റമുണ്ടായി. ഒരു കാലത്ത് സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിമർശിച്ച നമ്മുടെ നാട് ഇന്ന് എല്ലാ മേഖലയിലും നേട്ടങ്ങളുടെ നാടായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

597. ഈ നാടിനെ മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. അതിന് സമസ്ത മേഖലയിലും വിശിഷ്യ സാമ്പത്തിക രംഗത്തും കൂടുതൽ സജീവമായ പ്രവർത്തനങ്ങളും നയ രൂപീകരണവും ഉണ്ടാകണം.

598. അതിരുകൾ ഇല്ലാതാകുകയും ലോകം തന്നെ ചെറുതാവുകയും ചെയ്യുന്ന കാലമാണിത്. മലയാളികൾ ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു. ലോകത്തെ പല വികസിത രാജ്യങ്ങളിലും അധിവസിക്കുന്ന മലയാളികൾ കോവിഡ് കാലത്ത് തിരിച്ചറിഞ്ഞൊരു കാര്യം, ഏറ്റവും മികച്ച ചികിത്സയും സേവനവും സംരക്ഷണവും ലഭ്യമാകുന്നത് കേരളത്തിലാണ് എന്നതാണ്.

599. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും സവിശേഷമായ ഒരു സമ്പത്താണ് നമ്മുടെ പ്രവാസി മലയാളികൾ. നാടിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളിൽ ഏറ്റവും ക്രിയാത്മകമായ സഹായവും സഹകരണവും അവർ നൽകാറുണ്ട്. പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവരെ സഹകരിപ്പിച്ച് വിവിധ മേഖലകളിൽ മൂലധന നിക്ഷേപം നടത്തി വികസന രംഗത്ത് കുതിച്ച് ചാട്ടം സാധ്യമാക്കാൻ നമുക്ക് കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ കാര്യമല്ല. 1957-ലും 1967-ലും മാവൂർ ഗ്വാളിയോർ റയോൺസും തോഷിബ ആനന്ദും പോലെയുള്ള പ്രസ്ഥാനങ്ങളും, ഇന്നും നമ്മളിൽ പലർക്കും പരിചിതമല്ലാത്ത എണ്ണപ്പനക്കൃഷി ഇവിടെ കൊണ്ടുവന്ന സർക്കാരുകളുടെ നാട് കൂടിയാണ് കേരളം. ഇത്തരത്തിൽ മലയാളികളുടെ ജീവിതത്തെയും സൗകര്യങ്ങളെയും കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടു പോകാൻ നമുക്കൊരുമിച്ച് സാധിക്കും. അതിനുള്ള ദിശാസൂചകങ്ങളായ പദ്ധതികളും പ്രഖ്യാപനങ്ങളുമാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വരുന്ന തലമുറകൾക്ക് കൂടി വേണ്ടി ഈ നാടിനെ കൂടുതൽ മികവുറ്റതാക്കാൻ

നമുക്ക് ഒരുമിച്ച് മുന്നേറാം. മഹാകവി വള്ളത്തോളിന്റെ എക്കാലത്തെയും പ്രസക്തമായ വരികൾ ഒന്നു കൂടി നമുക്ക് ഓർമ്മിക്കാം.

*"ഭാരതമെന്ന പേർ കേട്ടാൽ*

*അഭിമാനപൂരിതമാകണം അന്തഃരംഗം*

*കേരളമെന്ന് കേട്ടാലോ തിളയ്ക്കണം*

*ചോര നമുക്ക ഞരമ്പുകളിൽ"*

600. ഇനി ഞാൻ 2023-24 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റുകളുടെയും 2024-25 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെയും സംക്ഷിപ്ത രൂപം അവതരിപ്പിക്കട്ടെ.

**2023-24 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്**

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 126837.06 |
| റവന്യൂ ചെലവ് | 151422.37 |
| റവന്യൂ കമ്മി | (-) 24585.31 |
| മൂലധന ചെലവ് (തനി) | (-) 14348.25 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1527.82 |
| പൊതുകടം (തനി) | 31998.00 |
| പൊതുകണക്ക് (തനി) | 8400.44 |

| | |
|---|---|
| ആകെ കമ്മി | (-) 62.94 |
| വർഷാരംഭ രൊക്ക ബാക്കി | 182.69 |
| വർഷാന്ത്യ രൊക്ക ബാക്കി | 119.75 |

## 2024-25 ലെ ബജറ്റ് എസ്റ്റിമേറ്റ്

*(രൂപ കോടിയിൽ)*

| | |
|---|---|
| റവന്യൂ വരവ് | 138655.16 |
| റവന്യൂ ചെലവ് | 166501.21 |
| റവന്യൂ കമ്മി | (-) 27846.05 |
| മൂലധന ചെലവ് (തനി) | (-) 15596.92 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1086.00 |
| പൊതുകടം (തനി) | 35988.28 |
| പൊതുകണക്ക് (തനി) | 8500.00 |
| ആകെ കമ്മി | (-) 40.69 |
| വർഷാരംഭ രൊക്ക ബാക്കി | 119.75 |
| വർഷാന്ത്യ രൊക്ക ബാക്കി | 79.06 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-) 1420.00 |
| അധിക വിഭവ സമാഹരണം | 1067.00 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 273.94 |

601. സർ, 2024-25–ലെ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തെ ആദ്യ നാല് മാസത്തേക്കുള്ള (2024 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള) വോട്ട് ഓൺ അക്കൗണ്ടും സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.